# സിഐടിയു സന്ദേശം


സിഐടിയു സംസ്ഥാന കമ്മിറ്റി പ്രസിദ്ധീകരണം

2020 ഫെബ്രുവരി വോള്യം: 8. ലക്കം: 7



7 സാമ്പത്തിക അസമത്വവും കോർപറേറ്റ് ഹിന്ദുത്വ അജണ്ടയും
പ്രഭാത് പട്നായക്



11 ജനവിരുദ്ധ ബജറ്റിനെതിരെ പ്രതിഷേധിക്കുക
എ. സിയാവുദീൻ




14 സിഐടിയു 16–ാം ദേശീയ സമ്മേളനം

18 16–ാം ദേശീയ സമ്മേളനം അധ്യക്ഷ പ്രസംഗം



കേരള ബജറ്റ് 34

ജനറൽ സെക്രട്ടറിയുടെ പ്രസംഗം 22

പ്രമേയങ്ങൾ 29

തോന്നുംപടി ചുട്ടെടുത്ത കണക്കുകൾ 30
സി.പി.ചന്ദ്രശേഖർ

സഹകരണ സംഘങ്ങളും കേന്ദ്ര ബജറ്റും 32
പി.എസ്. മധുസൂദനൻ

വിഭാഗീയതയുടെ വികാരം ആളിക്കത്തിക്കുന്നു 36

ഉയരുന്ന അസമത്വങ്ങൾ സാമ്പത്തികത്തകർച്ച 41
ജോസ് റ്റി. എബ്രഹാം

പൗരത്വവും അപരത്വവും 52
വി.കാർത്തികേയൻനായർ



## എഡിറ്റോറിയൽ ബോർഡ്

ചെയർമാൻ
ആനത്തലവട്ടം ആനന്ദൻ

എഡിറ്റർ
എളമരം കരീം

കെ.ഒ. ഹബീബ്
പി. നന്ദകുമാർ
കെ ചന്ദ്രൻപിള്ള

അച്ചടി
പി.കൃഷ്ണപിള്ള മെമ്മോറിയൽ പ്രിന്റിംഗ് & പബ്ലിഷിംഗ് കമ്പനി, തിരുവനന്തപുരം

എഡിറ്റോറിയൽ

# ജനവിരുദ്ധ കേന്ദ്ര ബജറ്റ്

രാജ്യത്തിന്റെ വ്യവസായ വളർച്ചാ നിരക്ക് കുറയുന്നു; തൊഴിലില്ലായ്മ ഉയരുന്നു; ഡോളറുമായുള്ള വിനിമയത്തിൽ രൂപയുടെ മൂല്യം അടിക്കടി ശോഷിക്കുന്നു. കാർഷിക മേഖലയും അനൗപചാരിക മേഖലയും മുമ്പില്ലാത്തവിധം തകർച്ച നേരിടുന്നു. ഇതൊന്നും ഗൗനിക്കാതെ പുരാണേതിഹാസങ്ങളിൽ നിന്നുള്ള ഉദ്ധരണികളുമായി അവതരിപ്പിക്കപ്പെട്ട മോഡി സർക്കാരിന്റെ പുതിയ ബജറ്റ് ഇന്ത്യ നേരിടുന്ന സമകാലിക പ്രശ്നങ്ങളൊന്നും സ്പർശിക്കുന്നില്ല.

2020- 21 വർഷത്തേക്കുള്ള കേന്ദ്ര ബജറ്റ് അവതരിപ്പിച്ചുകൊണ്ട് ധനമന്ത്രി നടത്തിയ പ്രസംഗത്തിൽ തിരുക്കുറൽ മുതൽ കാശ്മീരി കവി ദീനാനാഥ് കൗൾ വരെയുള്ളവരുടെ ഉദ്ധരണികളുമുണ്ടായിരുന്നു- എന്നാൽ ഇന്ത്യയിലെ കോടിക്കണക്കായ പട്ടിണിപാവങ്ങൾക്ക് ആശ്വാസം നൽകുന്ന ഒന്നും ബജറ്റിലില്ല.

ഇന്ത്യ നേരിടുന്ന സാമ്പത്തിക മാന്ദ്യം ചാക്രികമാണെന്ന് (Cyclic) ധനമന്ത്രി ആശ്വാസം കൊള്ളുമ്പോൾ വകതിരിവുള്ള ധനശാസ്ത്രജ്ഞന്മാർ ഇത് ഘടനാപരമായ (Structural) താണെന്ന് ഉറപ്പിച്ചു പറയുന്നു. 2008 മുതൽ ലോകമുതലാളിത്ത സമ്പദ്ഘടന നേരിട്ടുവരുന്ന പ്രതിസന്ധികളിൽ നിന്ന് കരകയറാൻ കൂടുതൽ തീവ്രമായ ഉദാരവൽക്കരണ നയങ്ങളാണ് വികസിത മുതലാളിത്ത രാജ്യങ്ങൾ കൈക്കൊള്ളുന്നത്. സ്വകാര്യവൽക്കരണവും ചെലവ് ചുരുക്കലും വ്യാപകമാണ്. ഇതേപാത തന്നെയാണ് ഇന്ത്യയും തെരഞ്ഞെടുത്തത്. അന്താരാഷ്ട്ര ധനകാര്യസ്ഥാപനങ്ങളുടെ നിർദേശാനുസരണമുള്ള സാമ്പത്തിക പരിഷ്കാരങ്ങളാണ് ഇന്ത്യ ഉൾപ്പെടെയുള്ള ജി- 20 രാജ്യങ്ങളും നടപ്പാക്കുന്നത്. നോട്ടു നിരോധനവും ജിഎസ്ടിയും ഈ നയങ്ങളുടെ ഭാഗമാണ്.

കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക ഉപദേഷ്ടാവായിരുന്ന കൃഷ്ണമൂർത്തി സുബ്രഹ്മണ്യത്തിന്റെ നേതൃത്വത്തിൽ തയാറാക്കിയ 15-ാം സാമ്പത്തിക സർവേ റിപ്പോർട്ടിൽ പറയുന്നത് ഇപ്രകാരമാണ്. "സമ്പത്തുൽപാദകരെ (തൊഴിൽ ചെയ്യുന്നവരാണെന്ന് ധരിക്കരുത്) ബഹുമാനിക്കുകയും ആദരിക്കുകയും ചെയ്യുമെന്നും സമ്പത്തുല്പാദനത്തിന് പിന്നിലെ അദൃശ്യകരങ്ങളെ ശക്തിപ്പെടുത്തുമെന്നും അതിന് തടസമാവുന്ന സർക്കാർ ഇടപെടലുകൾ കുറയ്ക്കുമെന്നും വാഗ്ദാനം ചെയ്യുന്നു" നവ- ഉദാരവൽക്കരണ നയങ്ങൾ ശക്തമായി തുടരുമെന്നർത്ഥം. പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരി വില്പനയിലൂടെ 2.1 ലക്ഷം കോടി രൂപ 2020-21 സാമ്പത്തിക വർഷം വരുമാനം കണ്ടെത്തുമെന്ന് പറഞ്ഞത് ഈ അടിസ്ഥാനത്തിലാണ്. എൽഐസി, ഐഡിബിഐ, റെയിൽവെ, ബെമൽ തുടങ്ങിയവയെല്ലാം വില്പനക്ക് വച്ചിരിക്കുകയാണ്. ഈ നയങ്ങൾക്കെതിരെ പാർല

മെന്റിലെ ഇടതുപക്ഷം ഒഴികെയുള്ള പ്രതിപക്ഷ പാർടികളിൽ എത്രപേർ ശബ്ദമുയർത്തുമെന്ന് കാത്തിരുന്നു കാണാം.

മോഡിയുടെ സർക്കാരിന്റെ ആദ്യ 4 വർഷം, സർക്കാരിന്റെ മുഖ്യ ഉപദേഷ്ടാവായിരുന്ന അരവിന്ദ് സുബ്രഹ്മണ്യം, ഇന്ത്യൻ സമ്പദ്ഘടന ഐസിയുവിലാണെന്നാണ് വിലയിരുത്തിയത്. അദ്ദേഹത്തിന്റെ വാദത്തെ എതിർക്കാൻ ഇപ്പോൾ ചുമതല വഹിക്കുന്ന സാമ്പത്തിക വിദഗ്ദ്ധന്മാർ പല കണക്കുകളും നിരത്തുന്നുണ്ട്. ഇത്രയേറെ അഭ്യാസങ്ങൾ കണക്കിലെ കളിയിലൂടെ നിരത്തിയിട്ടും രാജ്യം നേരിടുന്ന സാമ്പത്തിക മാന്ദ്യത്തിന് മറയിടാൻ ധനകാര്യ മന്ത്രിക്കോ അവരുടെ ടീമിനോ സാധിക്കുന്നില്ല. ജിഡിപി വളർച്ചാ നിരക്ക് 2019- 20 വർഷത്തെ ബജറ്റിൽ പ്രതീക്ഷിച്ച 8% ൽ നിന്ന് 4.8 ശതമാനമായി കുറഞ്ഞു. സമ്പദ്ഘടനയുടെ എല്ലാ മേഖലയെയും മാന്ദ്യം ബാധിച്ചു.

കാർഷിക- ഗ്രാമീണ മേഖലയുടെ ഉദ്ധാരണത്തിനായി ധനമന്ത്രി വാചാലമായി സംസാരിച്ചു. അവരുടെ 16 ഇന പരിപാടി ഭരണപക്ഷ അംഗങ്ങളെ പോലും ആവേശം കൊള്ളിച്ചിട്ടില്ല. ഒന്നാം മോഡി സർക്കാരിന്റെ നയങ്ങൾ ഏറ്റവും ഗുരുതരമായി ബാധിച്ചത്, ഇന്ത്യൻ ജിഡിപിയുടെ 17% നൽകുന്ന കാർഷിക മേഖലയെയും 60 ശതമാനത്തിലേറെ സംഭാവന നൽകുന്ന അനൗപചാരിക മേഖലയെയുമാണ്. ഇന്ത്യൻ കർഷകരുടെ വരുമാനം അടുത്ത 5 വർഷത്തിനുള്ളിൽ ഇരട്ടിയാക്കുമെന്ന് 2016 ൽ അന്നത്തെ ധനകാര്യമന്ത്രി അരുൺ ജെയ്റ്റ്ലി പ്രഖ്യാപിച്ചിരുന്നു. നാലു വർഷത്തിനു ശേഷം നിർമലാ സീതാരാമനും ഇതാവർത്തിക്കുകയാണ്. എന്നാൽ സർക്കാരിന്റെ സാമ്പത്തിക സർവേ റിപ്പോർട്ട് പറയുന്നത് കഴിഞ്ഞ 4 വർഷക്കാലയളവിൽ കാർഷിക രംഗത്തെ വളർച്ച 6.3 ശതമാനത്തിൽ നിന്ന് 2.8 ശതമാനത്തിലേക്ക് ചുരുങ്ങിയെന്നാണ്. കർഷകരുടെ വരുമാനം ഇരട്ടിയാവണമെങ്കിൽ പ്രതിവർഷം വളർച്ച 14 ശതമാനം എന്ന നിലയിലെത്തണം. ജനങ്ങളെ എന്തും പറഞ്ഞ് കബളിപ്പിക്കാമെന്നാണ് ഇക്കൂട്ടർ കരുതുന്നത്.

കർഷകരുടെ ആത്മഹത്യകൾ പെരുകുകയാണ്. കടക്കെണിയിലകപ്പെട്ട കർഷകരെ കടബാധ്യതയിൽ നിന്ന് രക്ഷിക്കാൻ ഒരു നിർദേശവും ബജറ്റിലില്ല. കോർപറേറ്റ് നികുതിയിൽ ഇളവു നൽകുന്ന സർക്കാരിന് കർഷകരോട് താല്പര്യമില്ല. 2020-21 വർഷത്തേക്കുള്ള ബജറ്റിൽ കൃഷി, ജലസേചനം, ഗ്രാമീണ വികസനം എന്നിവക്കായി നീക്കിവച്ച തുക 2.83 ലക്ഷം കോടി രൂപയാണ്. 2019- 20 വർഷത്തിൽ ഇത് 2.68 ലക്ഷം കോടിയായിരുന്നു. ഒരു വർഷത്തെ പണപ്പെരുപ്പ നിരക്ക് കണക്കിലെടുത്താൽ പുതിയ ബജറ്റിൽ നീക്കിയിരുപ്പ് കുറഞ്ഞിരിക്കുകയാണ്. പിഎം കിസാൻ പദ്ധതി 12 കോടി കർഷകർക്ക് നേട്ടമുണ്ടാകുമെന്ന് വാഗ്ദാനം ചെയ്തിരിക്കുന്നു- ഒരു വർഷം കഴിഞ്ഞ് കണക്ക് പറയുന്നത് 6.12 കോടി കർഷകർക്കേ പദ്ധതി ഗുണം ചെയ്തുള്ളൂ എന്നതാണ്. എന്നാൽ ലക്ഷ്യമിട്ടതിന്റെ 50 ശതമാനം 2019 -20 വർഷത്തെ ബജറ്റിൽ കാർഷിക ഉല്പന്നങ്ങൾക്ക് ന്യായവില ലഭ്യമാക്കാൻ പ്രഖ്യാപിച്ച "മിനിമം സപ്പോർട്ട് പ്രൈസ് (MSP)" പദ്ധതിക്ക് 1500 കോടി രൂപ നീക്കിവെച്ചു. എന്നാൽ ചെലവഴിച്ചത് കേവലം 321 കോടി രൂപ മാത്രം.

മഹാത്മഗാന്ധി ഗ്രാമീണ തൊഴിലുറപ്പു പദ്ധതിക്കായി 2019-20 വർഷത്തെ പുതുക്കിയ ബജറ്റിൽ 71,001 കോടി രൂപ നീക്കിവെച്ചിട്ടുണ്ട്. 2020-21 ൽ ആകെ നീക്കിയിരുപ്പ് 61,500 കോടിരൂപമാത്രമാണ്- 9501 കോടി രൂപ കുറവ്. ഗ്രാമീണ മേഖലക്ക് അല്പമെങ്കിലും ആശ്വാസം ലഭിച്ചിരുന്ന തൊഴിലുറപ്പു പദ്ധതിയും ദുർബലമായി. 2014-15 കാലത്ത് 6.22 കോടി ജനങ്ങൾ തൊഴിലുറപ്പ് പദ്ധതിയിൽ ജോലി ചെയ്തിരുന്നുവെങ്കിൽ 2018-19 ൽ അത് 7.7 കോടി ആയി ഉയർന്നു- മറ്റൊരു തൊഴിലവസരവും ഗ്രാമീണ മേഖലയിൽ സൃഷ്ടിക്കപ്പെടുന്നില്ല. ഈ സാഹചര്യത്തിൽ തൊഴി

ലുറപ്പു പദ്ധതികൾക്കുള്ള ബജറ്റ് തുക കുറച്ചത് വലിയ പ്രത്യാഘാതം സൃഷ്ടിക്കും.

പൊതു വിതരണമാണ് ദാരിദ്ര്യ ജനതക്കുള്ള മറ്റൊരാശ്വാസം. ഇതിലും സർക്കാർ കൈയിട്ടുവാരി. 2019-20 ൽ ഭക്ഷ്യ സബ്സിഡിക്കുള്ള തുക 1.84 ലക്ഷം കോടി രൂപ 2020-21 ലെ തുക 1.08 കോടി രൂപ മാത്രം. ഭക്ഷ്യ വസ്തുക്കൾ ഉൾപ്പെട്ട അവശ്യവസ്തുക്കൾക്കെല്ലാം വില കയറുമ്പോൾ പൊതുവിതരണത്തെയും സർക്കാർ അവതാളത്തിലാക്കുന്നു. ജനങ്ങൾക്ക് തൊഴിൽ നൽകാതെയും അവരുടെ കൈയിൽ വരുമാനമെത്തിക്കാതെയും എങ്ങനെയാണ് സാമ്പത്തിക വളർച്ച നേടുക?

ലോകത്തിലെ അഞ്ചാമത്തെ സാമ്പത്തിക ശക്തിയായ ഇന്ത്യയെ അടുത്ത 5 വർഷത്തിനുള്ളിൽ 5 ട്രില്യൻ ഡോളർ ഇക്കണോമിയായി ഉയർത്തുക എന്നതായിരുന്നു കഴിഞ്ഞ ബജറ്റ് പ്രസംഗത്തിൽ ധനമന്ത്രി ലക്ഷ്യമായി പ്രഖ്യാപിച്ചത്. നിലവിൽ 2.9 ട്രില്യൻ (1 ട്രില്യൻ = 1 ലക്ഷം കോടി) ഡോളർ സമ്പദ്ഘടനയാണ് ഇന്ത്യ. 2024 ആണ് ധനമന്ത്രി ലക്ഷ്യം വച്ചത്. പുതിയ ബജറ്റിൽ ലക്ഷ്യം 2020-25 വർഷമാക്കി മാറ്റി. എന്തായാലും സാമ്പത്തിക മാന്ദ്യത്തിൽ നിന്ന് കരകയറാതെ ഈ ലക്ഷ്യം നേടാനാവില്ല. പ്രതിവർഷം 8-9 ശതമാനം തോതിൽ ജിഡിപി വളർന്നാലെ 2025 ൽ 5 ട്രില്യൻ ഡോളർ സമ്പദ്ഘടനയായി ഇന്ത്യ മാറൂ. എന്നാൽ ഏത് വലിയ ശുഭാപ്തി വിശ്വാസിക്കും സ്വപ്നം കാണാൻ കഴിയാത്ത കാര്യമാണിത്.

ചരിത്രത്തെ വളച്ചൊടിക്കലും വ്യാജ ചരിത്ര നിർമിതിയും ഫാസിസ്റ്റുകളുടെ സഹജ സ്വഭാവമാണ്. ഇന്ത്യാ ചരിത്രം തിരുത്തി എഴുതണമെന്ന ആഭ്യന്തര മന്ത്രി അമിത്ഷായുടെ പ്രസംഗം ഓർക്കുക. പുതിയ ബജറ്റ് പ്രസംഗത്തിൽ ധനമന്ത്രി പറഞ്ഞ "സരസ്വതി- സിന്ധു നാഗരികത" ഏവരെയും അമ്പരപ്പിച്ചു. നാളിതുവരെ നാം കേട്ടത് സിന്ധുനദീതട സംസ്കാരത്തെ കുറിച്ചാണ്. എന്നാൽ സരസ്വതി നദിയെ അടിസ്ഥാനമാക്കി ഇന്ത്യയിൽ ഒരു സംസ്കാരം നിലനിന്നിരുന്നു എന്ന് ആധികാരികമായി ആരും പറഞ്ഞിട്ടില്ല. ഒരു തെളിവും ചരിത്രകാരന്മാർ ഈ വാദത്തിന് ഉപോൽബലകമായി നിരത്തിയിട്ടില്ല. ചരിത്ര രേഖകളുടെ പിൻബലമില്ലാത്ത ഒരു പുസ്തകത്തെ അവലംബിച്ചാണ് ബജറ്റ് പ്രസംഗത്തിലെ ഈ പ്രയോഗം. ഇന്ത്യയുടെ ബജറ്റ് രേഖയിൽ ഇത് ഔദ്യോഗിക രേഖയായി കിടക്കും- ബോധപൂർവമാണ് ഈ പ്രയോഗം. സംഘപരിവാറിന് ചരിത്രത്തിനും സാമ്പത്തിക ശാസ്ത്രത്തിനും ഒന്നിനും തെളിവുകളുടെ പിൻബലം വേണ്ട.

രാജ്യത്തിന്റെ വ്യവസായ വളർച്ചാ നിരക്ക് ഐപിപി (Index of Industrial Production) താഴോട്ടാണ്. ഓട്ടോമൊബൈൽ വ്യവസായം മാന്ദ്യത്തിൽ നിന്ന് കരകയറിയിട്ടില്ല. 10 ലക്ഷം തൊഴിലാളികൾക്കാണ് ജോലി നഷ്ടമായത്. തൊഴിലില്ലായ്മ സർവകാല റെക്കോഡിലെത്തിയത് ഈ സാഹചര്യത്തിലാണ്. വ്യവസായ ഉൽപന്നങ്ങൾ വാങ്ങാൻ ജനങ്ങൾക്ക് വരുമാനമില്ലെങ്കിൽ ഉൽപാദനം കുറക്കേണ്ടി വരും. അതാണ് മാന്ദ്യത്തിലേക്ക് രാജ്യത്തെ നയിക്കുന്ന സാഹചര്യം. ഇതൊന്നും കണ്ടില്ലെന്നു നടിച്ച് പുതിയ മുദ്രാവാക്യങ്ങളും വാഗ്ദാനങ്ങളുമായി മുന്നോട്ടുപാകാനാണ് മോഡി സർക്കാർ ശ്രമിക്കുന്നത്. - ഇന്ത്യയിലെ മധ്യവർഗങ്ങളുടെ പ്രതീക്ഷകളെപോലും നിറവേറ്റാൻ ബജറ്റിന് കഴിഞ്ഞിട്ടില്ല. അതാണ് ബജറ്റവതരണം കഴിഞ്ഞ് ഏതാനും മിനിറ്റുകൾക്കകം ഓഹരി വിപണിയിൽ വലിയ ഇടിവുണ്ടായത്.

ജനങ്ങളുടെ ജീവിതപ്രശ്നങ്ങൾക്കൊന്നിനും പരിഹാരം കാണാൻ കഴിയാത്ത ഭരണക്കാർ ജനശ്രദ്ധ വൈകാരിക പ്രശ്നങ്ങളിലേക്ക് തിരിച്ചുവിടുകയാണ്. കാശ്മീർ പ്രശ്നം, പൗരത്വഭേദഗതി നിയമം തുടങ്ങിയ ഉദാഹരണം. ഈ കള്ളക്കളി ജനങ്ങൾ മനസിലാക്കി തുടങ്ങിയെന്ന് മഹാരാഷ്ട്ര, ഹരിയാന, ഝാർഖണ്ട് തെരഞ്ഞെടുപ്പ് ഫലങ്ങൾ സൂചിപ്പിച്ചതാണ്. - ഡൽഹി അതൊരിക്കൽ കൂടി ഊന്നിപ്പറഞ്ഞു. മോഡി സർക്കാരിന്റെ ജനവിരുദ്ധ നയങ്ങൾക്കെതിരെ പുതിയ ഒരു ജനശക്തി ഉയർന്നു വരുന്നുണ്ട്.



# സാമ്പത്തിക അസമത്വവും കോർപ്പറേറ്റ് ഹിന്ദുത്വ അച്ചുതണ്ടും



പ്രഭാത് പട്നായക്

സമ്പത്തിന്റെ സ്ഥിതിവിവരകണക്കുകൾ വിശ്വാസയോഗ്യമല്ല. സമ്പത്തിന്റെ വിതരണത്തിന്റെ സ്ഥിതിവിവരക്കണക്കുകൾ ആകട്ടെ ഒട്ടും വിശ്വസിക്കാവുന്നതല്ല. സമ്പൂർണമായ കണക്കുകളിൽ അത്രയൊന്നും വിശ്വസമർപ്പിക്കാനാവില്ല. എന്നാൽ രാഷ്ട്രങ്ങൾക്കിടയിലെ താരതമ്യങ്ങളെയും ജനസംഖ്യയിലെ ഉയർന്ന പ്രത്യേക വിഭാഗങ്ങൾക്കിടയിലെ ഓഹരിയുടെ നീക്കങ്ങളെയും ഈ സമ്പൂർണ സ്ഥിതിവിവരക്കണക്കുകളിലെ ദൗർബല്യം ബാധിക്കാനിടയില്ല.

വരേണ്യരായ ഒരു ശതമാനത്തിന്റെ മൊത്തം സമ്പത്ത് പരിഗണിക്കുമ്പോൾ ഇന്ത്യയിൽ സാമ്പത്തിക അസമത്വം വർധിക്കുകയാണ് എന്നത് വസ്തുതയാണ്. ആധുനികവും പുതുതായി ഉദയം കൊള്ളുന്നതുമായ രാജ്യങ്ങളിൽ സാമ്പത്തിലെ അസമത്വം കൂടുതലാണെന്നതും വസ്തുതയാണ്.

ആധുനികവും പുതുതായി വളരുന്നതുമായ രാജ്യങ്ങളിൽ സമ്പത്തിന്റെ ഏറ്റവും അസമമായ വിതരണം നടക്കുന്നത് ഇന്ത്യയിലാണ്. 2019 ലെ ഇന്ത്യൻ ജനസംഖ്യയിലെ ഏറ്റവും ഉയർന്ന ഒരു ശതമാനം കൈവശം വയ്ക്കുന്ന സമ്പത്തിനേക്കാൾ കൂടുതൽ സമ്പത്തു കൈവശം വയ്ക്കുന്ന ഒരു ശതമാനം പ്രമാണിമാരുള്ളത് വ്ളാദിമിർ പുടിന്റെ റഷ്യയിലും ബോൾസനാറോയുടെ ബ്രസീലിലും മാത്രം.









**അഫ്ഘാനിസ്ഥാൻ ഒഴികെയുള്ള എല്ലാ ദക്ഷിണേഷ്യൻ രാജ്യങ്ങളിലെ കണക്കുകൾ നോക്കിയാൽ സാമ്പത്തിക അസമത്വം ഏറ്റവും കൂടുതൽ ഇന്ത്യയിൽ ആണെന്ന് കാണാം. എല്ലാ കാലത്തും ഇങ്ങനെ ആയിരുന്നില്ല. നവ ലിബറൽ സാമ്പത്തിക പരിഷ്കാരങ്ങൾ നടപ്പാക്കിയത് മുതലാണ് അയൽരാജ്യങ്ങളെ പിന്നിലാക്കിക്കൊണ്ട് ഇന്ത്യയിലെ സാമ്പത്തിക അസമത്വം കുതിച്ചു ഏറ്റവും മോശം നിലയിലെത്തിയത്. എങ്ങനെയാണു ഇന്ത്യ സാമ്പത്തിക അസമത്വത്തിന്റെ കാര്യത്തിൽ ഏറ്റവും മോശം നിലയിൽ എത്തിയത്?**

2019 ലെ ക്രെഡിറ്റ് സ്യൂസിയുടെ ഗ്ലോബൽ വെൽത്ത് റിപ്പോർട് പ്രകാരം ധനാഢ്യരായ ഒരു ശതമാനത്തിന്റെ സമ്പത്ത് (45%) ജപ്പാൻ (18 %), ഇറ്റലി (18 %), ഫ്രാൻസ് (22 %), ബ്രിട്ടൻ (29 %), ചൈന(30 %), ജർമനി(30 %), അമേരിക്ക (35 %) എന്നീ രാജ്യങ്ങളെക്കാൾ മുകളിലാണ്.

പുരോഗതി നേടിയതും പുതുതായി ഉദയം ചെയ്തതുമായ മിക്കവാറും സമ്പദ്ഘടനകളിൽ 2000 നും 2019 നും ഇടയ്ക്ക് ഈ നിരക്ക് വർധിച്ചു. ഇന്ത്യയുടെ കാര്യത്തിൽ ഇത് ഈ കാലയളവിൽ 38 ശതമാനത്തിൽ നിന്ന് 45 ശതമാനമായി വർധിച്ചു. ഏതു മാനദണ്ഡം നോക്കിയാലും, അത് ഗിനി കോ എഫിഷ്യന്റ് ആയാലും ലോകത്തെ ഏറ്റവും കൂടുതൽ സമ്പത്തുള്ള പത്തു ശതമാനവും ഏറ്റവും കുറവ് സമ്പത്തുള്ള പത്തു ശതമാനവും തമ്മിലുള്ള അനുപാതക്കണക്കായാലും ഇന്ത്യയുടെ സാമ്പത്തിക അസമത്വം അതിന്റെ അയൽ രാജ്യങ്ങളെക്കാൾ എത്രയോ വലുതാണ്.

അഫ്ഘാനിസ്ഥാൻ ഒഴികെയുള്ള എല്ലാ ദക്ഷിണേഷ്യൻ രാജ്യങ്ങളിലെ കണക്കുകൾ നോക്കിയാൽ സാമ്പത്തിക അസമത്വം ഏറ്റവും കൂടുതൽ ഇന്ത്യയിൽ ആണെന്ന് കാണാം. എല്ലാ കാലത്തും ഇങ്ങനെ ആയിരുന്നില്ല. നവ ലിബറൽ സാമ്പത്തിക പരിഷ്കാരങ്ങൾ നടപ്പാക്കിയത് മുതലാണ് അയൽരാജ്യങ്ങളെ പിന്നിലാക്കിക്കൊണ്ട് ഇന്ത്യയിലെ സാമ്പത്തിക അസമത്വം കുതിച്ചു ഏറ്റവും മോശം നിലയിലെത്തിയത്.

എങ്ങനെയാണു ഇന്ത്യ സാമ്പത്തിക അസമത്വത്തിന്റെ കാര്യത്തിൽ ഏറ്റവും മോശം നിലയിൽ എത്തിയത്? ഉയർന്ന വളർച്ചക്കൊപ്പം ഇത്തരം അസമത്വവും ഉണ്ടാകും എന്ന ഉത്തരമാണ് ഈ ചോദ്യത്തിനുള്ള മറുപടിയായി പെട്ടെന്നു ലഭിക്കുക. ഇന്ത്യയിൽ സമ്പദ്ഘടന വളരുന്നതിനൊപ്പം അസമത്വവും വളരുന്നതിൽ അദ്ഭുതപ്പെടാനില്ല. നവലിബറൽ കാലത്തു പ്രത്യേകിച്ചും. ഈ വാദം സമർത്ഥിക്കാൻ മുന്നോട്ടു വയ്ക്കുന്നത് തികച്ചും ലളിത യുക്തിയാണ്. മൂലധനവും ഉല്പാദനവും തമ്മിലുള്ള അനുപാതത്തിലുണ്ടാകുന്ന മാറ്റം ചെറിയ അളവിൽ ആണെന്നിരിക്കെ ഉയർന്ന വളർച്ചയ്ക്ക് ജിഡിപിയിലേക്ക് വർധിച്ച അനുപാതത്തിലുള്ള നിക്ഷേപം ആവശ്യമാണ്. അതിനു അനുയോജ്യമാം വിധം ഉയർന്ന തോതിലുള്ള മൂലധന സ്വരൂപണനവും ആവശ്യമാണ്. പൊതുനിക്ഷേപത്തിനു പങ്ക് കുറവായ നവലിബറൽ സംവിധാനത്തിൽ മുതലാളിമാരുടെ കയ്യിലുള്ള മൂലധനത്തിന്റെ സഞ്ചയത്തിനുള്ള വളർച്ചനിരക്ക് ഉയർന്നതായിരിക്കും. ഒപ്പം അവരുടെ സമ്പത്തിന്റെ വളർച്ച നിരക്കും വർധിക്കും. അതേസമയം വ്യക്തിഗതമായ ആസ്തികളുടെയും മെച്ചപ്പെട്ട വാസസ്ഥലങ്ങളുടെ

**ഉയർന്ന തോതിലുള്ള വളർച്ചയോടൊപ്പം, ഏറ്റവും മുകൾത്തട്ടിലുള്ളവരുടെ സമ്പത്തിന്റെ പങ്ക് വർദ്ധിക്കുന്നത് മൂലമുള്ള സാമ്പത്തികഅസമത്വം വളരുമോ എന്നത് ആ വളർച്ചയുടെ രീതിയെ ആശ്രയിച്ചാണ് ഇരിക്കുന്നത്: ഏതൊക്കെയാണ് ചലനാത്മകമായ മേഖലകൾ, ആ മേഖലകളിലെ മൂലധനത്തിന്റെ വലുപ്പം, എന്നിങ്ങനെ. അതായത്, വളർച്ചാനിരക്ക് വർദ്ധിക്കുന്നതോടൊപ്പം ഏറ്റവും ഉയർന്ന വിഭാഗത്തിലുള്ളവരുടെ സമ്പത്തിൽ വർധനയുണ്ടാകണം എന്ന് നിർബന്ധമില്ല. അങ്ങനെ ഇന്ത്യയിൽ സംഭവിച്ചു എന്നത്, ഈ യുക്തി അടിസ്ഥാനമാക്കിയാണെങ്കിൽ പോലും, നമ്മുടെ വളർച്ചയുടെ പ്രകൃതിക്ക് നേരെയാണ് വിരൽചൂണ്ടുന്നത്.**

യും രൂപത്തിലുള്ള ദരിദ്രരുടെ സമ്പത്ത് ഏറെക്കുറെ മാറ്റമില്ലാതെ തുടരുമ്പോൾ ഉയർന്ന വളർച്ച നിരക്ക് കൈവരിക്കുന്ന കാലത്ത് സമ്പന്നരുടെ സ്വത്തിൽ വർദ്ധനവുണ്ടാകുന്നതാണ് സമ്പത്തിന്റെ അസമത്വം എന്നതിന് അർഥം. അതുകൊണ്ടുതന്നെ ഉയർന്ന വളർച്ചാനിരക്കിനു നൽകേണ്ടുന്ന വിലയാണ് വർധിക്കുന്ന സാമ്പത്തിക അസമത്വമെന്ന വാദത്തെ യുക്തിപരമായി സമർത്ഥിക്കാൻ കഴിയില്ല. അത് സമർത്ഥിക്കാൻ കഴിയില്ല എന്നു പറയുമ്പോൾ എന്തുകൊണ്ട് എന്ന് നോക്കാം. അതിനു പ്രാഥമികമായി ചില കാര്യങ്ങൾ നോക്കാം.

ചെറുകിട മുതലാളിമാരോ ചെറുകിട ഉല്പാദന മേഖലയെ ത്വരിത വളർച്ച നേടുമ്പോൾ കൈവരുന്ന ഉയർന്ന വളർച്ചനിരക്കിനൊപ്പം സംഭവിക്കുന്നത് മൊത്തം സമ്പന്നരിൽ ഏറ്റവും ഉയർന്ന ഒരു ശതമാനത്തിനു സാമ്പത്തിലുണ്ടാകുന്ന ഇടിവാണ്. വളർച്ചാനിരക്ക് വർധിക്കുന്നതിനൊപ്പം സാമ്പത്തിക അസമത്വവും വർധിക്കുന്നുണ്ടെങ്കിൽ, സമ്പദ്ഘടനയുടെ ഏറ്റവും ഊർജസ്വലമായ അതായത് സമ്പന്നരിൽ ഏറ്റവും ഉയർന്ന വിഭാഗത്തിന് നേട്ടമുണ്ടാകുന്നുണ്ടെങ്കിൽ അത് ആ വളർച്ചയുടെ പ്രകൃതമാണ്.

ഉയർന്നതോതിലുള്ള വളർച്ചയോടൊപ്പം, ഏറ്റവും മുകൾത്തട്ടിലുള്ളവരുടെ സമ്പത്തിന്റെ പങ്ക് വർദ്ധിക്കുന്നത് മൂലമുള്ള സാമ്പത്തികഅസമത്വം വളരുമോ എന്നത് ആ വളർച്ചയുടെ രീതിയെ ആശ്രയിച്ചാണ് ഇരിക്കുന്നത്: ഏതൊക്കെയാണ് ചലനാത്മകമായ മേഖലകൾ, ആ മേഖലകളിലെ മൂലധനത്തിന്റെ വലുപ്പം, എന്നിങ്ങനെ. അതായത്, വളർച്ചാനിരക്ക് വർദ്ധിക്കുന്നതോടൊപ്പം ഏറ്റവും ഉയർന്ന വിഭാഗത്തിലുള്ളവരുടെ സമ്പത്തിൽ വർധനയുണ്ടാകണം എന്ന് നിർബന്ധമില്ല. അങ്ങനെ ഇന്ത്യയിൽ സംഭവിച്ചു എന്നത്, ഈ യുക്തി അടിസ്ഥാനമാക്കിയാണെങ്കിൽ പോലും, നമ്മുടെ വളർച്ചയുടെ പ്രകൃതിയ്ക്ക് നേരെയാണ് വിരൽചൂണ്ടുന്നത്.

ഈ അനുമാനത്തിന്റെ യുക്തിക്കുറവിന് വളരെ ലളിതമായ ഒരു കാരണമാണുള്ളത് – മുതലാളിമാരുടെ കൈവശമുള്ള മൂലധന ശേഖരത്തിന്റെ ത്വരിതമായ വളർച്ചാനിരക്കിന്റെ അർഥം, അവരുടെ കൈവശമുള്ള സമ്പത്ത് വർദ്ധിക്കുന്നു എന്നാകണമെന്നില്ല. അവർ നിക്ഷേപിക്കുന്നതത്രയും മുതലാളിമാർക്ക് ലാഭമായി (അത് മൂലം അവരുടെ സമ്പത്തിൽ വർദ്ധനയുണ്ടാക്കുന്ന സമ്പാദ്യമായി) തിരികെ ലഭിക്കണമെന്നില്ല. അതുകൊണ്ട്, ഉയർന്ന വളർച്ചാനിരക്ക് കൈവരിക്കുന്നതിനുള്ള നിക്ഷേപത്തിന്റെ പങ്ക് ഉയർന്നാലും, സാമ്പത്തിക അസമത്വത്തെ അതെങ്ങനെ ബാധിക്കുന്നു എന്നത് മറ്റൊരു വിഷയമാണ്.

ഒരു ചെറിയ ഉദാഹരണം നോക്കാം. സ്വകാര്യനിക്ഷേപം നൂറു രൂപ വർദ്ധിക്കുന്നു എന്ന് കരുതുക. ഒരു അടഞ്ഞ സമ്പദ് വ്യവസ്ഥയിൽ ഇത് സമ്പാദ്യം നൂറു രൂപ കൂടാൻ ഇടയാകും (പൊതുനിക്ഷേപം നല്കിയിരിക്കുമ്പോൾ). നൂറു രൂപ നിക്ഷേപം അധികമായി വരുമ്പോൾ, പെരുക്കം (ഉപഭോഗാവശ്യത്തിലെ വർദ്ധനവ് ഉൾപ്പെടെ മൊത്തം ഉണ്ടാകുന്ന അധിക ആവശ്യം കാരണം ഉണ്ടാകുന്നത്) മൂലം, വരുമാനം ചിലപ്പോൾ ഇരുന്നൂറ്റമ്പത് രൂപ വർധിച്ചേയ്ക്കാം. നികുതി-ജിഡിപി അനുപാതവും സമ്പാദ്യ-ജിഡിപി അനുപാതവും ഇരുപത് ശതമാനം വീതവും, എല്ലാ സമ്പാദ്യവും നികുതി അടവും മുതലാളിമാർ നടത്തുന്നു എന്നും അനുമാനിച്ചാൽ, മുതലാളിമാരുടെ സമ്പാദ്യം അമ്പതുരൂപ വർദ്ധിക്കുന്നു. സർക്കാരിന്റെ വരവിലും സമ്പാദ്യത്തിലും അൻപതു രൂപയുടെ വർധനവ് ഉണ്ടാകുന്നു. അതായത്, മുതലാളിമാർ അമ്പതു രൂപ നിക്ഷേപിക്കുമ്പോൾ അവരുടെ സമ്പത്ത് അമ്പതു രൂപ വർധിക്കുന്നു. എന്നാൽ ഇതോടൊപ്പം അവരുടെ മേലുള്ള നികുതികൂടി അമ്പതു രൂപ കുറച്ചാൽ അവരുടെ സമ്പാദ്യവും സമ്പത്തും നൂറു രൂപ വർധിക്കും.

അതായത്, നിക്ഷേപം കൂട്ടുന്നത് വഴി കൈവശമുള്ള സമ്പത്ത് എത്രകണ്ടു വർധിക്കും എന്നത് പല ഘടകങ്ങളെ, പ്രത്യേകിച്ചും ധനനയത്തെ, ആശ്രയിച്ചാണിരിക്കുന്നത്; ഈ ഉന്നയിച്ച



**സാമ്പത്തിക അസമത്വത്തിന്റെ മൂർച്ച വീണ്ടും കൂട്ടാതെതന്നെ ഇപ്പോൾ അകപ്പെട്ടിരിക്കുന്ന വൈതരണിയിൽ നിന്നും സമ്പദ്വ്യവസ്ഥയെ കരകയറ്റാനുള്ള ഒരു മാർഗം സർക്കാർ വ്യയം കൂട്ടുകയും, അതിനായി കോർപ്പറേറ്റ് സ്വത്തിനു മേൽ നികുതി ഏർപ്പെടുത്തുകയുമാണ്. ഇത്, കോർപ്പറേറ്റ് മേഖലയുടെ നിക്ഷേപതല്പരതയെ ഒരു തരത്തിലും ബാധിക്കേണ്ടതില്ല താനും. എന്നാൽ, കോർപ്പറേറ്റ് -ഹിന്ദുത്വ ബാന്ധവത്തിന്റെ ബലത്തിൽ ജീവിക്കുന്ന മോഡി സർക്കാർ ഇങ്ങനെ ഒരു നീക്കം നടത്താനുള്ള സാധ്യത തുലോം കുറവാണ്.**

വാദത്തിൽ പറഞ്ഞത് പോലെ നിക്ഷേപത്തിൽ വന്നിരിക്കുന്ന വർദ്ധനവിന്റെ മാത്രം അടിസ്ഥാനത്തിലല്ല ഇത്.

ഉദാഹരണത്തിന്, ആഗോളതലത്തിൽ, 1950 നു ശേഷമുള്ള രണ്ടരപ്പതിറ്റാണ്ട് വലിയ വളർച്ചയുടെതായിരുന്നു മുതലാളിത്തത്തിന്റെ ചരിത്രത്തിൽ (സമാനമായ കാലയളവിൽ) ഒരിക്കലും ഉണ്ടാകാത്തത് പോലെ, തുടർന്നുള്ള നിയോലിബറൽ വർഷങ്ങളെക്കാളൊക്കെ വളരെ കൂടുതൽ. എങ്കിൽപ്പോലും, 'മുതലാളിത്തത്തിന്റെ സുവർണ്ണ കാലം' എന്നറിയപ്പെടുന്ന ഈ കാലഘട്ടം അതിനെത്തുടർന്ന് വന്ന നിയോ-ലിബറൽ കാലത്ത് കണ്ടത് പോലെയുള്ള സാമ്പത്തികഅസമത്വത്തിനു ഒരിക്കലും സാക്ഷ്യം വഹിച്ചില്ല. ഇതിനു പ്രധാന കാരണം, വളർച്ചാനിരക്ക് ത്വരിതമായിരുന്നെങ്കിൽ പോലും അക്കാലത്ത് നിലനിന്നിരുന്ന ഉയർന്ന സ്വത്ത്നികുതി (പൊതുവേ കോർപ്പറേറ്റ് നികുതി) നിരക്കുകൾ ആയിരുന്നു. അതായത്, സാമ്പത്തികഅസമത്വം നിയന്ത്രിക്കുന്നതിൽ വലിയ പങ്കാണ് നികുതി വഹിക്കുന്നത്.

സാമ്പത്തിക അസമത്വത്തിന്റെ ഗതി നിർണ്ണയിക്കുന്നത് സ്വത്തുനികുതി മാത്രമല്ല. കോർപ്പറേറ്റുകളുടെ ലാഭത്തിനുമേൽ ചുമത്തുന്ന നികുതി ഉൾപ്പെടെ എല്ലാ നികുതികൾക്കും ഇതിൽ പങ്കുണ്ട്. സ്വത്തുനികുതി എന്നതിനേക്കാൾ ധനികരുടെ മേൽ ചുമത്തുന്ന നികുതിയുടെ ആകെത്തുകയാണ് പ്രധാനം.

നവലിബറൽ കാലഘട്ടത്തിലെ ഇന്ത്യയിൽ ധനികരുടെ മേലുള്ള നികുതിയിൽ വൻ കുറവാണ് വരുത്തിയിട്ടുള്ളത്; അതിനാൽ നിക്ഷേപത്തിലെ വർദ്ധനവ് സമ്പത്തിലുള്ള വർധനവായി പരിണമിച്ചു. ഇതാണ് രാജ്യത്തെ സാമ്പത്തിക അസമത്വം വർദ്ധിച്ചതിന്റെ അടിസ്ഥാനപരമായ കാരണം.

എക്കാലവും ചെറുതായിരുന്ന സ്വത്ത്നികുതി നരേന്ദ്രമോദി സർക്കാർ പൂർണമായും നിരോധിച്ചു. ഇതോടൊപ്പം കോർപ്പറേറ്റുകളുടെ ലാഭത്തിന്മേലും മൂലധനത്തിൽ നിന്നും ലഭിക്കുന്ന ലാഭത്തിന്മേലുമുള്ള നികുതി വളരെയേറെ വെട്ടിക്കുറച്ചു. ഈ ഔദാര്യത്തിന്റെ ഏറ്റവും നല്ല ഉദാഹരണമാണ് ഈ അടുത്ത കാലത്ത് സമ്പദ് വ്യവസ്ഥയെ ഉത്തേജിപ്പിക്കാൻ എന്ന പേരിൽ കോർപ്പറേറ്റ്കൾക്ക് ഒന്നരലക്ഷം കോടി രൂപയുടെ നികുതി ഇളവ് മോഡി സർക്കാർ പ്രഖ്യാപിച്ചത്. സർക്കാർ വ്യയം ഇതിനനുസൃതമായി വെട്ടിച്ചുരുക്കുകയാണെങ്കിൽ ഇത് പ്രശ്നം വഷളാക്കും. മറിച്ച്, സർക്കാർ വ്യയം കുറയ്ക്കാതെ ധനകമ്മി കൂടാൻ അനുവദിച്ചാൽ, ഇത് കോർപ്പറേറ്റ് കമ്പനികളുടെ സമ്പത്ത് വീണ്ടും വർദ്ധിപ്പിക്കുന്ന ഒരു ഇഷ്ടദാനം നല്കലായി മാറും.

സാമ്പത്തിക അസമത്വത്തിന്റെ മൂർച്ച വീണ്ടും കൂട്ടാതെതന്നെ ഇപ്പോൾ അകപ്പെട്ടിരിക്കുന്ന വൈതരണിയിൽ നിന്നും സമ്പദ്വ്യവസ്ഥയെ കരകയറ്റാനുള്ള ഒരു മാർഗം സർക്കാർ വ്യയം കൂട്ടുകയും, അതിനായി കോർപ്പറേറ്റ് സ്വത്തിനു മേൽ നികുതി ഏർപ്പെടുത്തുകയുമാണ്. ഇത്, കോർപ്പറേറ്റ് മേഖലയുടെ നിക്ഷേപതല്പരതയെ ഒരു തരത്തിലും ബാധിക്കേണ്ടതില്ല താനും. എന്നാൽ, കോർപ്പറേറ്റ്-ഹിന്ദുത്വ ബാന്ധവത്തിന്റെ ബലത്തിൽ ജീവിക്കുന്ന മോഡി സർക്കാർ ഇങ്ങനെ ഒരു നീക്കം നടത്താനുള്ള സാധ്യത തുലോം കുറവാണ്. ■

# വസ്തുതകൾ മറയ്ക്കുന്ന ജനവിരുദ്ധ ബജറ്റിനെതിരെ പ്രതിഷേധിക്കുക



എ സിയാവുദീൻ

കേന്ദ്ര ബജറ്റ്

ബിജെപി സർക്കാർ അവതരിപ്പിച്ച 2020–21 ലെ കേന്ദ്ര ബജറ്റ് വസ്തുതകൾ തീരെയില്ലാത്ത ശബ്ദായമാനമായ ഒന്നാണ്. തുടർന്നുകൊണ്ടേയിരിക്കുന്ന സമ്പദ്ഘടനയിലെ മാന്ദ്യവും വർധിച്ചുവരുന്ന ജനങ്ങളുടെ ദുരിതങ്ങളും വൻ തോതിൽ വിപുലപ്പെടുന്ന പൊതുവായ ദാരിദ്ര്യവൽക്കരണവും തൊഴിലില്ലായ്മയിലെ ഭയാനകമായ വർധനവും നിലനിൽക്കുന്ന ഘട്ടത്തിൽ വന്ന ബജറ്റ് "പ്രധാനമന്ത്രി മോദി"യെ പ്രകീർത്തിക്കുന്ന സ്തുതിവചനങ്ങളൊഴിച്ചാൽ മറ്റൊരു പ്രശ്നവും പരിഗണിക്കാൻ തയാറാകാത്ത ഒന്നാണെന്ന് വ്യക്തമാണ്.




വസ്തുതകൾ മറക്കുന്ന ശബ്ദഘോഷത്തിന്റെ കറകളഞ്ഞ ഉദാഹരണമാണ് ബജറ്റ് പ്രസംഗത്തിലെ 271 ദശലക്ഷം പേരെ ദാരിദ്ര്യരേഖക്കു മുകളിലേക്ക് ഉയർത്താൻ കഴിഞ്ഞു എന്ന അവകാശവാദം. എൻഎസ്എസ്ഒ (നാഷണൽ സാമ്പിൾ സർവെ ഓർഗനൈസേഷൻ) റിപ്പോർട്ട് അടക്കം വിവിധ പഠനങ്ങൾ പ്രകാരം രാജ്യത്തെ ദാരിദ്ര്യവൽക്കരണത്തിന്റെ തീഷ്ണമായെന്ന് ചൂണ്ടിക്കാണിച്ച ഗ്രാമീണ ഉപഭോഗ ചിലവിൽ 8 ശതമാനത്തിൽ ഇടിവുണ്ടായെന്ന വസ്തുതകൾ നിലനിൽക്കുമ്പോഴാണ് ഇങ്ങനെ കളവായ അവകാശവാദം.

അതുപോലെ 'ബേഠി ബചാവോ, ബേഠി പഠാവോ' പദ്ധതിയുടെയും മറ്റു വനിതാ ക്ഷേമ പദ്ധതികളുടെയും വിജയത്തെക്കുറിച്ചും ബജറ്റ് പ്രസംഗം വാചാലമാകുന്നുണ്ട്. എന്നാൽ തൊഴിലിൽ വനിതകളുടെ പങ്കാളിത്ത നിരക്ക് കഴിഞ്ഞ കുറെ വർഷങ്ങളായി തുടർച്ചയായി കുറഞ്ഞുവരികയാണ്. അതോടൊപ്പം സ്ത്രീകൾക്കെതിരെയുള്ള ആക്രമണവും മറ്റും അധികാരത്തിലുള്ളവരുടെ ഒത്താശയോടെ ഭീകരമായ തോതിൽ വർധിക്കുകയും ചെയ്തു. പുരുഷനും സ്ത്രീയും ചെയ്യുന്ന ഒരേ ജോലിയിൽ സ്ത്രീകൾക്ക് 31 ശതമാനം കുറഞ്ഞ വേതനം മാത്രമേ ലഭിക്കുന്നുള്ളൂ. ബേഠി




**സാമ്പത്തിക മാന്ദ്യം തുടരുന്ന ഇന്നത്തെ ഘട്ടത്തിൽ വേണ്ടിയിരുന്നത് പശ്ചാത്തല മേഖലയിലും കാർഷിക രംഗത്തും പൊതു നിക്ഷേപവും വൻതോതിലുള്ള സാമൂഹ്യസുരക്ഷാ നടപടികളുമാണ്. അത് ജനങ്ങളുടെ ഉപഭോഗ നിരക്ക് വർധിപ്പിക്കും. ഇതല്ലാതെ പ്രശ്നം പരിഹരിക്കാൻ വേറെ മാർഗമില്ല. ബജറ്റിനു മുൻപുള്ള ചർച്ചകളിൽ എല്ലാ കേന്ദ്ര ട്രേഡ് യൂണിയനുകളും ഇക്കാര്യം ചൂണ്ടിക്കാണിച്ചിരുന്നു. വൻകിട കോർപറേറ്റുകളോടും ഭൂവുടമാ വിഭാഗത്തിനോടും പ്രതിബദ്ധതയുള്ള സർക്കാർ യഥാർത്ഥത്തിൽ ഇവിടെ സമ്പത്തു സൃഷ്ടിക്കുന്ന തൊഴിലാളി വർഗത്തിന്റെ നിർദേശങ്ങൾ കേട്ടില്ലെന്നു നടിക്കയാണു ചെയ്തത്.**

ബചാവോ, ബേഠി പഠാവോ പദ്ധതിക്കുള്ള വിഹിതമാകട്ടെ ഈ ബജറ്റിൽ വീണ്ടും 20 കോടിക്ക് മേൽ വെട്ടിക്കുറക്കുകയും ചെയ്തു. ഇത്തരം തട്ടിപ്പ് തുടരുകയാണ്.

ബജറ്റിലെ കണക്കുകളുമായി പുലബന്ധം പോലുമില്ലാത്ത രീതിയിൽ ജനക്ഷേമം, തൊഴിൽ സൃഷ്ടിക്കൽ എന്നിവ സംബന്ധിച്ച കളവായ അവകാശവാദങ്ങളുടെ ധാരാളം ഉദാഹരണങ്ങൾ ചൂണ്ടിക്കാണിക്കാൻ കഴിയും. രാജ്യത്താകെ പശ്ചാത്തല മേഖലയിൽ വൻ നിക്ഷേപം നടത്തുന്നതിനെപ്പറ്റി ബജറ്റ് പ്രസംഗം ഉത്ഘോഷിക്കുന്നു. ഇതെല്ലാം സ്വകാര്യമേഖലയിൽ നിന്നുള്ള നിക്ഷേപമെന്ന അടിസ്ഥാനത്തിലാണ്. ഇന്നത്തെ സാമ്പത്തിക മാന്ദ്യത്തിന്റെ പശ്ചാത്തലത്തിൽ ഇങ്ങനെ നിക്ഷേപം വരാനുള്ള ഒരു സാധ്യതയുമില്ല. ഉദാഹരണത്തിന് കഴിഞ്ഞ അഞ്ചുവർഷം എണ്ണ, ഗ്യാസ് പര്യവേഷണത്തിനായി സാധ്യതയുള്ള 13700 ഏക്കറാണ് സ്വകാര്യമേഖലക്കായി വിട്ടുകൊടുത്തത്. ഇന്നുവരെ അവിടെ ഒരുൽപാദനവും നടന്നില്ല.

2019-20 ബജറ്റിന്റെ പുതുക്കിയ എസ്റ്റിമേറ്റുമായി തട്ടിച്ചു നോക്കിയാൽ 2020-21 ബജറ്റിൽ കേവലം 3.43 ലക്ഷം കോടിയുടെ വർധനവാണ് കാണാൻ കഴിയുക. പശ്ചാത്തല മേഖലാ നിക്ഷേപത്തിന്റെയും തൊഴിൽ സൃഷ്ടിയുടെയും ബജറ്റ് പ്രസംഗത്തിൽ പറയുന്ന അതിനുള്ള നിക്ഷേപത്തിന്റെയും പൊലിമ പറയുന്നത് കേവലം വാചകമേള മാത്രമാണെന്ന് ഇതിൽ നിന്ന് വ്യക്തമാണ്. കൃഷി, അനുബന്ധ സേവനം ഗ്രാമവികസനം (ഇവ രാജ്യത്തെ മൊത്തം ജനസംഖ്യയുടെ 50 ശതമാനത്തെ ബാധിക്കുന്നതാണ്) എന്നിവക്ക് കഴിഞ്ഞ ബജറ്റിലേതിൽ നിന്നും വരുത്തിയിട്ടുള്ള വർധനവ് 19000 കോടി രൂപ മാത്രമാണ്. വിലക്കയറ്റത്തിന്റെ നിരക്ക് കൂടി കണക്കിലെടുത്താൽ യഥാർത്ഥത്തിൽ ഇവിടെ വർധനവല്ല കഴിഞ്ഞ ബജറ്റിലേതിനെക്കാൾ കുറഞ്ഞ വിഹിതമാണ് മാറ്റിവച്ചിട്ടുള്ളതെന്നു കാണാം.

വ്യക്തികളായ ഓരോ പൗരനും 'അല്ലലില്ലാത്ത ജീവിതം' ഉറപ്പാക്കുമെന്നാണ് പ്രസംഗത്തിൽ പറയുന്നത്. സ്ഥിതി ഈ അവകാശവാദത്തിന്റെ നേരെ വിപരീത ദിശയിലാണ്. ഫുഡ് കോർപറേഷൻ വഴിയുള്ള പൊതു ഭക്ഷ്യധാന്യ വിതരണത്തിന് സബ്സിഡി 76,000 കോടി രൂപ കണ്ടാണ് വെട്ടിക്കുറച്ചത്. ആഗോള പട്ടിണി സൂചികയിൽ ഇന്ത്യയുടെ സ്ഥാനം ഗണ്യമായി താഴേക്കു പോയ ഘട്ടത്തിലാണ് ഇങ്ങനെ ചെയ്തതെന്നോർക്കണം. അതുപോലെ മഹാത്മാഗാന്ധി തൊഴിലുറപ്പു പദ്ധതി, ആയുഷ്മാൻ ഭാരത്, പിഎംജെഎവൈ, പിഎം കിസാൻ തുടങ്ങിയവയുടെയൊക്കെ വിഹിതം വെട്ടിക്കുറച്ചു. രാജ്യത്തിനു വേണ്ടി യഥാർത്ഥത്തിൽ സമ്പത്ത് സൃഷ്ടിക്കുന്ന തൊഴിലെടുക്കുന്നവരുടെ ഡിമാന്റുകളായ മിനിമം വേതനത്തിലെ വർധനവ്, സാമൂഹ്യ സുരക്ഷാ പദ്ധതികളുടെ വ്യാപനം, തുല്യ ജോലിക്ക് തുല്യ വേതനം തുടങ്ങിയവയും അംഗനവാടി, ഉച്ചഭക്ഷണം, ആഷ തുടങ്ങിയ വിഭാഗങ്ങളുടെ തീഷ്ണമായ ചൂഷണവും ധനമന്ത്രിയുടെ ശ്രദ്ധയിലെവിടെയുമില്ല. അവർക്ക് സ്റ്റാറ്റ്യൂട്ടറി മിനിമം വേതനമില്ല. സാമൂഹ്യ സുരക്ഷയുമില്ല. മൊത്തം സമൂഹത്തിനു വേണ്ടി വിലമതിക്കാനാവാത്ത സേവനം നൽകുന്ന ഒരു കോടിയോളം വരുന്ന ഈ വിഭാഗങ്ങൾക്ക് വേണ്ടി ഒരു ചില്ലിക്കാശുപോലും ബജറ്റിലില്ല.

തൊഴിലാളികൾക്കു വേണ്ടി വ്യക്തിഗത വരു

മാന നികുതി കുറക്കാൻ ബജറ്റിൽ നിർദേശമുണ്ട്. എന്നാൽ പ്രഖ്യാപിച്ച പുതിയ സ്കീം പ്രകാരം ഇപ്പോൾ നിലവിലുള്ള നികുതി ഇളവുകൾ അപ്രത്യക്ഷമാകും. ഇതും പുതിയ പദ്ധതിയുമായി താരതമ്യപ്പെടുത്തിയാൽ കുറവുകൾ മിക്കവാറും സമാസമം ആയിരിക്കും. എന്നാൽ വൻ ബിസിനസുകാരുടെയും കോർപറേറ്റുകളുടെയും കാര്യത്തിൽ കോർപറേറ്റു നികുതിയിൽ ഇളവ്, നികുതി പിരിവ് രീതി ലളിതമാക്കുന്നു എന്ന വ്യാജേന അനുവദിക്കുന്ന ഡിവിഡന്റ് വിതരണ നികുതിയിലെ ഇളവ് എന്നിങ്ങനെ ഉദാരമായ സൗജന്യം നൽകിയിട്ടുമുണ്ട്. ഇതു അനുവദിച്ചതിനൊപ്പം ബജറ്റ് പ്രസംഗത്തിൽ തുടരെ തുടരെ ഇവരൊക്കെയാണ് രാജ്യത്തിന്റെ സമ്പത്തുൽപാദകർ എന്ന പ്രധാനമന്ത്രിയുടെ പ്രസ്താവന ഉദ്ധരിക്കുന്നുമുണ്ട്. വ്യവസായ, സേവന, കാർഷിക മേഖലകളിൽ ഉൽപാദനം നടത്തുകയും, തൊഴിലാളികൾ സൃഷ്ടിക്കുകയും ചെയ്യുന്ന വിഭവങ്ങൾ ഇക്കൂട്ടർ കൊള്ളയടിക്കയാണ് യഥാർത്ഥത്തിൽ ചെയ്യുന്നത്. 2020-21 ബജറ്റിനൊപ്പം അവതരിപ്പിച്ച കഴിഞ്ഞ വർഷത്തെ വരുമാനത്തിന്റെ കണക്കിൽ പ്രത്യക്ഷ നികുതിയിനത്തിൽ കോർപറേറ്റുകൾ കുടിശിക വരുത്തിയ തുക 7.63 ലക്ഷം കോടി രൂപയാണ്. അതിൽ 1.30 ലക്ഷം കോടി ഒരു തർക്കവും ഉന്നയിക്കാത്ത തിരിച്ചടക്കേണ്ട തുകയാണ്. പറച്ചിലിൽ സർക്കാരിൽ നിന്ന് നാം കേൾക്കുന്നത് 'അല്ലലില്ലാത്ത ജീവിത'ത്തെക്കുറിച്ചാണ്. എന്നാൽ പ്രവർത്തിയിൽ 'അല്ലലില്ലാതെ ബിസിനസ് നടത്തു'ന്നതിന് വിദേശത്തും ഇവിടെയുമുള്ള വൻകിടക്കാർക്ക് വഴിതുറക്കാൻ സർക്കാർ വെമ്പൽ കൊള്ളുന്നതാണ് നാം കാണുന്നത്.

തന്ത്രപരമായ പൊതുമേഖലാ സ്ഥാപനങ്ങൾ അതിവേഗം കൈയൊഴിയാനുള്ള പരിപാടി ബജറ്റ് ഊന്നിപ്പറയുന്നുണ്ട്. ദേശീയ സമ്പദ്ഘടനയിൽ വൻതോതിൽ നാശം വിതക്കും. ഏറ്റവും ഉന്നത നിലവാരത്തിൽ പ്രവർത്തിക്കുന്ന തുടർച്ചയായി ദേശീയ വരുമാനത്തിൽ വൻ സംഭാവന നൽകിക്കൊണ്ടിരിക്കുന്ന വികസന രംഗത്ത് മികച്ച നിലയിൽ ഇടപെടുന്ന എൽഐസിയുടെ ഓഹരികൾ വിറ്റഴിക്കാനാണ് തീരുമാനം. പൊതുമേഖലാ ബാങ്കുകൾ കൂട്ടിച്ചേർത്ത് ബാങ്കു ശാഖകളുടെ എണ്ണം വെട്ടിക്കുറക്കുന്നത് തൊഴിൽ സാധ്യതയെ പ്രതികൂലമായി ബാധിക്കുന്നതിനൊപ്പം രാജ്യത്തിന്റെ ഉൾപ്രദേശങ്ങളിലെ ജനങ്ങൾക്ക് ലഭിക്കുന്ന സേവനവും നിഷേധിക്കാനിടവരുത്തും. പൊതുമേഖലാ ബാങ്കുകൾക്ക് വർധിച്ച ഓഹരി മൂലധനം നൽകുന്നതിനെപ്പറ്റി ബജറ്റിൽ പറയുന്നുണ്ട്. എന്നാൽ വായ്പകൾ തിരിച്ചടക്കാത്ത കോർപറേറ്റുകൾ ഇൻസോൾവൻസി ബാങ്ക് റപ്റ്റസി നടപടികളിലൂടെ (ഐബിസി) അവരെടുത്ത വായ്പകൾ തിരിച്ചടക്കാതെ അല്ലെങ്കിൽ കടത്തിന്റെ 60 മുതൽ 70 ശതമാനം വരെ ബാങ്കുകൾ ഉപേക്ഷിച്ച് കണക്കുകൾ അവസാനിപ്പിക്കാനുള്ള പദ്ധതിയാണ് മുന്നോട്ടു വച്ചിട്ടുള്ളത്. മൂലധനം നൽകുന്നതിനെക്കാൾ കൂടുതൽ തുക വായ്പ ഇങ്ങനെ അവസാനിപ്പിക്കുന്നതിൽ ഭീമമായ നഷ്ടമാണ് ബാങ്കുകൾക്ക് സംഭവിക്കുക. ഇവിടെ അന്തിമമായ നേട്ടം മോഡി സർക്കാർ വച്ചു നീട്ടുന്നത് ആർക്കാണ് എന്ന വലിയ ചോദ്യം അവശേഷിക്കുന്നു.

ഇടത്തരം, ചെറുകിട, സൂക്ഷ്മ സ്ഥാപനങ്ങൾക്ക് നേട്ടമുറപ്പാക്കുന്നതിനെപ്പറ്റി പ്രത്യേക ശ്രദ്ധയുണ്ടെന്നു വരുത്താൻ പലവിധ സൗജന്യങ്ങൾ ബിസിനസ് സ്ഥാപനങ്ങൾക്ക് നൽകുമെന്ന് ബജറ്റ് പ്രഖ്യാപിക്കുന്നു. സാമ്പത്തിക മാന്ദ്യം മുൻപ് സർക്കാർ കൊണ്ടുവന്ന നോട്ടു നിരോധനവും 'അശാസ്ത്രീയ ജിഎസ്ടി നടപടികളും' മൂലം തകർച്ചയിലെത്തിയ ചെറുകിട സ്ഥാപനങ്ങൾക്ക് ഇപ്പോൾ പ്രഖ്യാപിച്ച സൗജന്യങ്ങൾ കാര്യമായ നേട്ടം നൽകിയില്ല. ഈ സ്ഥാപനങ്ങൾക്ക് ഇപ്പോൾ വേണ്ടത് സൗജന്യ നിരക്കിൽ മൂലധനവും മാർക്കറ്റിംഗിന് നേരിട്ടുള്ള സഹായവും അവർ വിതരണം ചെയ്യുന്ന ഉൽപന്നങ്ങൾക്ക് വൻബിസിനസുകാരിൽ നിന്ന് സമയാധിഷ്ഠിതമായി പണം ലഭ്യമാക്കലുമാണ്. ഏറ്റവും അടിയന്തിര പരിഗണന വേണ്ട ഈ കാര്യങ്ങൾക്ക് ബജറ്റിൽ നിർദേശമൊന്നുമില്ല.

സാമ്പത്തിക മാന്ദ്യം തുടരുന്ന ഇന്നത്തെ ഘട്ടത്തിൽ വേണ്ടിയിരുന്നത് പശ്ചാത്തല മേഖലയിലും കാർഷിക രംഗത്തും പൊതു നിക്ഷേപവും വൻതോതിലുള്ള സാമൂഹ്യസുരക്ഷാ നടപടികളുമാണ്. അത് ജനങ്ങളുടെ ഉപഭോഗ നിരക്ക് വർധിപ്പിക്കും. ഇതല്ലാതെ പ്രശ്നം പരിഹരിക്കാൻ വേറെ മാർഗമില്ല. ബജറ്റിനു മുൻപുള്ള ചർച്ചകളിൽ എല്ലാ കേന്ദ്ര ട്രേഡ് യൂണിയനുകളും ഇക്കാര്യം ചൂണ്ടിക്കാണിച്ചിരുന്നു. വൻകിട കോർപറേറ്റുകളോടും ഭൂവുടമാ വിഭാഗത്തിനോടും പ്രതിബദ്ധതയുള്ള സർക്കാർ യഥാർത്ഥത്തിൽ ഇവിടെ സമ്പത്തു സൃഷ്ടിക്കുന്ന തൊഴിലാളി വർഗത്തിന്റെ നിർദേശങ്ങൾ കേട്ടില്ലെന്നു നടിക്കയാണു ചെയ്തത്.

25 കോടിയോളം വരുന്ന ഈ രാജ്യത്തെ അധ്വാനിക്കുന്ന ജനതയും കഷ്ടപ്പെടുന്ന ജനതതിയും ഏതാനും നാളുകൾക്കു മുമ്പ് 2020 ജനുവരി 8 ന് ഉയർത്തിയ ഡിമാന്റുകൾ മോഡി നയിക്കുന്ന ബിജെപി സർക്കാർ പൂർണമായും അവഗണിച്ചു. ഈ ഡിമാന്റുകൾ അംഗീകരിക്കും വരെ എല്ലാ തൊഴിലാളി വിഭാഗങ്ങളും ജനങ്ങളും സംയുക്തമായി നടത്തിക്കൊണ്ടിരിക്കുന്ന സമരം പൂർവാധികം ശക്തമാക്കാൻ സിഐടിയു ആഹ്വാനം ചെയ്യുന്നു. ■

# സിഐടിയു 16-ാം ദേശീയ സമ്മേളനം

th CITU ALL INDIA CONFERENCE
020 January 23 -27- Chennai

## ജനുവരി 23-27, ചെന്നൈ

സിഐടിയുവിന്റെ പതിനാറാമത് ദേശീയ സമ്മേളനം ജനുവരി 23 മുതൽ 27 വരെ തമിഴ്നാടിന്റെ തലസ്ഥാനമായ ചെന്നൈയിൽ നടന്നു. സമ്മേളനനഗരി സിഐടിയു മുൻ ജനറൽ സെക്രട്ടറിയുടെ സ്മരണാർത്ഥം 'മുഹമ്മദ് അമിൻ നഗർ' എന്നും, വേദി സിഐടിയു മുൻ വൈസ്പ്രസിഡന്റ്, ഓൾ ഇന്ത്യ സ്റ്റേറ്റ് ഗവണ്മെന്റ് എംപ്ലോയീസ് ഫെഡറേഷൻ മുൻ ജനറൽസെക്രട്ടറി എന്നീ നിലകളിലിൽ പ്രവർത്തിച്ച സഖാവ് സുകോമൾ സെന്നിന്റെ പേരിൽ 'സുകോമൾ സെൻ മഞ്ച്' എന്നും നാമകരണം ചെയ്യപ്പെട്ടു. പൊതുസമ്മേളനസ്ഥലമായ 'സിംഗാരവേലർ ഗ്രൗണ്ട്' മുതിർന്ന സ്വാതന്ത്ര്യസമരസേനാനി ശിങ്കാരവേലുവിന്റെ പേരിലാണ് അറിയപ്പെട്ടത്. ആദ്യകാല കമ്മ്യൂണിസ്റ്റ് പ്രവർത്തകനായിരുന്ന അദ്ദേഹമാണ് രാജ്യത്ത് ആദ്യമായി ചെന്നൈയിൽ 1923 നു മെയ് ദിനത്തിൽ ചെങ്കൊടി ഉയർത്തിയത്.

26 സംസ്ഥാനങ്ങളിൽ നിന്നും 1991 പ്രതിനിധികൾ, സഹോദരസംഘടനകളിൽ നിന്നുള്ള 10 പ്രതിനിധികൾ എന്നിവർ സമ്മേളനത്തിൽ പങ്കെടുത്തു. പങ്കെടുത്തവരിൽ 23 ശതമാനം സ്ത്രീകളായിരുന്നു. ഇത്, കഴിഞ്ഞ വർഷം പങ്കെടുത്ത 22 ശതമാനത്തേ



**എത്തിപ്പെടാത്തവരിലേയ്ക്ക് എത്തിപ്പെടൽ, നയങ്ങളെ പ്രശ്നങ്ങളുമായി ബന്ധപ്പെടുത്തുകയും നയരൂപീകരണത്തിലെ രാഷ്ട്രീയത്തെ തുറന്നു കാട്ടുകയും ചെയ്യുക, ഒത്തൊരുമിച്ചുള്ള പോരാട്ടങ്ങളെ കൂടുതൽ ഉയരങ്ങളിലെയ്ക്കെത്തിക്കുക, ഇതിനായി, ഭിന്നിപ്പും അസ്വസ്ഥതകളും ഉണ്ടാക്കുന്ന ശക്തികളെ ചെറുക്കുക എന്നിങ്ങനെയുള്ള സന്ദേശങ്ങൾ വഹിച്ചുകൊണ്ട് പ്രവർത്തിക്കാനുള്ള ആവേശവും ഉറച്ച തീരുമാനവുമായാണ് പ്രതിനിധികൾ സമ്മേളനം അവസാനിപ്പിച്ചത്.**

ക്കാൾ അല്പം വർദ്ധിച്ചിട്ടുണ്ടെങ്കിലും, മൊത്തം പ്രതിനിധികളിൽ 25 ശതമാനമെങ്കിലും സ്ത്രീകളാകണം എന്ന തീരുമാനം നടപ്പിൽ വരുത്താൻ സാധിച്ചിട്ടില്ല.

കീഴ് വെണ്മണി, ചിന്നയംപാളയം ഉൾപ്പെടെ തമിഴകത്തെ അസംഖ്യം രണഭൂമികളുടെ സ്മരണകളുമായി ഏഴു ദീപശിഖാ ജാഥകൾ സിഐടിയു സംസ്ഥാനനേതാക്കളുടെ നേതൃത്വത്തിൽ തമിഴ്നാടിന്റെ വിവിധഭാഗങ്ങളിൽ നിന്നും പുറപ്പെട്ടിരുന്നു. ജനുവരി 23 രാവിലെ സിഐടിയു ദേശീയ നേതാക്കൾ ദീപശിഖ ഏറ്റുവാങ്ങി.

ജനുവരി 23 കാലത്ത് പത്ത് മണിക്ക് പ്രസിഡന്റ് ഹേമലത സിഐടിയു പതാക ഉയർത്തി സമ്മേളനത്തിന് തുടക്കം കുറിച്ചു. അന്നേദിവസം നേതാജി സുഭാഷ്ചന്ദ്രബോസിന്റെ ജന്മദിനമായതിനാൽ സിഐടിയു പ്രസിഡന്റ് അദ്ദേഹത്തിന്റെ ചിത്രം മാലയിട്ടാദരിക്കുകയും, നേതാജിയ്ക്ക് അഭിവാദ്യം അർപ്പിക്കുകയും ചെയ്തു. പ്രസിഡന്റിന്റെയും മറ്റു ഭാരവാഹികളുടെയും നേതൃത്വത്തിൽ എല്ലാ പ്രതിനിധികളും നേതാജിയുടെയും മറ്റു രക്തസാക്ഷികളുടെയും സ്മരണയ്ക്ക് രക്തസാക്ഷി മണ്ഡപത്തിനു മുന്നിൽ അഭിവാദ്യങ്ങൾ അർപ്പിച്ചു.

സ്വാഗതസംഘം ചെയർമാൻ എ. സൗന്ദരരാജൻ സ്വാഗതം ആശംസിച്ചു.

ലോകത്തെ ഏക വർഗാധിഷ്ഠിത ട്രേഡ് യൂണിയൻ ഫെഡറേഷനായ, cituവും അംഗമായ വേൾഡ് ഫെഡറേഷൻ ഓഫ് ട്രേഡ് യൂണിയൻസിന്റെ പ്രസിഡന്റ് മൈക്കിൾ മാക്വയിബയും സമ്മേളനത്തിൽ പങ്കെടുത്തു. ഉദ്ഘാടനം, പ്ലീനറി സമ്മേളനം, പൊതുയോഗത്തിലും അദ്ദേഹം പ്രസംഗിച്ചു.

മൂന്നു പ്രധാന പ്രമേയങ്ങളാണ് ഉദ്ഘാടനസമ്മേളനത്തിൽ പാസ്സാക്കിയത്: സ. ഹേമലത അവ






തരിപ്പിച്ച "ഫ്രാൻസിൽ സമരം നടത്തുന്ന തീവണ്ടി-റോഡ് ഗതാഗത തൊഴിലാളികൾക്ക്" ഐക്യദാർഢ്യപ്രമേയം, സിഐടിയു ജനറൽ സെക്രട്ടറി തപൻ സെൻ അവതരിപ്പിച്ച "പൗരത്വനിയമത്തിനും എൻപിആറിനു"മെതിരെയുള്ള പ്രമേയം, സിഐടിയു വൈസ് പ്രസിഡന്റ് ജെ എസ് മജൂംദാർ "ആർട്ടിക്കിൾ 370 ജമ്മു കാശ്മീരിൽ പിൻവലിച്ചതിനെതിരെ"യും, ജനാധിപത്യാവകാശങ്ങൾക്ക് നേരെ നടക്കുന്ന കടന്നുകയറ്റങ്ങളെ അപലപിച്ചും അവതരിപ്പിച്ച പ്രമേയം.

ഈ സംയുക്ത ട്രേഡ് യൂണിയൻ വേദിയുടെ ഭാഗമായ എല്ലാ കേന്ദ്ര സംഘടനകളുടെയും നേതാക്കൾ - AITUC ജനറൽ സെക്രട്ടറി അമർജീത് കൗർ, INTUC വൈസ് പ്രസിഡന്റ് മുരുകേശൻ, HMS പ്രസിഡന്റ് രാജ ശ്രീധർ, AIUTUC പ്രസിഡന്റ് രാമകൃഷ്ണൻ, AICCTU പ്രസിഡന്റ് വി ശങ്കർ, SEWA യുടെ സോണിയ, UTUC ജനറൽ സെക്രട്ടറി അശോക് ഘോഷ്, LPF ജനറൽ സെക്രട്ടറി ഷൺമുഖം, TUCC വൈസ് പ്രസിഡന്റ് കതിരവൻ, എന്നിവർ ഉത്ഘാടനവേദിയിൽ പ്രതിനിധികൾക്ക് ആശംസകളർപ്പിച്ചു. രാജ്യത്തിന്റെ അഖണ്ഡത കാത്തു സൂക്ഷിക്കാനും, ബിജെപി യുടെ തൊഴിലാളി വിരുദ്ധവും, ജനവിരുദ്ധവും, ദേശവിരുദ്ധവുമായ നയങ്ങളെ എതിർത്തു തോൽപ്പിക്കാനും ഒത്തൊരുമിച്ചുള്ള പോരാട്ടങ്ങളെ ശക്തിപ്പെടുത്തേണ്ടതിന്റെ ആവശ്യകതയെ അവർ ഊന്നിപ്പറഞ്ഞു.

പ്രതിനിധിസമ്മേളനം 2020 ജനുവരി 23 വൈകുന്നേരം നാല് മണിയ്ക്ക് ആരംഭിച്ചു. സിഐടിയു ട്രെഷറർ എം എൽ മാൽകൊട്ടിയ അനുശോചന പ്രമേയം അവതരിപ്പിച്ചു. രക്തസാക്ഷികളോടും മരണപ്പെട്ട നേതാക്കളോടും പ്രവർത്തകരോടുമുള്ള ആദരസൂചകമായി പ്രതിനിധികൾ നിശ്ശബ്ദത പാലിച്ചു. സിഐടിയു വൈസ് പ്രെസിഡന്റുമാർ അടങ്ങിയ അധ്യക്ഷസമിതിയും സിഐടിയു സെക്രട്ടേറിയറ്റ് സ്റ്റിയറിംഗ് കമ്മിറ്റി ആയും പ്രവർത്തിച്ചു. പ്രമേയ കമ്മിറ്റി, ക്രെഡൻഷ്യൽ കമ്മിറ്റി, മിനുട്സ് കമ്മിറ്റി എന്നിവ തെരഞ്ഞെടുത്തു.

അധ്യക്ഷപ്രസംഗം സ: ഹേമലത നടത്തി. ജനറൽ സെക്രട്ടറി സ: തപൻസെൻ റിപ്പോർട്ട് രണ്ടു ഭാഗങ്ങളായി അവതരിപ്പിച്ചു. ആദ്യ ഭാഗം രാജ്യത്തെ രാഷ്ട്രീയ പരിതസ്ഥിതി, തൊഴിലാളികളുടെ അവസ്ഥയും പ്രശ്നങ്ങളും എന്നിവ പ്രതിപാദിച്ചപ്പോൾ രണ്ടാം ഭാഗം സംഘടനയെ സംബന്ധിക്കുന്നതായിരുന്നു. എം എൽ മാൽകൊട്ടിയ വരവുചെലവു കണക്കുകൾ അവതരിപ്പിച്ചു.

ബംഗാളി, ഹിന്ദി, കന്നഡ, മലയാളം, തമിഴ്, തെലുങ്ക് എന്നീ ആറുഭാഷകളിൽ നടപടികളെല്ലാം തത്സമയം തർജമചെയ്യപ്പെട്ടിരുന്നു. അധ്യക്ഷപ്രസംഗം, ജനറൽ സെക്രട്ടറിയുടെ റിപ്പോർട്ട് തുടങ്ങിയവയെല്ലാം പവർ പോയിന്റ് പ്രസന്റേഷൻ രൂപത്തിൽ ലഭ്യമാക്കി. ഈ സംവിധാനങ്ങൾ ഇതാദ്യമായാണ് സിഐടിയു ദേശീയ സമ്മേളനത്തിൽ ലഭ്യമായത്.

ഇത് പ്രതിനിധികൾക്ക് പരിപാടികൾ കൃത്യമായി മനസ്സിലാക്കാനും പിന്തുടരാനും സഹായകമായി. വളരെ നല്ല അഭിപ്രായമാണ് ഈ സംവിധാനത്തെക്കുറിച്ച് ഉണ്ടായത്.

സിഐടിയു സെക്രട്ടേറിയറ്റിന് വേണ്ടി ജനറൽസെക്രട്ടറി ഭാവി പരിപാടികൾ അവതരിപ്പിച്ചു. റിപബ്ലിക് ദിനമായ ജനുവരി 26 ാം തീയതി, സിഐടിയു പ്രസിഡന്റ് ദേശീയപതാക ഉയർത്തി. തുടർന്ന് ഇന്ത്യൻ ഭരണഘടനയുടെ മൂല്യങ്ങൾ സംരക്ഷിക്കും എന്നും, നമ്മുടെ സ്വാതന്ത്ര്യസമരസേനാനികളുടെ സ്വപ്നങ്ങളും സിഐടിയുവിന്റെ ഭരണഘടനാപരമായ ലക്ഷ്യമായ എല്ലാവിധ ചൂഷണങ്ങളും ഇല്ലാതാക്കുക എന്നതും സാക്ഷാത്കരിക്കാൻ പരിശ്രമിക്കും എന്ന സിഐടിയു പ്രതിജ്ഞ പ്രതിനിധികൾ ചൊല്ലി. തുടർന്ന് പ്രതിനിധികൾ പൗരത്വനിയമം. പൗരത്വരജിസ്റ്റർ, ജനസംഖ്യാരജിസ്റ്റർ എന്നിവയും ബോല് സോനാരോയുടെ ഇന്ത്യാസന്ദർശനത്തെയും എതിർത്തുകൊണ്ട് മനുഷ്യച്ചങ്ങല തീർത്തു.

അന്നേദിവസം നാല് കമ്മിഷനുകളിലായി ചർച്ചകൾ നടന്നു ബദൽ നയങ്ങൾക്ക് വേണ്ടിയുള്ള സമരങ്ങൾ, തൊഴിലില്ലായ്മയും തൊഴിൽസംവിധാനങ്ങളിൽ വരുന്ന മാറ്റങ്ങളും, തൊഴിൽ നിയമങ്ങളുടെ നിർമാണം, സാമൂഹ്യമായ അടിച്ചമർത്തൽ എന്നിവയായിരുന്നു വിഷയങ്ങൾ. 219 പ്രതിനിധികൾ ഈ കമ്മിഷനുകളിൽ സംസാരിക്കുകയും അൻപതിലേറെപ്പേർ നിർദേശങ്ങൾ എഴുതി നൽകുകയും ചെയ്തു. കമ്മിഷൻ റിപ്പോർട്ടുകൾ ജനുവരി 27നു പ്ലീനറിയിൽ അവതരിപ്പിച്ചു.

ജനറൽസെക്രട്ടറിയുടെ റിപ്പോർട്ടും കണക്കുകളും സമ്മേളനം ഏകകണ്ഠമായി പാസാക്കി.

മുൻപുണ്ടായിരുന്ന മുപ്പത്തിയഞ്ചിൽ നിന്നും മുപ്പത്തി ഒൻപത് അംഗങ്ങളായി വികസിപ്പിച്ച പുതിയ സെക്രട്ടേറിയറ്റ് നെ സമ്മേളനം തെരഞ്ഞെടുത്തു. ഹേമലത, തപൻ സെൻ, എം എൽ മല്കൊടിയ എന്നിവർ വീണ്ടും പ്രസിഡന്റ്, ജനറൽ സെക്രട്ടറി, ട്രെഷറർ സ്ഥാനങ്ങളിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടു. കഴിഞ്ഞ സമ്മേളനത്തിൽ തെരഞ്ഞെടുക്കപ്പെട്ട അഞ്ചു ഭാരവാഹികൾ – ശ്യാമൾ ചക്രവർത്തി, ദീപക് സാസ്ഗുപ്ത, ബസുദേവ് ആചാര്യ, രത്ന ദത്ത, സുധ ഭാസ്കർ എന്നിവർ – ആരോഗ്യകാരണങ്ങൾ കൊണ്ടും മറ്റ് ഉത്തരവാദിത്തങ്ങൾ ഏറ്റെടുക്കുന്നതുകൊണ്ടും ഒഴിവായി. പുതിയതായി എട്ടു പേർ തെരഞ്ഞെടുക്കപ്പെട്ടു സുഭാഷ് മുഖർജീ, അനാദി സാഹു, മധുമിത ബന്ധോപാധ്യായ, ചുക്ക രാമുലു, തപൻ ശർമ, പ്രമോദ് പ്രധാൻ, അമിതാവ ഗുഹ, ആർ കരുമലയൻ എന്നിവർ. ബസുദേവ് ആചാര്യ സെക്രട്ടേറിയറ്റ് യോഗങ്ങളിലെ സ്ഥിരം ക്ഷണിതാവായിരിക്കും.

425 അംഗങ്ങളുള്ള ജനറൽ കൗൺസിലിനെയും സമ്മേളനം തെരഞ്ഞെടുത്തു. മേൽപ്പറഞ്ഞ ഭാരവാഹികളെ കൂടാതെയാണ് ഇവരെ തെരഞ്ഞെടുത്തിരിക്കുന്നത്. ഈ ജനറൽ കൗൺസിൽ ഭാരവാഹികളെ കൂടാതെ 125 അംഗങ്ങളുള്ള ഒരു പ്രവർത്തകസമിതിയെ തെരഞ്ഞെടുത്തു. എ സൗന്ദരരാജൻ കൃതജ്ഞത അറിയിക്കുകയും, നിറഞ്ഞ കയ്യടിയുടെ അകമ്പടിയോടെ വോളണ്ടിയർമാരെ പ്രതിനിധികൾക്ക് പരിചയപ്പെടുത്തുകയും ചെയ്തു.

വളരെ നന്നായി നടപടികൾ മുന്നോട്ടു കൊണ്ടുപോയതിന് പ്രസിഡിയത്തിന് വേണ്ടി ഹേമലത പ്രതിനിധികളോട് നന്ദി അറിയിച്ചു. പശ്ചിമ ബംഗാൾ സംസ്ഥാന കമ്മിറ്റിയുടെ അഭ്യർഥന പ്രകാരം, ആദ്യസമ്മേളനം നടന്ന കൊൽക്കത്ത നഗരത്തിൽ തന്നെ മെയ് 30 ന് സുവർണജൂബിലി ആഘോഷങ്ങളുടെ സമാപനം നടത്തുന്നതായി അറിയിച്ചു. ഇതിനു ശേഷം പുതിയ ജനറൽ കൗൺസിലിന്റെ ആദ്യ സമ്മേളനം നടക്കും. പ്രവർത്തനങ്ങളുടെ ദിശമാറ്റുകയും സംഘടനാപരമായും പ്രത്യയശാസ്ത്രപരമായും സിഐടിയുവിനെ ശക്തിപ്പെടുത്തുകയും ചെയ്യേണ്ടതിനെക്കുറിച്ച് അവർ ഊന്നിപ്പറഞ്ഞു. തൊഴിലാളി വർഗത്തിന്റെ സംഘടിതശക്തിയെ തോൽപ്പിക്കാൻ ഭൂമിയിൽ ആർക്കും സാധ്യമല്ല; അതിനായി മുൻപ് ശ്രമിച്ച എല്ലാവരും ചരിത്രത്തിന്റെ ചവറ്റുകുട്ടയിലാണ് അവസാനിച്ചത് എന്ന് ഓർമിപ്പിച്ചുകൊണ്ട് സമ്മേളനം ഉപസംഹരിച്ചു.

എത്തിപ്പെടാത്തവരിലേയ്ക്ക് എത്തിപ്പെടൽ, നയങ്ങളെ പ്രശ്നങ്ങളുമായി ബന്ധപ്പെടുത്തുകയും നയരൂപീകരണത്തിലെ രാഷ്ട്രീയത്തെ തുറന്നു കാട്ടുകയും ചെയ്യുക, ഒത്തൊരുമിച്ചുള്ള പോരാട്ടങ്ങളെ കൂടുതൽ ഉയരങ്ങളിലെയ്ക്കെത്തിക്കുക, ഇതിനായി, ഭിന്നിപ്പും അസ്വസ്ഥതകളും ഉണ്ടാക്കുന്ന ശക്തികളെ ചെറുക്കുക എന്നിങ്ങനെയുള്ള സന്ദേശങ്ങൾ വഹിച്ചുകൊണ്ട് പ്രവർത്തിക്കാനുള്ള ആവേശവും ഉറച്ച തീരുമാനവുമായാണ് പ്രതിനിധികൾ സമ്മേളനം അവസാനിപ്പിച്ചത്.

സമ്മേളനത്തിന്റെ സുഗമമായ നടത്തിപ്പിന് സ്വാഗതസംഘം വളരെ നല്ല സംവിധാനങ്ങളാണ് ഒരുക്കിയിരുന്നത്.

വൈകുന്നേരം കൂറ്റൻ പ്രകടനവും പൊതുയോഗവും സൗന്ദരരാജന്റെ അധ്യക്ഷതയിൽ നടന്നു. തപൻ സെൻ, ഹേമലത, എ കെ പത്മനാഭൻ, സുകുമാരൻ WFTU പ്രസിഡന്റ് മുതലായവർ യോഗത്തെ അഭിസംബോധന ചെയ്തു. ■



# അധ്യക്ഷപ്രസംഗം

## പ്രധാന വിഷയങ്ങൾ

സിഐടിയുവിന്റെ സുവർണജൂബിലി വർഷം നടക്കുന്ന പതിനാറാം സമ്മേളനം നമുക്ക് തരുന്നത് അതിന്റെ ഭരണഘടനയിൽ പറഞ്ഞിട്ടുള്ള, വർഗ്ഗസമരത്തിലൂടെ സാമൂഹികമാറ്റം സാധ്യമാക്കി എല്ലാത്തരം ചൂഷണങ്ങളും അവസാനിപ്പിക്കുക എന്ന ലക്ഷ്യത്തെ മുന്നോട്ടു കൊണ്ടുപോകുവാനുള്ള നമ്മുടെ പ്രവർത്തനങ്ങളെ സ്വയം വിമർശനാത്മകമായി നോക്കിക്കാണാനുള്ള ഒരവസരമാണ്.

നമ്മുടെ രാജ്യത്തെ തൊഴിലാളി വർഗം നേരിടുന്ന പ്രശ്നങ്ങൾ – നവലിബറൽ ആക്രമണങ്ങൾ, ഏകാധിപത്യ-ഫാസിസ്റ്റുപ്രവണതകൾ, മതം, ജാതി, പ്രദേശം, ഭാഷ, ലിംഗഭേദം മുതലായവ ഉപയോഗിച്ച് നമ്മെ ഭിന്നിപ്പിക്കാനുള്ള ശ്രമങ്ങൾ തുടങ്ങിയവ നമ്മുടെ രാജ്യത്തിന്റെ മാത്രം പ്രത്യേകതയല്ല.

ലോകം മുഴുവൻ മുതലാളിത്തം കനത്ത വെല്ലുവിളികൾ നേരിടുന്ന ഈ ഘട്ടത്തിൽ തങ്ങളുടെ ലാഭം സംരക്ഷിക്കാനും കൂട്ടാനും ഭരണവർഗം നടപ്പാക്കുന്ന പദ്ധതിയുടെ ഭാഗമാണ് ഇവയൊക്കെത്തന്നെ. ഇപ്പോഴുള്ള സംവിധാനത്തിൽ മാനുഷികമായ പ്രശ്നങ്ങൾക്ക് ഒരു പരിഹാരം കാണാൻ മുതലാളിത്തവ്യവസ്ഥിതിയ്ക്ക് സാധിക്കുന്നില്ല. നവലിബറലിസമാകട്ടെ ഒരു അടഞ്ഞ വഴിയായി മാറിയിരിക്കുന്നു. എന്നാൽ അവ സ്വയം തകർച്ചയിലേക്ക് പോകും എന്ന് ഇതിനർത്ഥമില്ല. അദ്ധ്വാനവർഗ്ഗം അവരെ പുറത്താക്കും വരെ തൊഴിലാളികളെ കൂടുതൽ ചൂഷണം ചെയ്തും, പൊതുമുതൽ കട്ടുമുടിച്ചും ജീവൻ നിലനിർത്താൻ മുതലാളിത്തം ശ്രമിച്ചുകൊണ്ടേയിരിക്കും.

**ഇപ്പോഴുള്ള സംവിധാനത്തിൽ മാനുഷികമായ പ്രശ്നങ്ങൾക്ക് ഒരു പരിഹാരം കാണാൻ മുതലാളിത്ത വ്യവസ്ഥിതിയ്ക്ക് സാധിക്കുന്നില്ല. നവലിബറലിസമാകട്ടെ ഒരു അടഞ്ഞ വഴിയായി മാറിയിരിക്കുന്നു. എന്നാൽ അവ സ്വയം തകർച്ചയിലേക്ക് പോകും എന്ന് ഇതിനർത്ഥമില്ല. അദ്ധ്വാനവർഗ്ഗം അവരെ പുറത്താക്കും വരെ തൊഴിലാളികളെ കൂടുതൽ ചൂഷണം ചെയ്തും, പൊതുമുതൽ കട്ടുമുടിച്ചും ജീവൻ നിലനിർത്താൻ മുതലാളിത്തം ശ്രമിച്ചുകൊണ്ടേയിരിക്കും.**

അനവധി ലോകരാജ്യങ്ങളിലെ തൊഴിലാളികൾ തങ്ങളുടെ ജീവനോപാധികൾക്കും സമരംചെയ്തുനേടിയ അടിസ്ഥാന അവകാശങ്ങൾക്കും നേരെയുള്ള ആക്രമണങ്ങളെ ചെറുക്കാനുള്ള പോരാട്ടത്തിലാണ്. ഏതാണ്ട് ഒരേ സമയം ഒരേ കാരണങ്ങൾക്കു വേണ്ടി ഇത്രയേറെ രാജ്യങ്ങളിൽ സമരങ്ങൾ നടക്കുന്നത് ചരിത്രത്തിൽ ഇതാദ്യമാണ്. ഇന്റർനാഷണൽ ലേബർ ഓർഗനൈസേഷന്റെ (ILO) യുടെ കണക്കുകൾ പറയുന്നത് ലോകത്തെ പതിനൊന്നു പ്രദേശങ്ങളിൽ ഏഴിടത്ത് ഒരേ സമയം തൊഴിലാളികൾ സമരത്തിലാണ് എന്നാണ്.

കൂടാതെ, പല രാജ്യങ്ങളിലെയും സർക്കാരുകൾ അദ്ധ്വാനവർഗത്തിന്റെ ചെലവിൽ സ്വദേശത്തും വിദേശത്തുമുള്ള കോർപ്പറേറ്റ് ഭീമന്മാർക്ക് വേണ്ടി നവലിബറൽ നയങ്ങൾ നടപ്പിൽവരുത്തുന്നതിനെതിരെ അവിടുത്തെയൊക്കെ ജനങ്ങൾ പ്രതിഷേധിച്ചിരുന്നു. ചിലി, ഫ്രാൻസ്, ഹൈതി, ഇറാൻ, ഇറാഖ് മുതലായ രാജ്യങ്ങളി

**നവലിബറലിസം കാലാകാലങ്ങളോളം നിലനിൽക്കില്ലെന്ന് തെളിയിക്കപ്പെട്ടിട്ടുള്ളതാണ്. മുതലാളിത്തത്തിന്മേലുള്ള വിശ്വാസവും അനുദിനം തകരുന്നു. ഈ അവസ്ഥയിൽ ജനങ്ങൾ, പ്രത്യേകിച്ചും യുവജനങ്ങൾ ഒരു ബദൽ തിരയുന്നുണ്ട്. അവർ കൂടുതൽ സോഷ്യലിസ്റ്റ് ആശയങ്ങളോട് അടുക്കുന്നുണ്ട്. ഇത് തടയുന്നതിനായി അന്താരാഷ്ട്രസാമ്പത്തിക ശക്തികളും അമേരിക്കൻ സാമ്രാജ്യത്വവും നവലിബറലിസത്തെ പിന്തുണയ്ക്കുന്ന തീവ്രവലതുപക്ഷശക്തികളെ പ്രോത്സാഹിപ്പിക്കുകയും, അതെ സമയം അവസരവാദപരവും ഭിന്നിപ്പുണ്ടാക്കുന്നതുമായ മുദ്രാവാക്യങ്ങൾ വഴി ജനങ്ങളെ കബളിപ്പിക്കുകയുമാണ്.**

16th ALL INDIA CITU CONFERENCE
2020 January 23 -27- Chennai

ലെല്ലാം നാളുകളായി സമരം നടക്കുകയാണ്.

നവലിബറലിസം കാലാകാലങ്ങളോളം നിലനിൽക്കില്ലെന്ന് ഇതിനോടകം തെളിയിക്കപ്പെട്ടിട്ടുള്ളതാണ്. മുതലാളിത്തത്തിന്മേലുള്ള വിശ്വാസവും അനുദിനം തകരുന്നു. ഈ അവസ്ഥയിൽ ജനങ്ങൾ, പ്രത്യേകിച്ചും യുവജനങ്ങൾ ഒരു ബദൽ തിരയുന്നുണ്ട്. അവർ കൂടുതൽ സോഷ്യലിസ്റ്റ് ആശയങ്ങളോട് അടുക്കുന്നുണ്ട്.

ഇത് തടയുന്നതിനായി അന്താരാഷ്ട്രസാമ്പത്തിക ശക്തികളും അമേരിക്കൻ സാമ്രാജ്യത്വവും നവലിബറലിസത്തെ പിന്തുണയ്ക്കുന്ന തീവ്രവലതുപക്ഷശക്തികളെ പ്രോത്സാഹിപ്പിക്കുകയും, അതെ സമയം അവസരവാദപരവും ഭിന്നിപ്പുണ്ടാക്കുന്നതുമായ മുദ്രാവാക്യങ്ങൾ വഴി ജനങ്ങളെ കബളിപ്പിക്കുകയുമാണ്. ജാതി, ദേശം, നിറം, ഭാഷ, ലിംഗഭേദം എന്നിവയുടെ പേരിൽ ജനങ്ങളെ തമ്മിലടിപ്പിച്ച്, അവരുടെ പ്രശ്നങ്ങളുടെ യഥാർഥ കാരണമായ ചൂഷണ വ്യവസ്ഥിതിയിൽ നിന്ന് അവരുടെ ശ്രദ്ധ തിരിക്കുകയാണ് ഇവർ ചെയ്യുന്നത്. നമ്മുടെ രാജ്യത്തെ BJP യെ പോലെതന്നെ ലോകത്ത് എല്ലായിടത്തും തീവ്രവലതുപക്ഷം അന്താരാഷ്ട്രസാമ്പത്തികശക്തികളുടെയും അമേരിക്കൻ സാമ്രാജ്യത്വത്തിന്റെയും ഭൃത്യവേലയാണ് ചെയ്യുന്നത്.

വെനസ്വേല, ബൊളിവിയ, ബ്രസീൽ, ഇറാഖ്, ഇറാൻ തുടങ്ങി പല രാജ്യങ്ങളിലെയും ജനങ്ങളും തങ്ങളുടെ നാട്ടിൽ അമേരിക്കൻ സാമ്രാജ്യത്വം നടത്തുന്ന കടന്നുകയറ്റത്തിനെതിരെ പൊരുതുകയാണ്.

നമ്മുടെ നാട്ടിൽ നടക്കുന്ന മനുഷ്യാവകാശ -ജനാധിപത്യ ധ്വംസനങ്ങൾക്കെതിരെ പൊരുതുമ്പോൾ തന്നെ, രാജ്യാന്തരതലത്തിലെ അനുഭവങ്ങൾ കൂടെ മനസ്സിലാക്കേണ്ടതുണ്ട്. ആഗോളസാമ്പത്തികശക്തികളുടെയും അവയുടെ ദാസ്യവേല ചെയ്യുന്ന സർക്കാരുകളുടെയും ആക്രമണമേല്ക്കുന്ന ആഗോള തൊഴിലാളിവർഗത്തിന്റെ ഭാഗമാണ് നമ്മളും എന്ന തിരിച്ചറിവ് നമുക്ക് ആവശ്യമാണ്. നമ്മുടെ ആവശ്യങ്ങളും, തങ്ങളുടെ സ്വദേശത്തും വിദേശത്തുമുള്ള കോർപ്പറേറ്റ് യജമാനന്മാരെ പ്രീതിപ്പെടുത്താൻ വേണ്ടി സർക്കാർ സ്വീകരിക്കുന്ന ദേശീയനയങ്ങളും മനസ്സിലാക്കുകയും തൊഴിലാളികളെ ബോധ്യപ്പെടുത്തുകയും വേണം. ഇത് സാർവദേശീയത വികസിപ്പിക്കാനും അവരെ അന്തർദേശീയതലത്തിൽ ഉണ്ടാകേണ്ട തൊഴിലാളിവർഗ്ഗ ഐക്യദാർഢ്യത്തെക്കുറിച്ച് മനസ്സിലാക്കിക്കൊടുക്കുവാനും സഹായിക്കും.

ഇതിനാവശ്യം, സംഘടനയെക്കുറിച്ചുള്ള കോഴിക്കോട് രേഖയുടെ അടിസ്ഥാനത്തിൽ നമ്മുടെ ചിന്തയും പ്രവർത്തനവും പുനക്രമീകരിക്കുക എന്നതാണ്. സംഘടിതതൊഴിലാളിവർഗത്തിന്റെ സഹജശക്തി നാം തിരിച്ചറിയണം. ഒരു വ്യക്തിയുടെ നിസ്സഹായത നിഴലിക്കുന്ന ശബ്ദത്തിലുള്ള 'നമുക്കെന്തുചെയ്യാനാകും?' എന്ന ചോദ്യം, സംഘടിതരായ തൊഴിലാളിവർഗത്തിന്റെ ആത്മവിശ്വാസം സ്ഫുരിക്കുന്ന 'നമുക്ക് ചെയ്യാൻ സാധിക്കാത്തതായി എന്തുണ്ട്?' എന്ന ചോദ്യത്തിനു വഴിമാറണം. ഇത് സാധിക്കണമെങ്കിൽ കീഴ്ഘടകം മുതൽ എല്ലാ ഘടകങ്ങളുടെയും പ്രവർത്തനം പുനരുജ്ജീവിപ്പിക്കുകയും എല്ലാ പ്രവർത്തകരിലും പ്രത്യയശാസ്ത്രത്തിന്റെ ഊർജ്ജം നിറയ്ക്കുകയും വേണം. ഈ സമ്മേളനം, എല്ലാത്തരം ചൂഷണങ്ങളെയും ഇല്ലാതാക്കുക എന്ന നമ്മുടെ ഭരണഘടനാപരമായ ലക്ഷ്യം നേടാനായി നടക്കുന്ന സമരങ്ങളെ കൂടുതൽ വിപുലമാക്കാനുതകുന്ന തന്ത്രങ്ങളും അടവുകളും ചർച്ചചെയ്യുകയും തീരുമാനിക്കുകയും വേണം. ■

# വർഗീയമായി ഭിന്നിപ്പിക്കൽ മുതലാളിത്ത തന്ത്രം

## മക്വയിബ




വർഗീയമായി ജനങ്ങളെ ഭിന്നിപ്പിച്ച് അധികാരം സ്ഥാപിക്കുക എന്നത് മുതലാളിത്ത രീതിയാണെന്ന് വേൾഡ് ഫെഡറേഷൻ ഓഫ് ട്രേഡ് യൂണിയൻസ് പ്രസിഡന്റ് മാൻഡ്രിൽ മൈക്കൾ മക്വയിബ പറഞ്ഞു. ലോകത്ത് മുതലാളിത്ത പാത പിന്തുടരുന്നിടത്തെല്ലാം നടക്കുന്നത് തന്നെയാണ് ഇന്ത്യയിലും നരേന്ദ്ര മോഡി നടപ്പാക്കുന്നത്. സർക്കാരിന്റെ തൊഴിലാളി വിരുദ്ധ നിലപാടുകൾക്കെതിരെ സന്ധിയില്ലാതെ സമരം ചെയ്യുന്ന ഇന്ത്യൻ തൊഴിലാളി വർഗം അഭിനന്ദനം അർഹിക്കുന്നു.

മുതലാളിത്ത ശക്തികൾക്കെതിരായ പോരാട്ടത്തിൽ ലോകത്തെമ്പാടുമുള്ള തൊഴിലാളികൾ ഒന്നിച്ചണിനിരക്കണം. സാമ്രാജ്യത്വം ലോകത്തെവിടെയും തൊഴിലവസരം സൃഷ്ടിക്കുന്നില്ല. അവർ അസമത്വമാണ് വളർത്തുന്നത്. അവരുടെ ലക്ഷ്യം സമ്പത്ത് ഉണ്ടാക്കൽ മാത്രമാണ്. മുതലാളിത്തത്തിന്റെ പുതിയ അടവുകൾ ചെറുക്കാൻ വിശാല തൊഴിലാളി ഐക്യം ശക്തിപ്പെടണം. സ്ത്രീകളുടെ വിമോചനം പുതിയ കാലത്തെ സമരങ്ങളുടെ പ്രധാന അജണ്ടയാകണം. ലോകമെമ്പാടും 4.4 കോടി തൊഴിൽ രഹിതർ ഉണ്ടെന്നാണ് കണക്ക്. തൊഴിൽ ഉറപ്പാക്കുന്നതിൽ പരാജയപ്പെട്ട മുതലാളിത്തത്തിന് ബദൽ ഉണ്ടാവണം. ഇതിനായി ലോകമെമ്പാടുമുള്ള കമ്യൂണിസ്റ്റ് പാർടികൾ ഒന്നു ചേർന്ന് പ്രവർത്തിക്കണം. ലോകരാജ്യങ്ങളുടെ പ്രകൃതി വിഭവങ്ങൾ കൈക്കലാക്കാനും മൂലധനം കുന്നുകൂട്ടാനുമായി മറ്റൊരു ലോക മഹായുദ്ധത്തിന് തിരികൊളുത്താനും അമേരിക്ക മടിക്കില്ല- 16-ാം അഖിലേന്ത്യാ സമ്മേളനത്തിൽ അദ്ദേഹം ഊന്നിപ്പറഞ്ഞു.

# മോഡിയുടെ കേരള സർക്കാരിനെതിരെയുള്ള നീക്കങ്ങൾക്കെതിരെ അണിനിരക്കുക

**പ്രമേയം**

നവലിബറൽ ജനവിരുദ്ധ നയങ്ങളുമായി മുന്നോട്ടു പോകുന്ന മോഡി സർക്കാർ കേരളത്തിലെ ഇടതുപക്ഷ ഗവണ്മെന്റിനെ വിഷമ സന്ധിയിലേക്ക് തള്ളിവിടാൻ നിരന്തരം ശ്രമിക്കുകയാണ്. രാഷ്ട്രീയ ശത്രുത മാത്രമാണ് ഇതിന് കാരണം. കേരള സർക്കാർ നവലിബറൽ നയങ്ങൾക്കെതിരെ നിന്നുകൊണ്ട് ജനോപകാരപ്രദമായ ബദൽ നയങ്ങൾ നടപ്പാക്കി വരികയാണ്. കേരള സർക്കാരിന് അവകാശപ്പെട്ട സാമ്പത്തിക സഹായം കേന്ദ്ര സർക്കാർ നിഷേധിക്കുകയാണ്. ഇത് രാജ്യത്ത് നിലനിൽക്കുന്ന ജനാധിപത്യപരമായ കേന്ദ്ര- സംസ്ഥാന ബന്ധങ്ങളുടെയും ഫെഡറൽ സംവിധാനത്തിന്റെയും കടക്കൽ കത്തിവയ്ക്കുന്നതാണ്. ജിഎസ്ടിയുടെ പങ്കായി കഴിഞ്ഞ ഡിസംബർ മാസത്തിൽ 1600 കോടി രൂപ കേരള സർക്കാരിന് ലഭിക്കേണ്ടതായിരുന്നു. അതിന്നുവരെ ലഭിച്ചിട്ടില്ല. 2000 കോടി രൂപ വെള്ളപ്പൊക്ക ദുരിതാശ്വാസത്തിന് ലഭിക്കേണ്ടതായിരുന്നു. അതും നിഷേധിച്ചിരിക്കുന്നു. മറ്റു സംസ്ഥാനങ്ങൾക്ക് വെള്ളപ്പൊക്ക ദുരിതാശ്വാസ ഫണ്ട് അനുവദിച്ചപ്പോഴാണ് കേരളത്തെ ഒഴിവാക്കിയതെന്നതും ശ്രദ്ധിക്കേണ്ടതാണ്. എംഎൻആർഇജിക്ക് 1300 കോടി രൂപയും നെല്ലിന് താങ്ങുവിലയായി 1000 കോടി രൂപയും കൊടുത്തിട്ടില്ല. കമ്പോളത്തിൽ നിന്ന് ന്യായമായി കടമെടുക്കാവുന്ന തുകപോലും എടുക്കാൻ അനുവദിക്കുന്നില്ല. ഇതെല്ലാം കേരളത്തിന്റെ വികസന പ്രവർത്തനങ്ങളെ സാരമായി ബാധിക്കുന്നു.

കേരളത്തിലെ എൽഡിഎഫ് സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കാൻ ശ്രമിക്കുമ്പോൾ കേന്ദ്ര സർക്കാർ കേരളത്തിലെ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളായ ബിപിസിഎൽ, എച്ച്എംഎൽ, ബിഎംഎൽ, തിരുവനന്തപുരം എയർപോർട്ട് തുടങ്ങിയവയെല്ലാം സ്വകാര്യവൽക്കരിക്കാൻ ശ്രമിക്കുകയാണ്. എച്ച്എൻഎൽ ഏറ്റെടുക്കാൻ കേരള സർക്കാർ തയാറായിട്ടും കേന്ദ്ര സർക്കാർ പൂർണ സമ്മതം നൽകിയിട്ടില്ല.

ഗവർണറുടെ ഓഫീസിനെ ഉപയോഗിച്ചും കേന്ദ്ര സർക്കാർ കേരള ഗവണ്മെന്റിനെ ബുദ്ധിമുട്ടിക്കുകയാണ്. അടുത്തിടെ പുതുതായി നിയമിതനായ കേരള ഗവർണർ ശ്രീ ആരിഫ് മുഹമ്മദ് ഖാൻ കേരള സർക്കാരുമായി നിരന്തരം ഏറ്റുമുട്ടലിലാണ്.

തൊഴിലാളികളുടെ താല്പര്യവും അവകാശങ്ങളും സംരക്ഷിക്കുന്നതിൽ കേരള ഗവണ്മെന്റ് മുൻപന്തിയിലാണ്. കേന്ദ്ര സർക്കാർ നടപ്പാക്കുന്ന തൊഴിലാളി വിരുദ്ധ നയങ്ങൾ നടപ്പാക്കില്ലെന്ന ഉറച്ച സമീപനമാണ് കേരള സർക്കാർ സ്വീകരിക്കുന്നത്.

വർഗീയതക്കെതിരായ ശക്തമായ നിലപാടാണ് കേരള സർക്കാർ സ്വീകരിച്ചിരിക്കുന്നത്. ബിജെപിയും സംഘപരിവാറും ജനങ്ങളെ വർഗീയതയുടെ അടിസ്ഥാനത്തിൽ വിഭജിക്കാൻ ശ്രമിക്കുമ്പോൾ കേരള സർക്കാർ എല്ലാവരെയും യോജിപ്പിച്ചുകൊണ്ട് അതിനെ പ്രതിരോധിക്കുകയാണ്. 50 ലക്ഷം ജനങ്ങൾ പങ്കെടുത്തുകൊണ്ട് ജനുവരി 26 ന് കേരളത്തിൽ ഒരു മനുഷ്യമഹാ ശൃംഖല തന്നെ തീർത്തു. സിഐടിയുവിന്റെ ചെന്നൈയിൽ ചേരുന്ന 16-ാം കോൺഗ്രസ് കേന്ദ്ര സർക്കാരിന്റെ കേരള ഗവണ്മെന്റിനെതിരായ നീക്കങ്ങളെ അപലപിക്കുന്നു. ഇത്തരം ജനാധിപത്യ വിരുദ്ധ നീക്കങ്ങളിൽ നിന്ന് പിൻതിരിയണമെന്നും സമ്മേളനം ആവശ്യപ്പെടുന്നു.



# ജനറൽ സെക്രട്ടറിയുടെ പ്രസംഗം

അമേരിക്കയുടെ നേതൃത്വത്തിൽ സാമ്രാജ്യത്വം ജനാധിപത്യപരമായി തെരഞ്ഞെടുത്ത സർക്കാരുകളെ അസ്ഥിരപ്പെടുത്താനുള്ള ശ്രമങ്ങൾ പല രാജ്യങ്ങളിലും നടക്കുന്നുണ്ട്. ജനങ്ങൾ തങ്ങളുടെ ജനാധിപത്യാവകാശങ്ങൾ വിനിയോഗിക്കാൻ ശ്രമിക്കുമ്പോൾ അവരെ അടിച്ചമർത്താൻ ഫാസിസ്റ്റ് ശക്തികളെ പോലും കൂട്ടുപിടിക്കാൻ അത് മടിക്കുന്നില്ല.

തങ്ങളുടെ ജീവനോപാധികളുടെയും അവകാശങ്ങളുടെയും മേലുള്ള ആക്രമണങ്ങളെ ചെറുക്കാൻ ലോകമൊട്ടാകെയുള്ള തൊഴിലാളികളും പൊതുജനങ്ങളും നടത്തുന്ന സമരങ്ങൾ ഞങ്ങളെ പ്രചോദിപ്പിക്കുന്നു. നമ്മുടെ സാർവദേശീയതാബോധം ഇനിയും ഉയർത്തുകയും വ്യക്തതനേടുകയും വേണ്ടിയിരിക്കുന്നു. ഇത് സാമ്രാജ്യത്വത്തിനെതിരെ പൊരുതാനും എല്ലാ ചൂഷണങ്ങളും ഇല്ലാതാക്കുക എന്ന നമ്മുടെ ലക്ഷ്യം നേടാനുമുള്ള ആത്മവിശ്വാസം വർദ്ധിപ്പിക്കും.

സിഐടിയു ജന്മം കൊണ്ടത് തന്നെ 'സംഘടിക്കുക, പോരാടുക' എന്ന മുദ്രാവാക്യവുമായാണ്. നമ്മുടെ പതിനാറാം സമ്മേളനം നടക്കുന്ന ഈ സുവർണജൂബിലി വർഷത്തിൽ, സംയുക്ത ട്രേഡ് യൂണിയൻ പ്രസ്ഥാനത്തിന്റെ വളർച്ചയിലും നിലനില്പിലും നമ്മുടെ പങ്കിൽ നമുക്ക് അഭിമാനം കൊള്ളാം. ഇപ്പോൾ ഏതാണ്ട് സ്ഥിരതയുള്ള ഐക്യം തന്നെ ദേശീയ/സംസ്ഥാനതലങ്ങളിൽ നിലവിലുണ്ട്. ഇത് ഏറ്റവും താഴേതട്ട് വരെ എത്തിക്കണം.

നമ്മുടെ സുവർണജൂബിലി വർഷത്തിൽ, അത്യാവശ്യം നടത്തേണ്ട ഒരു പ്രവർത്തനം, തൊഴിലാളികളുടെ രാഷ്ട്രീയവും പ്രത്യയശാസ്ത്രപരവുമായ ബോധം ഉയർത്തുക എന്നതാകണം.

RSSഉം BJPയും നയിക്കുന്ന തീവ്രവലതുപക്ഷ ശക്തികൾ തങ്ങളുടെ ബലം കേന്ദ്രീകൃതമാക്കാൻ ശ്രമിച്ച് കൊണ്ടേ ഇരിക്കുന്നു. തൊഴിലാളിവർഗ്ഗവും, കഠിനാധ്വാനം ചെയ്യുന്ന മറ്റുള്ളവരും 2019ൽ BJP കേന്ദ്രത്തിൽ അധികാരത്തിൽ വന്നത് മുതൽ നാല് രീതിയിലുള്ള ആക്രമണങ്ങൾക്ക് വിധേയരാകുന്നു. ഒന്നാമത്, നവലിബറൽ നയങ്ങൾ വിട്ടുവീഴ്ചയില്ലാതെ അടിച്ചേൽപ്പിക്കുക; രണ്ടാമത്, മതം, ജാതി എന്ന പേരിൽ ധ്രുവീകരണം വർദ്ധിപ്പിക്കൽ; മൂന്നാമത്, ഏകാധിപത്യരീതികൾ ഉപയോഗിച്ച് BJPയുടെ വർഗബന്ധുക്കളെ സഹായിക്കുക; നാലാമത്, ഇന്ത്യയെ അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ അനുസരണയുള്ള ശിങ്കിടിയാക്കി മാറ്റാനുള്ള കാര്യമായ ശ്രമങ്ങൾ.

BJP അധികാരത്തിൽ വന്നാൽ രാജ്യത്തിനും നമ്മുടെ ജനങ്ങൾക്കും ഉള്ള അപകടം നമുക്ക് അറിയാമായിരുന്നു. സംയുക്ത ട്രേഡ് യൂണി

യൻ സമിതി, പാർലമെന്റ് തെരഞ്ഞെടുപ്പിൽ BJP യെ പരാജയപ്പെടുത്തണം എന്ന് ആഹ്വാനം ചെയ്തിരുന്നു. തെരഞ്ഞെടുപ്പിന് മുൻപായി BJP അതിരുവിട്ട യുദ്ധക്കൊതിയും വർഗ്ഗീയ ധ്രുവീകരണവും പുറത്തെടുക്കും എന്ന് സിഐടിയു പ്രവർത്തക സമിതി താക്കീത് ചെയ്തിരുന്നു. എന്നാൽ ഈ സന്ദേശം സാധാരണ തൊഴിലാളികളിലേയ്ക്ക് മാത്രമല്ല, നമ്മുടെ അംഗങ്ങളിലേയ്ക്കും പ്രവർത്തകരിലേയ്ക്കും പോലും എത്തിക്കുന്നതിൽ നാം പരാജയപ്പെട്ടു. ഭരണപരാജയത്തിൽ നിന്നും ജനശ്രദ്ധ തിരിക്കാനുള്ള BJP കുതന്ത്രങ്ങൾ തൊഴിലാളികളെ ബോധ്യപ്പെടുത്താൻ നമുക്കായില്ല. ഇതേക്കുറിച്ച് ഒരു സ്വയംവിമർശനം നടത്തേണ്ടത് അത്യാവശ്യമാണ്.

തൊഴിലാളിവർഗത്തിന് തങ്ങളുടെ യഥാർത്ഥ ബന്ധുക്കളും ശത്രുക്കളും ആരെല്ലാം എന്ന് മനസ്സിലാക്കിക്കൊടുക്കാൻ നമുക്ക് സാധിച്ചിട്ടില്ല. ഈ പരാജയത്തിന്റെ കാരണമെന്ത് എന്ന് നമ്മൾ ചിന്തിക്കുകയും, ഇതിനെ അതിജീവിക്കാനുള്ള കൃത്യമായ നിർദേശങ്ങൾ നൽകുകയും വേണം.

അധികാരത്തിൽ തിരിച്ചെത്തിയതിനു ശേഷം BJP സർക്കാർ നവലിബറൽ അജണ്ടയായ സ്വകാര്യവൽകരണം, ജീവനോപാധികൾ, തൊഴിൽപരമായ അവകാശങ്ങൾ എന്നിവയുടെ മേലുള്ള കടന്നുകയറ്റം എന്നിവ പൂർവാധികം ശക്തമാക്കിയിരിക്കുന്നു.

റെയിൽവേ, പ്രതിരോധം, കൽക്കരി, ഉരുക്ക്, മുതലായ തന്ത്രപ്രധാനമായ മേഖലകളിൽ പോലും സ്വകാര്യവൽക്കരണം കൊണ്ട് വരികയാണ്. രാജ്യത്തിന്റെ സമ്പത്ത് മുഴുവൻ വിറ്റ് തുലയ്ക്കുകയും പ്രകൃതിവിഭവങ്ങൾ സ്വദേശത്തും വിദേശത്തുമുള്ള വൻകിട കോർപ്പറേറ്റുകൾക്ക് കൈമാറുകയുമാണ് ചെയ്യുന്നത്.






വേതനത്തെ സംബന്ധിച്ച നിയമ ഭേദഗതി പാർലമെന്റ് പാസ്സാക്കിക്കഴിഞ്ഞു. മറ്റു മൂന്നു നിയമങ്ങൾ – തൊഴിലിടങ്ങളിലെ സുരക്ഷ, വ്യാവസായിക ബന്ധങ്ങൾ, സാമൂഹ്യസുരക്ഷ എന്നിവയെ സംബന്ധിക്കുന്നവ, പാർലമെന്റിൽ അവതരിപ്പിക്കുകയും സ്റാന്റിംഗ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് വിടുകയും ചെയ്തിരിക്കുന്നു. ഇവയുടെ ലക്ഷ്യം തന്നെ തൊഴിലാളികളുടെ നിലവിലുള്ള ആനുകൂല്യങ്ങൾ വെട്ടിക്കുറയ്ക്കുക, പൊരുതിനേടിയ അവകാശങ്ങൾ തട്ടിയെടുക്കുക, ശേഷം ഏതാണ്ട് അടിമകളായി മാറ്റുക എന്നതാണ്.

BJP സർക്കാർ കാശ്മീരിൽ പ്രാബല്യത്തിലുണ്ടായിരുന്ന ആർട്ടിക്കിൾ 370 പിൻവലിക്കുകയും ആ സംസ്ഥാനത്തെ രണ്ടു കേന്ദ്രഭരണപ്രദേശങ്ങളായി വിഭജിക്കുകയും ചെയ്തു. അതിനു ശേഷം ഭരണഘടനാവിരുദ്ധമായ പൗരത്വനിയമം, ദേശീയ ജനസംഖ്യാ രജിസ്റ്റർ എന്നിവ നടപ്പിൽവരുത്തി ജനങ്ങളെ മതാടിസ്ഥാനത്തിൽ ഭിന്നിപ്പിച്ചു. സർവകലാശാലാ വിദ്യാർഥികൾ ഉൾപ്പെടെയുള്ളവരുടെ സമാധാനപരമായ പ്രതിഷേധം പോലീസിനെയും RSS ഗുണ്ടസംഘങ്ങളെയും ഉപയോഗിച്ച് അടിച്ചമർത്താൻ ശ്രമം തുടരുന്നു.

എന്നിരുന്നാലും, പല മേഖലകളിലെ തൊഴിലാളികളും സർക്കാർ നയങ്ങൾക്കെതിരെ ഇപ്പോൾ തന്നെ സമരത്തിലാണ്. BJP യ്ക്ക് വോട്ട് ചെയ്തവർ പോലും പ്രക്ഷോഭങ്ങളുടെ ഭാഗമാകുന്നുണ്ട്. റെയിൽവേ ജീവനക്കാർ, കൽക്കരി തൊഴിലാളികൾ, പ്രതിരോധ ജീവനക്കാർ തുടങ്ങി അനേകം വിഭാഗത്തിൽ പെട്ടവർ സമരത്തിലാണ്. ജനുവരി 8–ാം തീയതി സംയുക്ത ട്രേഡ് യൂണിയൻ ആഹ്വാനം ചെയ്ത രാജ്യവ്യാപകപണിമുടക്കിന് ലഭിച്ച മുൻപെങ്ങും കാണാത്ത പിന്തുണ ഇതാണ് സൂചിപ്പിക്കുന്നത്.

ജനങ്ങൾ, പ്രത്യേകിച്ച് യുവാക്കളും വിദ്യാർത്ഥികളും സ്ത്രീകളും CAA ഉപയോഗിച്ച് ഭരണഘടനയുടെ അടിസ്ഥാനതത്വങ്ങൾ ലംഘിക്കുന്നതിനെതിരെ ക്രൂരമായ പോലീസ് നടപടികൾ വകവെക്കാതെ വലിയ പ്രതിഷേധവുമായി രംഗത്തിറങ്ങുകയാണ്.

തൊഴിലാളിവർഗത്തിന്റെ കൈമുതൽ തന്നെ, തങ്ങളുടെ സംഘടി

തശക്തി ഉപയോഗിച്ച് ഏത് പ്രതികൂലസാഹചര്യത്തെയും ആക്രമണ ത്തെയും നേരിടാം എന്ന വർഗബോധമാണ്.

തൊഴിലാളികൾക്കിടയിൽ സൂക്ഷ്മതലത്തിൽ ഇടപെടുന്നതിലേയ്ക്ക് ശ്രദ്ധ തിരിച്ചു കൊണ്ട് നമ്മുടെ സംഘടനാരീതികൾ പുനക്രമീകരിച്ച് വേണം ഇതിനെ നമുക്ക് ഉപയുക്തമാക്കാൻ. നമ്മുടെ രാഷ്ട്രീയവും പ്ര ത്യയശാസ്ത്രപരവുമായ കാഴ്ചപ്പാടുകളെകുറിച്ച് ഭരണഘടനയിൽ പ റഞ്ഞിരിക്കുന്ന ലക്ഷ്യങ്ങളുടെ അടിസ്ഥാനത്തിൽ കൃത്യമായ ഒരു കാഴ് ചപ്പാട് ആവശ്യമാണ്

സാമാന്യവൽക്കരണങ്ങളിൽ നിന്നും, 'പതിവുപോലെ' എല്ലാ സങ്കു ചിത ചിന്തയിൽ നിന്നും നാം പുറത്ത് കടക്കണം. ഈ തിരിച്ചറിവ് എ ല്ലാ തലങ്ങളിലുമുള്ള പ്രവർത്തകരിലേയ്ക്ക് എത്തുകയും വേണം.

BJP യെ പുറത്താക്കാൻ സംയുക്ത ട്രേഡ് യൂണിയൻ പ്രസ്ഥാനം ന ടത്തിയ രാഷ്ട്രീയ ആഹ്വാനത്തിന്റെ പ്രാധാന്യം മനസ്സിലാക്കാൻ സാധി ക്കാതെ വന്നതിന്റെ ഉത്തരവാദിത്തം നാം ഏറ്റെടുക്കണം.

കഴിഞ്ഞ കുറെ വർഷങ്ങളായി കാണാത്ത വിധം, സംയുക്തമായും അല്ലാതെയും നടന്ന ഇത്രയേറെ സമരമുന്നേറ്റങ്ങളുടെ പശ്ചാത്തലത്തിൽ പോലും, സംഘടനാബലം കൂട്ടാൻ നമുക്ക് സാധിച്ചിട്ടില്ല. ജനാധിപത്യ പരമായ പ്രവർത്തനം, തൊഴിലാളികളുടെ പ്രാദേശികപ്രശ്നങ്ങൾ ഏ റ്റെടുക്കുന്നത്, വിപുലീകരണത്തിനുകൃത്യമായ പദ്ധതി രൂപപ്പെടുത്തൽ, തന്ത്രപ്രധാനമായ മേഖലകളിലെ തൊഴിലാളികളെ സംഘടിപ്പിക്കൽ, അ സംഘടിത മേഖലയ്ക്ക് പ്രാധാന്യം നൽകുക, സ്കീം തൊഴിലാളികൾ ക്കിടയിൽ ചിട്ടയായി പ്രവർത്തിക്കുക തുടങ്ങിയവയിൽ വന്നിട്ടുള്ള വീ ഴ്ചകൾ കണ്ടെത്തുകയും എത്രയും പെട്ടെന്ന് പരിഹരിക്കുകയും വേ ണം. കോഴിക്കോട് രേഖ സംഘടനയെക്കുറിച്ച് പറയുന്ന നിർദേശങ്ങൾ സ്വാംശീകരിച്ച് പ്രവർത്തിക്കേണ്ടത് അത്യാവശ്യമാണ്.

95 പ്രതിനിധികൾ ജനറൽസെക്രട്ടറിയുടെ റിപ്പോർട്ടിനെക്കുറിച്ച് സം സാരിച്ചു. 49 പേർ ഒന്നാം ഭാഗത്തെക്കുറിച്ചും 46 പേർ രണ്ടാം ഭാഗത്തെ ക്കുറിച്ചും. അധ്യക്ഷപ്രസംഗം, റിപ്പോർട്ട് എന്നിവയിലെ പരാമർശങ്ങളോ ടും നിർദേശങ്ങളോടും എല്ലാവരും യോജിച്ചു.



# ഫ്രാൻസിലെ പോരാളികൾക്കൊപ്പം




ഫ്രാൻസിൽ സമരം നടത്തുന്ന റോഡ്- റെയിൽ തൊഴിലാളികൾക്ക് സിഐടിയു അഖിലേന്ത്യാ സമ്മേളനം ഐക്യദാർഢ്യം പ്രഖ്യാപിച്ചു. പ്രസിഡന്റ് ഇമ്മാനുവൽ മാക്രോൺ പ്രഖ്യാപിച്ച പെൻഷൻ പരിഷ്കരണം പിൻവലിക്കണമെന്നാവശ്യപ്പെട്ട് 2019 ഡിസംബർ 5 ന് ആരംഭിച്ച സമരം ശക്തമായി മുന്നോട്ടു പോവുകയാണ്. തൊഴിലാളികളുടെ ആനുകൂല്യങ്ങളെ പ്രതികൂലമായി ബാധിക്കുന്ന തരത്തിൽ രാജ്യത്തെ 42 തരം പെൻഷനുകളെ സംയോജിപ്പിച്ച് ഒന്നാക്കിമാറ്റി. ഇതോടെ കൂടുതൽ വർഷം ജോലി ചെയ്ത് കുറഞ്ഞ പെൻഷൻ വാങ്ങേണ്ട സാഹചര്യത്തിലാണ് തൊഴിലാളികൾ. ഫ്രാൻസിലെ നഴ്സുമാരും അഭിഭാഷകരും പോലീസുമെല്ലാം സമരത്തിൽ പങ്കാളികളായി. 2017 മുതൽ മാക്രോൺ സർക്കാർ നടത്തിയ പരിഷ്കാരങ്ങൾ, തൊഴിലാളി അവകാശങ്ങൾ കവർന്നെടുക്കുന്നവയായിരുന്നു. നവ- ലിബറൽ നയങ്ങൾ എവിടെയെല്ലാം നടപ്പിലാക്കിയിട്ടുണ്ടോ അവിടെയെല്ലാം തൊഴിലാളികളുടെ പെൻഷനും ശമ്പളവും വെട്ടിക്കുറക്കപ്പെടുന്നു. ഫ്രാൻസിലെ പൊരുതുന്ന തൊഴിലാളികൾക്ക് എല്ലാ പിന്തുണയും നൽകുന്നതോടൊപ്പം അവർക്ക് സാമ്പത്തികമായി ഉൾപ്പെടെ കഴിയാവുന്ന എല്ലാ സഹായവും നൽകാൻ ഇന്ത്യയിലെ ട്രേഡ് യൂണിയനുകളോട് സമ്മേളനം ആവശ്യപ്പെട്ടു.

## ക്രഡൻഷ്യൽ റിപ്പോർട്ട്

അഖിലേന്ത്യാ സമ്മേളനത്തിൽ ക്രെഡൻഷ്യൽ റിപ്പോർട്ട് എം എൽ മല്കോടിയ അവതരിപ്പിച്ചു. പ്രതിനിധികളിൽ 70 ശതമാനം അറുപതുവയസ്സിനു താഴെയുള്ളവരാണ് 15-ാം സമ്മേളനത്തിലെ 73 ശതമാനത്തെക്കാൾ കുറവാണിത്. അമ്പതു വയസ്സിൽ താഴെ പ്രായമുള്ളവരുടെ ശതമാനത്തിൽ വ്യത്യാസം വന്നിട്ടില്ല 38 ശതമാനം. കൂടുതൽ യുവാക്കളെ സംഘടനയിലേയ്ക്ക് കൊണ്ടുവരേണ്ടതിന്റെ ആവശ്യം ഇതിൽ നിന്നും വ്യക്തമാണ്. 88 ശതമാനത്തിലധികം പ്രതിനിധികൾ സ്കൂൾവിദ്യാഭ്യാസം പൂർത്തിയാക്കിയവരായിരുന്നു. തൊഴിലാളികളുടെ പങ്കാളിത്തം കഴിഞ്ഞ സമ്മേളനത്തിലെ 46 ശതമാനത്തിൽ നിന്നും 43 ശതമാനമായി കുറഞ്ഞിരിക്കുന്നു. പങ്കെടുത്തവരിൽ 38 ശതമാനം സിഐടിയുവിന്റെ മുഴുവൻസമയ പ്രവർത്തകരാണ്. പതിമൂന്നു പ്രതിനിധികൾ എല്ലാ സമ്മേളനങ്ങളിലും പങ്കെടുത്തിട്ടുള്ളവരും 745 പേരുടെ (38 ശതമാനം) ആദ്യ സമ്മേളനവും ആയിരുന്നു.

## അഭിവാദ്യങ്ങൾ

സഹോദര വർഗബഹുജനസംഘടനകളുടെയും ട്രേഡ് യുനിയനുകളുടെയും നേതാക്കൾ - അഖിലേന്ത്യാ കിസാൻ സഭ ജനറൽസെക്രട്ടറി ഹനാൻ മൊല്ല, അഖിലേന്ത്യാ കർഷകതൊഴിലാളി യൂണിയൻ ജനറൽസെക്രട്ടറി ബി. വെങ്കട്ട്, അഖിലേന്ത്യാ ജനാധിപത്യ മഹിളാ അസോസിയേഷൻ സെക്രട്ടറി മറിയം ധാവ്ലെ, DYFI ജനറൽസെക്രട്ടറി അവോയ് മുഖർജീ, SFI ജനറൽസെക്രട്ടറി വി പി സാനു, അഖിലേന്ത്യാ ഇൻഷുറൻസ് എംപ്ലോയീസ് അസോസിയേഷനിൽ നിന്നും ഗിരിജ, ബാങ്ക് എംപ്ലോയീസ് ഫെഡറേഷൻ ഓഫ് ഇന്ത്യയിൽ നിന്നും നന്ദകുമാർ, ഓൾ ഇന്ത്യ സ്റ്റേറ്റ് ഗവണ്മെന്റ് എംപ്ലോയീസ് ഫെഡറേഷൻ പ്രസിഡന്റ് സുഭാസ് ലംബ, കോൺഫെഡറേഷൻ ഓഫ് സെൻട്രൽ ഗവണ്മെന്റ് എംപ്ലോയീസ് ആൻഡ് വർക്കേഴ്സ് സെക്രട്ടറി ജനറൽ എം. കൃഷ്ണൻ, ബി എസ് എൻ എൽ എംപ്ലോയീസ് യുണിയൻ ജനറൽസെക്രട്ടറി പി. അഭിമന്യു, ഫെഡറേഷൻ ഓഫ് മെഡിക്കൽ ആൻഡ് സെയിൽസ് റിപ്രെസെന്റെടിവ്സ് അസോസിയേഷൻ ഓഫ് ഇന്ത്യ ജനറൽസെക്രട്ടറി ശന്തനു ചാറ്റർജി തുടങ്ങിയവർ സമ്മേളനത്തിന് ആശംസകൾ നേരുകയും അഭിസംബോധന ചെയ്യുകയും ചെയ്തു.

# ഭാവി പരിപാടികൾ

- **അധ്യക്ഷപ്രസംഗത്തിലും ജനറൽസെക്രട്ടറിയുടെ റിപ്പോർട്ടിലും പറഞ്ഞ കാഴ്ചപ്പാടുകളിൽ നിന്നുകൊണ്ടുള്ള പദ്ധതികൾ സമ്മേളനം ഏകകണ്ഠമായി അംഗീകരിച്ചു. അവയുടെ ലക്ഷ്യങ്ങൾ ഇപ്രകാരമാണ് :**
- എത്തിപ്പെടാത്തവരിലേയ്ക്ക് എത്തിപ്പെടൽ
- നയങ്ങളെ പ്രശ്നങ്ങളുമായി ബന്ധപ്പെടുത്തുകയും നയരൂപീകരണത്തിലെ രാഷ്ട്രീയത്തെ തുറന്നു കാട്ടുകയും ചെയ്യുക
- ഒത്തൊരുമിച്ചുള്ള പോരാട്ടങ്ങളെ കൂടുതൽ ഉയരങ്ങളിലെയ്ക്കെത്തിക്കുക
- ഇതിനായി, ഭിന്നിപ്പും അസ്വസ്ഥതകളും ഉണ്ടാക്കുന്ന ശക്തികളെ ചെറുക്കുക.

## ? ഇതിനായി ഉടൻ സ്വീകരിക്കേണ്ട നടപടികൾ എന്ത്

### സമരങ്ങളുമായി ബന്ധപ്പെട്ടവ

- CAA/NPR/NRC എന്നിവയ്ക്കെതിരെ ഫെബ്രുവരി-മാർച്ച് 2020 വരെ പ്രതിഷേധ പരിപാടികൾ
- ഗാന്ധിജിയുടെ രക്തസാക്ഷിത്വദിനമായ ജനുവരി 30നു നടക്കുന്ന മനുഷ്യച്ചങ്ങല, 'എഞ്ചിൻ ഓഫ് പരിപാടികളിൽ പങ്കെടുക്കുക
- എൽപിആർ സെൻസസ് ചോദ്യങ്ങൾ തമ്മിലുള്ള വ്യത്യാസം ഗൃഹസന്ദർശനങ്ങളിലൂടെയും തൊഴിലിടങ്ങളിലും മറ്റും വ്യക്തികളോട് നേരിട്ട് സംസാരിച്ചും ബോധവൽക്കരിക്കുക
- അംഗത്വം കണക്കിലെടുക്കാതെ എല്ലാ തൊഴിലാളികളെയും കൂടെക്കൂട്ടുക
- 'ഹം ജവാബ് നഹിൻ ദേംഗെ' – സെൻസസ് ചോദ്യങ്ങൾക്ക് മാത്രം ഉത്തരം നൽകി എൽപിആർ ചോദ്യങ്ങൾക്ക് ഉത്തരം നൽകാൻ വിസമ്മതം രേഖപ്പെടുത്തുന്നു എന്ന് ഉറപ്പുവരുത്തുക.
- ഭഗത്സിങ്ങിന്റെയും അദ്ദേഹത്തിന്റെ സഖാക്കളുടെയും രക്തസാക്ഷിത്വദിനമായ മാർച്ച് 23 നു നടക്കുന്ന വമ്പിച്ച പ്രകടനം വരെ നീളുന്ന പരിപാടികൾ

**ട്രേഡ് യൂണിയനുകളുടെയും അധ്വാനിക്കുന്ന കർഷകർ, കർഷകത്തൊഴിലാളികൾ മുതലായവരുടെ ഒത്തുചേർന്നുള്ള പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുക**

### .തൊഴിലില്ലായ്മയെപ്പറ്റി

- തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, തൊഴിലുകളെ ഗുണപരമായി മെച്ചപ്പെടുത്തുക, തൊഴിലില്ലായ്മ വേതനം, തൊഴിലെടുക്കാനുള്ള അവകാശം, സംരക്ഷണം മുതലായവയ്ക്ക് വേണ്ടി സ്വതന്ത്രമായ വലിയതോതിലുള്ള പ്രചരണപരിപാടികൾ സംഘടിപ്പിക്കുക.
- ദിവസം 7 മണിക്കൂർ വച്ച് ആഴ്ചയിൽ 5 ദിവസം, ആഴ്ചയിൽ 35 മണിക്കൂർ തൊഴിൽസമയം എന്ന ആവശ്യം വ്യാപകമാക്കുക.
- DYFI, SFI എന്നിവയുമായി ചേർന്നുള്ള പ്രവർത്തനങ്ങളെക്കുറിച്ച് ആലോചിക്കുക
- ദേശീയതലത്തിൽ വ്യാപകമായ പ്രചാരണം നടത്തിയുള്ള ദിനാചരണം.

### അത്യാവശ്യ ശ്രദ്ധ വേണ്ടുന്ന തൊഴിലാളിപ്രശ്നങ്ങൾ

- രാജ്യവ്യാപകമായി ഒരേ ദിവസം ജില്ലാ അടിസ്ഥാനത്തിൽ തീവ്രമായ പ്രക്ഷോഭങ്ങൾ, അറസ്റ്റ് വരിക്കൽ തുടങ്ങിയ പരിപാടികൾ
- തൊഴിൽ സംവിധാനങ്ങളുടെ ഘടനയിൽ മാറ്റം വരുത്തുന്നത് വഴി നടക്കുന്ന ചൂഷണങ്ങൾ പുറത്ത് കൊണ്ട് വരുക. PR ഭവൻ നടത്തിയ സർവേ ഫലങ്ങൾ ഇതിനായി ഉപയുക്തമാക്കുകയും, മറ്റ് സംസ്ഥാനങ്ങളിൽ സർവേകൾ തുടരുകയും ചെയ്യുക.

### തൊഴിലെടുക്കുന്ന സ്ത്രീകളെക്കുറിച്ച്

- ജൂൺ 2020 നു മുൻപായി സ്ത്രീ തൊഴിലാളികളുടെ കോർഡിനേഷൻ കമ്മിറ്റികൾ പതിനഞ്ചാം സമ്മേളനത്തിൽ തീരുമാനിച്ച ഘടനയിൽ രൂപീകരിക്കുക
- പറയത്തക്ക സ്ത്രീപ്രാതിനിധ്യമുള്ള എല്ലാ യൂണിയനുകളിലും സ്ത്രീ സബ്കമ്മിറ്റികൾ ഏപ്രിൽ 2020 നു മുൻപ് രൂപീകരിക്കുക സ്ത്രീകൾക്കെതിരെ നടക്കുന്ന അക്രമങ്ങൾ

ക്കും അവരുടെ പ്രത്യേകപ്രശ്നങ്ങൾക്കുമെതിരെ 2020 മാർച്ച് 6 നു സ്ത്രീകളുടെ വൻപിച്ച ജയിൽ നിറയ്ക്കൽ സമരം

- വനിതാപ്രവർത്തകർക്ക് വേണ്ടി വർഷത്തിൽ രണ്ടു തവണയെങ്കിലും നടത്തുന്ന സംസ്ഥാനതല ക്ലാസുകൾ
- സംഘടിതമേഖലയിലെ യൂണിയൻ പ്രവർത്തനങ്ങളിൽ പങ്കാളികളാകാൻ സിഐടിയു വനിതാ അംഗങ്ങളുടെ പ്രാഗത്ഭ്യം വർധിപ്പിക്കാനുള്ള നടപടികൾ
- വനിതാഅംഗങ്ങളെ പദ്ധതിതൊഴിലാളി/വനിതാ സംഘടനകളിൽ മാത്രം ഒതുക്കി നിറുത്താതിരിക്കുക

## ഗ്രാമീണ തൊഴിലാളികളെ കുറിച്ച്

- ഗ്രാമങ്ങളിലെ തൊഴിലാളികളുടെ അവസ്ഥ ആഴത്തിൽ പഠിക്കുക. ഓരോ ജില്ല/സംസ്ഥാനത്തും സംഘടിപ്പിക്കേണ്ട മേഖലകളെ കണ്ടെത്തുക
- ഓരോ മേഖലകളുടെയും ആവശ്യങ്ങൾ ക്രോഡീകരിക്കുക; യൂണിയനുകൾ ഉണ്ടാക്കാൻ ശ്രമിക്കുക
- കർഷകത്തൊഴിലാളി യൂണിയനുമായി സഹകരിച്ച് ജില്ലാ തലത്തിലും മറ്റും സംയുക്ത സമരങ്ങൾ നടത്തുക
- കർഷകത്തൊഴിലാളി യൂണിയനുമായി സഹകരിച്ച് രാജ്യവ്യാപകമായി ഏകദിനപ്രതിഷേധം സംഘടിപ്പിക്കുക.
- ഗ്രാമീണമേഖലയിൽ സിഐടിയു ശക്തിപ്പെടുത്തുക. ഒപ്പം, സംഘടനയെ രാജ്യത്തെ മുഴുവൻ തൊഴിലാളിവർഗത്തെയും പ്രതിനിധാനം ചെയ്യുന്ന, അതിന്റെ ഭരണഘടനയിൽ പറഞ്ഞിരിക്കുന്ന ലക്ഷ്യങ്ങൾക്കായി പ്രവർത്തിക്കുന്ന ശക്തമായ സമരോത്സുക പ്രസ്ഥാനമായി വളർത്തുക

## ചുറ്റുവട്ടത്തെ പ്രശ്നങ്ങളിൽ

- നഗരപ്രദേശങ്ങളിലെ താമസക്കാരുടെ പ്രശ്നങ്ങൾ – റേഷൻ കാർഡ്, തിരിച്ചറിയൽ കാർഡ്, ആധാർ കാർഡ് മുതലായവ, പ്രത്യേകിച്ചും ചേരിപ്രദേശങ്ങളിലും മറ്റുംകുടിയേറിപ്പാർത്ത തൊഴിലാളികൾ, അസംഘടിതതൊഴിലാളികൾ മുതലായവർക്ക്. ഇതോടൊപ്പം വീടുകൾ, കറന്റ്, വെള്ളം, മുതലായവയും ഉറപ്പ് വരുത്തുന്നതിൽ പങ്കാളികളാവുക.
- മധ്യവർഗം താമസിക്കുന്ന ഫ്ളാറ്റുകൾ, കോളനികൾ – സാധ്യമായ സ്ഥലങ്ങളിലെല്ലാം റെസിഡെന്റ്സ് അസോസിയേഷൻ പ്രവർത്തനങ്ങളിൽ പങ്കാളികളാവുക. ഇതിനായി നമ്മുടെ പെൻഷനായ സഖാക്കളുടെ സഹകരണം പ്രയോജനപ്പെടുത്താം.

## 16-ാം ദേശീയ സമ്മേളനം പുതുതായി തെരഞ്ഞെടുത്ത ഭാരവാഹികൾ

പ്രസിഡന്റ് - കെ ഹേമലത
ജനറൽ സെക്രട്ടറി - തപൻസെൻ
ട്രഷറർ - എം എൽ മൽക്കോട്ടിയ

### വൈസ് പ്രസിഡന്റുമാർ

1. എ കെ പത്മനാഭൻ
2. ജെ എസ് മജുംദാർ
3. എ സൗന്ദരരാജൻ
4. കെ ഒ ഹബീബ്
5. കെ കെ ദിവാകരൻ
6. ആനത്തലവട്ടം ആനന്ദൻ
7. ജെ മെഴ്സിക്കുട്ടിഅമ്മ
8. മണിക് ഡേ
9. മാലതിചിട്ടിബാബു
10. രഘുനാഥ് സിംഗ്
11. ബിഷ്ണു മൊഹന്തി
12. എസ് വരലക്ഷ്മി
13. ഡിഎൽ കാരാട്
14. ബേബി റാണി
15. എം സായിബാബു
16. സുഭാഷ് മുഖർജി

സ്ഥിരം ക്ഷണിതാവ്- ബസുദേവ് ആചാര്യ

### സെക്രട്ടറിമാർ

1. എസ് ദേവ്റോയ്
2. എളമരം കരീം
3. കഷ്മീർ സിംഗ് താക്കൂർ
4. പ്രശാന്ത എൻ ചൗധരി
5. ജി സുകുമാരൻ
6. പി നന്ദകുമാർ
7. എം എ ഗഫൂർ
8. ഡി ഡി രാമാനന്ദൻ
9. എ ആർ സിന്ധു
10. കെ ചന്ദ്രൻപിള്ള
11. മീനാക്ഷി സുന്ദരം
12. ഉഷ റാണി
13. ആനടി സാഹു
14. ചുക്കാ രാമുലു
15. മധുമിത ബന്ദോപാധ്യായ
16. അമിതാവ ഗുഹ
17. ആർ കരുമാലിയൻ
18. തപൻ ശർമ
19. പ്രമോദ് പ്രധാൻ

### കേരളത്തിൽ നിന്നുള്ള വർക്കിംഗ് കമ്മിറ്റി അംഗങ്ങൾ (അഖിലേന്ത്യാ ഭാരവാഹികൾ ഒഴികെ)

1. എം കെ കണ്ണൻ
2. എൻ പത്മലോചനൻ
3. കെ പി സഹദേവൻ
4. എ കെ ബാലൻ
5. ടി പി രാമകൃഷ്ണൻ
6. കെ ജെ തോമസ്
7. എം ചന്ദ്രൻ
8. കെ പി മേരി
9. വി ശിവൻകുട്ടി
10. കാട്ടാക്കട ശശി
11. നെടുവത്തൂർ സുന്ദരേശൻ
12. പി പി ചിത്തരഞ്ജൻ
13. ടി കെ രാജൻ
14. സി ജയൻബാബു
15. കെ എൻ ഗോപിനാഥ്
16. പി പി പ്രേമ
17. യു പി ജോസഫ്
18. സി കൃഷ്ണൻ
19. എസ് ജയമോഹൻ
20. കെ കെ രാമചന്ദ്രൻ
21. പി കെ മുകുന്ദൻ
22. സി കെ മണിശങ്കർ
23. എം ഹംസ
24. പി കെ ഷാജൻ
25. പി ജെ അജയകുമാർ
26. വി പി സക്കറിയ
27. കെ എസ് മോഹനൻ
28. വി ശശികുമാർ
29. ബി തുളസീധരക്കുറുപ്പ്
30. പി ആർ മുരളീധരൻ
31. കെ ജയപ്രകാശ്
32. പി ഗാനകുമാർ
33. എ വി റസ്സൽ
34. കെ മനോഹരൻ
35. കെ കെ പ്രസന്നകുമാരി
36. കെ മോഹൻദാസ്
37. സി കെ ഹരികൃഷ്ണൻ
38. കെ എസ് സുനിൽകുമാർ
39. അഡ്വ. പി സജി
40. മാമ്പറ ശ്രീധരൻ
41. വി വി ബേബി
42. സുനിതാകുര്യൻ
43. ധന്യ അബീദ്
44. ദീപ കെ രാജൻ
45. പി ജി ദിലീപ്

# പ്രമേയങ്ങൾ

## ജമ്മു കാശ്മീരിൽ ജനങ്ങളുടെയും തൊഴിലാളികളുടെയും അവകാശങ്ങൾ പുനഃസ്ഥാപിക്കുക

ജമ്മു കാശ്മീരിലെ അസംബ്ലിയെ മറികടന്ന് ഒരു സർക്കാർ ഉത്തരവിലൂടെയാണ് മോഡി ഗവണ്മെന്റ് ഭരണഘടനയിലെ ആ സംസ്ഥാനത്തിനു ബാധകമായ ആർട്ടിക്കിൾ 270 ഉം 25 എയും ഇല്ലാതാക്കിയത്.

അതിനു ശേഷം രണ്ടു ദിവസത്തിനുള്ളിൽ ആ സംസ്ഥാനത്തെ കേന്ദ്ര സർക്കാരിനു കീഴിലുള്ള രണ്ടു കേന്ദ്ര ഭരണ പ്രദേശങ്ങളാക്കി മാറ്റുന്ന ജമ്മു- കാശ്മീർ പുനഃസംഘടനാ നിയമം 2019 പാർലമെന്റ് പാസാക്കി. സ്വതന്ത്ര ഇന്ത്യയുടെ ചരിത്രത്തിലാദ്യമായി ഭരണഘടനയുടെ ഒന്നാം ഷെഡ്യൂളിലുള്ള ഒരു സംസ്ഥാനത്തെ അവർ ഇല്ലാതാക്കി. ഭരണഘടനയുടെ ഫെഡറൽ രീതി നശിപ്പിച്ച് രാജ്യത്തെ 'യൂണിറ്റി' രൂപത്തിലുള്ള ഒന്നാക്കി മാറ്റാനുള്ള നീക്കത്തിന്റെ ആരംഭമാണിത്

ഇപ്പോൾ കാശ്മീർ താഴ്‌വര സ്തംഭനാവസ്ഥയിലാണ്. അവിടെ കച്ചവട, ബിസിനസ്, വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല. റോഡുകളടച്ച് ഗതാഗതം സ്തംഭിച്ചിരിക്കുന്നു. വാർത്താ വിതരണ സംവിധാനങ്ങൾക്ക് നിരോധനമാണ്. സിവിൽ സ്വാതന്ത്ര്യത്തിനു മേൽ കൂച്ചുവിലങ്ങാണ് പ്രതിപക്ഷത്തുള്ള ദേശീയ, പ്രാദേശിക പാർടികളുടെ നേതാക്കൾ വീട്ടുതടങ്കലിലാണ്. ദേശീയ പാർടികളുടെ നേതാക്കളെ ശ്രീനഗർ വിമാനത്താവളത്തിൽ തടഞ്ഞുവയ്ക്കുന്നു.

സിവിൽ അവകാശങ്ങൾ നിഷേധിക്കുന്ന ട്രേഡ് യൂണിയനുകളടക്കം ജനാധിപത്യ പ്രക്രിയ അനുവദിക്കാത്ത ഒത്തുകൂടാനോ, പ്രതിഷേധിക്കാനോ അനുവദിക്കാത്ത സ്ഥിതി അവിടെ തുടരുകയാണ്. തൊഴിലാളികളാകെ തീക്ഷ്ണമായ ചൂഷണത്തിനും അടിച്ചമർത്തലിനും വിധേയരാണ്. ജമ്മുവും കാശ്മീരും ഉൾപ്പെടുന്ന പ്രദേശത്ത് പൂർവാവസ്ഥ പുനഃസ്ഥാപിക്കണമെന്നും ട്രേഡ് യൂണിയൻ പ്രവർത്തനവും അവകാശങ്ങളും സിവിൽ സ്വാതന്ത്ര്യവും അനുവദിക്കണമെന്നും ആവശ്യപ്പെടുന്നു.

## ജനാധിപത്യ പ്രസ്ഥാനത്തെയും മതനിരപേക്ഷതയും ഭരണഘടനയും സംരക്ഷിക്കുക

വർഗീയവൽക്കരണത്തിനും കച്ചവടവൽക്കരണത്തിനും എതിരെ ജനാധിപത്യപരമായി ചർച്ചയും സംവാദവും നടത്താനുള്ള ഉന്നത വിദ്യാഭ്യാസ ക്യാമ്പുകളായ ജാമിയ മിലിയ ഇസ്ലാമിയ അലിഗർ മുസ്ലീം യൂണിവേഴ്സിറ്റി, ജവഹർലാൽ നെഹ്രു യൂണിവേഴ്സിറ്റി എന്നിവിടങ്ങളിലും കേന്ദ്ര സർവകലാശാലകളിലും ഇതര സമാന സ്ഥാപനങ്ങളിലും വിദ്യാർത്ഥികളുടെ അവകാശങ്ങൾ ബിജെപിയുടെ കേന്ദ്ര, സംസ്ഥാന സർക്കാരുകളും ആർഎസ്എസ് നിയന്ത്രിക്കുന്ന സ്ഥാപനങ്ങളിലെ ഭരണ സംവിധാനവും തച്ചു തകർക്കുകയാണ്. ഇതിനെതിരെ വിദ്യാർത്ഥികൾ ഉയർത്തുന്ന പ്രതിരോധത്തോട് സിഐടിയുവിന്റെ ചെന്നൈയിൽ ചേർന്ന 16-ാം സംസ്ഥാന സമ്മേളനം ഐക്യദാർഢ്യം പ്രഖ്യാപിക്കുന്നു.

കേന്ദ്ര ബജറ്റ്

# തോന്നുംപടി ചുട്ടെടുത്ത കണക്കുകൾ



സി.പി. ചന്ദ്രശേഖർ

**തോന്നും പടി ചുട്ടെടുത്ത കണക്കുകളാണെങ്കിലും കമ്മി പറഞ്ഞതിലും വളരെ കൂടുമെങ്കിലും കമ്മിനിയന്ത്രണത്തിനുള്ള ദുശ്ശാഠ്യം കാരണം മാന്ദ്യം നിയന്ത്രിക്കുന്നതിനും പാവപ്പെട്ടവരും തൊഴിലെടുക്കുന്നവരുമായ സാധാരണക്കാർക്ക് ക്ഷേമമെത്തിക്കുന്നതിനുമായി ഈ ബജറ്റിന് ഒന്നും ചെയ്യാനില്ല. ഇതുകൊണ്ട് നേട്ടമുണ്ടാവുക പ്രതിസന്ധിയുടെ കാലത്തൊക്കെ വൻ സൗജന്യമങ്ങളുമായി കടന്നുപോയ കോർപറേറ്റുകൾക്കും വൻകിട മുതലാളിമാർക്കും മാത്രമാണ്.**

ബജറ്റിൽ വേറിട്ട് നിൽക്കുന്ന രണ്ട് കാര്യങ്ങൾ ഉണ്ടെങ്കിൽ അവ ഇവയാണ്. ഒന്നാമത്തേത് നികുതിയിതര വരുമാനത്തിൽ വാർത്താവിനിമയ മേഖലയിൽ നിന്ന് സർക്കാർ സമാഹരിക്കുന്ന തുക 2019–20 ലെ 59,000 കോടി രൂപയിൽ നിന്ന് 2020–21 കാലത്ത് 1,33,000 കോടിയായി വർധിക്കും എന്ന പ്രതീക്ഷയാണ്. ലൈസൻസ് ഫീ ഇനത്തിലും സ്പെക്ട്രം ചാർജ് ഇനത്തിലും കമ്പനികൾ അടയ്ക്കാനുള്ള സംഖ്യയെപ്പറ്റിയുള്ള സുപ്രീം കോടതിവിധി വന്ന സാഹചര്യത്തിലാണ് ഇത്. അവർ ഉടനെ തന്നെ കാശ് അടയ്ക്കാൻ ബാധ്യസ്ഥരായതുകൊണ്ട് സർക്കാരിന് അതൊരു വീണുകിട്ടലാണ്. രണ്ടാമത്തേത് 2021 ൽ പൊതുമേഖലാ ഷെയർ വിൽപന വഴി ഉണ്ടാക്കാനാകുമെന്ന് കണക്കാക്കുന്നത്. 2,10,000 കോടി രൂപയാണ്.

1,20,000 കോടി രൂപധനകാര്യേതര പൊതുമേഖലാസ്ഥാപനങ്ങളിൽ നിന്നും 90,000 കോടി രൂപ പൊതുമേഖലാ ബാങ്കുകളും എൽഐസി പോലുള്ള ധനസ്ഥാപനങ്ങളിൽ നിന്നുമാണ് ഷെയർ വിറ്റഴിച്ച് ഉണ്ടാക്കുക. സ്വകാര്യവൽക്കരിക്കാനുള്ള ഈ ധൃതി ഇക്കൊല്ലത്തെ ആസ്തി വിൽപന വഴി കൂടുതൽ സംഖ്യ നേരത്തെ ഉണ്ടാക്കിയെടുക്കാനുള്ള സർക്കാർ നീക്കത്തിന്റെ ഭാഗമാണ്. 2019–20 ബജറ്റിൽ സ്വകാര്യവൽക്കരണം വഴിയുള്ള വരവായി സർക്കാർ കാണിച്ചിരുന്നത്. 1,05,000 കോടി രൂപയാണ്. പക്ഷേ, 2020 ജനുവരി അവസാനത്തിൽ 18,000 കോടി രൂപ മാത്രമാണ് സമാഹരിക്കാനായത്.

എന്നിട്ടും 2011–20 വർഷത്തെ പുതുക്കിയ എസ്റ്റിമേറ്റിൽ




**വൻകിട ഫിനാൻസ് മൂല ധനത്തെ സന്തോഷിപ്പിക്കാനുള്ള കടും പിടിത്തത്തിൽ, ധനകമ്മി കുറയ്ക്കാനായി കർശന നിയന്ത്രണങ്ങളാണ് എൻഡിഎ സർക്കാർ സ്വയം സ്വീകരിക്കുന്നത്. അതുകൊണ്ട് വളർച്ചാ മാന്ദ്യമുണ്ടായിട്ടും റവന്യൂ നഷ്ടത്തിലേക്ക് നയിക്കുന്ന നികുതിയിളവുകൾ നൽകിയിട്ടും സർക്കാർ അവകാശപ്പെടുന്നത്, 2019-20 ലും 2020-21 ലും ധനകമ്മിയുടെ ലക്ഷ്യം യഥാക്രമം 3.3, 3 ശതമാനത്തിൽ നിന്ന് നാമമാത്ര വർധനയോടെ 3.8, 3.5 ശതമാനത്തിലേക്ക് മാറ്റും എന്നാണ്.**

ഷയർ വിൽപന വഴിയുള്ള വരവായി കിട്ടിയത്. 65,000 കോടി രൂപയാണ്. ഇത്രയും വലിയൊരു തുക വരുന്ന രണ്ടു മാസം കൊണ്ട് സമാഹരിക്കാനാകണമെങ്കിൽ, പൊതുമേഖലയിലെ ഏറ്റവും നല്ല ചില ആസ്തികൾ വിൽപനക്ക് വയ്ക്കേണ്ടതുണ്ട്. സർക്കാരിന്റെ കൈവശമുള്ള ഇത്രയും നല്ല ആസ്തികൾ വിൽപന നടത്തിയിട്ട് എന്ത് നേടാനാണ് അവർ ഉദ്ദേശിക്കുന്നത്.

2020-21 ലേക്കുള്ള ചെലവ് 19-20 നേക്കാൾ താഴ്തിയാണ് കാട്ടിയത്. 13.5 ശതമാനമായി അത് ചുരുങ്ങും. 2018-19 കാലത്ത് 61,815 കോടി രൂപയും 2019-20 കാലത്ത് 71,002 കോടിയും നീക്കിവച്ചിരുന്ന മഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിക്ക് 2020-21 കാലത്തേക്ക് വെറും 61,500 കോടി രൂപ മാത്രമാണ് നീക്കിവയ്ക്കുന്നത്. പട്ടിക ജാതി വികസനത്തിനായി 2018-20 ൽ 5,568 കോടിയായി ചുരുങ്ങുകയായിരുന്നല്ലോ. 2020 - 21 ൽ കണക്കിൽ കാണിക്കുന്നത് 6,242 കോടി രൂപയാണ്. ഇത്തരം വെട്ടിക്കുറച്ചിലുകൾ മറ്റു പല മേഖലകളിലും ഉണ്ട് എന്നത് യാഥാർഥ്യമാണ്.

വൻകിട ഫിനാൻസ് മൂലധനത്തെ സന്തോഷിപ്പിക്കാനുള്ള കടും പിടിത്തത്തിൽ, ധനകമ്മി കുറയ്ക്കാനായി കർശന നിയന്ത്രണങ്ങളാണ് എൻഡിഎ സർക്കാർ സ്വയം സ്വീകരിക്കുന്നത്. അതുകൊണ്ട് വളർച്ചാ മാന്ദ്യമുണ്ടായിട്ടും റവന്യൂ നഷ്ടത്തിലേക്ക് നയിക്കുന്ന നികുതിയിളവുകൾ നൽകിയിട്ടും സർക്കാർ അവകാശപ്പെടുന്നത്, 2019-20 ലും 2020-21 ലും ധനകമ്മിയുടെ ലക്ഷ്യം യഥാക്രമം 3.3, 3 ശതമാനത്തിൽ നിന്ന് നാമമാത്ര വർധനയോടെ 3.8, 3.5 ശതമാനത്തിലേക്ക് മാറ്റും എന്നാണ്.

ഈ കണക്കുകൾ തോന്നും പടി ചുട്ടെടുത്തതാണെങ്കിലും കമ്മി പറഞ്ഞതിലും വളരെ കൂടുമെങ്കിലും കമ്മിനിയന്ത്രണത്തിനുള്ള ദുശ്ശാഠ്യം കാരണം മാന്ദ്യം നിയന്ത്രിക്കുന്നതിനും പാവപ്പെട്ടവരും തൊഴിലെടുക്കുന്നവരുമായ സാധാരണക്കാർക്ക് ക്ഷേമമെത്തിക്കുന്നതിനുമായി ഈ ബജറ്റിന് ഒന്നും ചെയ്യാനില്ല. ഇതുകൊണ്ട് നേട്ടമുണ്ടാവുക പ്രതിസന്ധിയുടെ കാലത്തൊക്കെ വൻ സൗജന്യങ്ങളുമായി കടന്നുപോയ കോർപറേറ്റുകൾക്കും വൻകിട മുതലാളിമാർക്കും മാത്രമാണ്.

കേന്ദ്ര ബജറ്റ്

# സഹകരണ സംഘങ്ങളും കേന്ദ്ര ബഡ്ജറ്റും

പി.എസ്. മധുസൂദനൻ

**ഇന്ത്യൻ ഭരണഘടന സഹകരണ സംഘങ്ങൾക്ക് അനുവദിച്ചിട്ടുള്ള പരിരക്ഷ ഇല്ലാതാക്കാനാണ് കേന്ദ്ര സർക്കാർ ഇപ്പോൾ ശ്രമിക്കുന്നത്. കോർപറേറ്റ് സ്ഥാപനങ്ങൾക്കും മറ്റ് വ്യക്തികൾക്കും ഉണ്ടായിരുന്ന 30% ടാക്സ് 22% മായി കുറയ്ക്കുകയും സഹകരണ സംഘങ്ങളെ കൂടി ഇതിന്റെ പരിധിയിലേക്ക് കൊണ്ടുവരുന്നതും സഹകരണ സംഘങ്ങളെ തകർക്കുമെന്നതിൽ തർക്കമില്ല.**

കേരളത്തിന്റെ സാമ്പത്തിക വളർച്ചയുടെ അടിത്തറ തന്നെ സഹകരണ സംഘങ്ങളാണല്ലോ. കേരളാ കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്ട് ആന്റ് റൂൾസും സംസ്ഥാന സർക്കാർ കാലാകാലത്തിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകളുടെ അടിസ്ഥാനത്തിൽ വളരെ സുതാര്യമായിട്ടാണ് കേരളത്തിലെ സഹകരണ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത്. ജനങ്ങളുടെ അവശ്യകതകൾ മനസിലാക്കി പ്രവർത്തിക്കുന്നതിനാൽ കേരള ജനത സഹകരണ സംഘങ്ങളിൽ വലിയ വിശ്വാസം അർപ്പിച്ചിട്ടുണ്ട്. ഈ സ്തുത്യർഹമായ സേവനം മൂലം സാധാരണക്കാരനായ ഒരു വ്യക്തി ദേശസാൽകൃത വാണിജ്യബാങ്കുകളെക്കാൾ കൂടുതൽ സഹകരണസംഘങ്ങളെ ആണ് ആശ്രയിക്കുന്നത്. നമ്മുടെ പല സഹകരണ സംഘങ്ങളും പ്രവർത്തിക്കുന്നത് മറ്റു പൊതുമേഖലാ ബാങ്കുകളെ കിടപിടിക്കുന്ന രീതിയിലാണ്. നാടിന്റെ വികസനത്തിന് സഹകരണ പ്രസ്ഥാനങ്ങളുടെ ആവശ്യകത മനസിലാക്കിയാണ് 1961 ൽ കേന്ദ്രസർക്കാർ ഇൻകംടാക്സ് ആക്ടിന് രൂപം നൽകിയത്. പ്രാഥമിക വായ്പാ സഹകരണ സംഘങ്ങളും പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്കും മറ്റു സഹകരണ സംഘങ്ങൾക്കും ധാരാളം ഇളവുകൾ 1961 ലെ ഇൻകം ടാക്സ് ആക്ടിൽ അനുവദിച്ചിട്ടുണ്ട്. ഇതിൽ ഏറ്റവും പ്രധാനപ്പെട്ടത് ഇൻകം ടാക്സ് ആക്ടിലെ 80 P (2) A (1), 80 P (4) 80 (P) 2 (d) എന്നീ വകുപ്പുകളാണ്. ഇതിൽ ആദ്യത്തെ രണ്ടു വകുപ്പുകൾ പ്രാഥമിക വായ്പാ സഹകരണ സംഘങ്ങളെയും പ്രാഥമിക കാർഷിക വായ്പാ സംഹകരണ സംഘങ്ങളെയും കുറിച്ചാണ് പറയുന്നത്. മൂന്നാമത്തെ വകുപ്പ് പ്രകാരം ഒരു സംഘത്തിന് വേറെ സഹകരണ സ്ഥാപനങ്ങളിൽ നിന്നുള്ള നിക്ഷേപത്തിന് ലഭിക്കുന്ന പലിശ ഇൻകംടാക്ട് ആക്ടിന്റെ പരിധിയിൽ വരുന്നതല്ലായെന്ന് പ്രതിപാദിച്ചിട്ടുണ്ട്. ഈ വകുപ്പുകൾക്ക് യാതൊരുവിധ അമന്റ്മെന്റും മാറി മാറി വന്ന കേന്ദ്ര സർക്കാരുകൾ നടത്തിയിട്ടില്ല.

കേരളാ സഹകരണ നിയമത്തിലെ റൂൾ 15 പ്രകാരമാണ് സംഘങ്ങളുടെ ഘടന അനുസരിച്ച് വിവിധ തരങ്ങളായി തിരിക്കുന്നത് ഇതുപ്രകാരം രജിസ്റ്റർ ചെയ്ത പ്രാഥമിക വായ്പാ സംഘങ്ങൾക്കും പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾക്കും നികുതി ഇളവുകൾ മുൻകാലങ്ങളിൽ നൽകാറുണ്ട്. സഹകരണ സ്ഥാപനങ്ങളിലെ അറ്റാദായത്തിന് ഇൻകം ടാക്സിൽ നിന്നും ഇളവുകൾ നൽകുന്നതുവഴി പ്രാഥമിക




വായ്പാ സഹകരണ സംഘങ്ങൾക്കും പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്കും ഇൻകം ടാക്സ് നൽകേണ്ടതില്ല. ഈ നിയമത്തിലും വകുപ്പുകളിലും യാതൊരു മാറ്റവും ഉണ്ടായിട്ടില്ലെങ്കിലും പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്കും സെക്ഷൻ 80 (p) 4 പ്രകാരമുള്ള ഇളവുകൾ ഇൻകംടാക്സ് ഡിപ്പാർട്മെന്റ് നിഷേധിക്കുകയും ചെയ്തു.

എന്നാൽ ചിറക്കൽ സഹകരണ ബാങ്ക് കേസിൽ ഹൈക്കോടതി സംഘങ്ങൾക്കനുകൂലമായി വിധി പുറപ്പെടുവിച്ചു. എന്നാൽ 2019 ലെ മാവിലായി സഹകരണ ബാങ്കിന്റെ കേസിൽ കോടതി ഉത്തരവ് പ്രകാരം ചിറക്കൽ ബാങ്ക് വിധി അസ്ഥിരപ്പെടുത്തുകയും പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ യഥാർത്ഥത്തിൽ കാർഷിക വായ്പാ സഹകരണ സംഘങ്ങൾ യഥാർത്ഥത്തിൽ കാർഷിക വായ്പാ സംഹകരണ സംഘങ്ങൾ ആണോ എന്ന് പരിശോധികകാനുള്ള അവകാശം ഇൻകം ടാക്സ് വകുപ്പിന് ഉണ്ടെന്ന് സ്ഥാപിച്ചിട്ടുള്ളതുമാണ്. ഈ വിധിക്കെതിരെ ബഹു സുപ്രീം കോടതിയിൽ എസ്എൽപി നിലവിൽ ഉണ്ട്.

എന്നാൽ 1..2..2020-ന് കേന്ദ്ര ധനമന്ത്രി ശ്രീമതി നിർമലാ സീതാരാമൻ അവതരിപ്പിച്ച ബജറ്റ് സഹകരണ സംഘങ്ങളെ നാമാവശേഷമാക്കും എന്നതിൽ സംശയമില്ല. ഈ ബജറ്റ് വഴി നിലവിലുള്ള നിയമത്തിൽ കാതലായ മാറ്റങ്ങൾ വരുത്തി ആർബിഐക്കും അതുവഴി ഇൻകംടാക്സ് വകുപ്പിനും സഹകരണ സംഘങ്ങളിൽ ആധിപത്യം സ്ഥാപിക്കുന്നതിന് സഹായകമാകുന്നു.

ഇന്ത്യൻ ഭരണഘടന സഹകരണ സംഘങ്ങൾക്ക് അനുവദിച്ചിട്ടുള്ള പരിരക്ഷ ഇല്ലാതാക്കാനാണ് കേന്ദ്ര സർക്കാർ ഇപ്പോൾ ശ്രമിക്കുന്നത്. കോർപറേറ്റ് സ്ഥാപനങ്ങൾക്കും മറ്റ് വ്യക്തികൾക്കും ഉണ്ടായിരുന്ന 30% ടാക്സ് 22% മായി കുറയ്ക്കുകയും സഹകരണ സംഘങ്ങളെ കൂടി ഇതിന്റെ പരിധിയിലേക്ക് കൊണ്ടുവരുന്നതും സഹകരണ സംഘങ്ങളെ തകർക്കുമെന്നതിൽ തർക്കമില്ല.

മാത്രമല്ല ഈ തീരുമാനം (Tax reduction) കോർപറേറ്റുകളെ സഹായിക്കാനാണ് എന്നത് വളരെ സ്പഷ്ടമാണ്. സഹകരണ സംഘങ്ങൾക്ക് അർഹതപ്പെട്ട സെക്ഷൻ 80 (p) 2 (a) (1) പ്രകാരവും സെക്ഷൻ 80 (p) 4 പ്രകാരവും ഉള്ള ആനുകൂല്യങ്ങൾ നിഷേധിക്കുന്നതിനു വേണ്ടിയാണ്. ഈ കേന്ദ്ര നീക്കത്തെ ശക്തിയായി ചെറുത്തില്ലെങ്കിൽ സംസ്ഥാനത്തെ നയിക്കുന്ന സംഘങ്ങളുടെയും അവിടെ സേവനം അനുഷ്ഠിക്കുന്ന ലക്ഷക്കണക്കിന് ജീവനക്കാരുടെ നിലനിൽപ് തന്നെ അപകട സ്ഥിതിയിലാക്കും.

**ടാക്സ് കുറച്ചത് കോർപറേറ്റുകളെ സഹായിക്കാനാണ് എന്നത് വളരെ സ്പഷ്ടമാണ്. സഹകരണ സംഘങ്ങൾക്ക് അർഹതപ്പെട്ട സെക്ഷൻ 80 (p) 2 (a) (1) പ്രകാരവും സെക്ഷൻ 80 (p) 4 പ്രകാരവും ഉള്ള ആനുകൂല്യങ്ങൾ നിഷേധിക്കുന്നതിനു വേണ്ടിയാണ്. ഈ കേന്ദ്ര നീക്കത്തെ ശക്തിയായി ചെറുത്തില്ലെങ്കിൽ സംസ്ഥാനത്തെ നയിക്കുന്ന സംഘങ്ങളുടെയും അവിടെ സേവനം അനുഷ്ഠിക്കുന്ന ലക്ഷക്കണക്കിന് ജീവനക്കാരുടെ നിലനിൽപ് തന്നെ അപകട സ്ഥിതിയിലാക്കും.**



കേരള ബജറ്റ്



**എല്ലാ ക്ഷേമപെൻഷനുകളും 100 രൂപ വർധിപ്പിച്ച് 1300 രൂപയാക്കിയത് പാവപ്പെട്ടവരോടുള്ള പ്രതിബദ്ധത ആവർത്തിച്ച് വ്യക്തമാക്കുന്നതാണ്. ലൈഫ്, ആർദ്രം, പൊതുവിദ്യാഭ്യാസം, ഹരിതം മിഷനുകളെ ഇനിയും ശക്തിപ്പെടുത്താൻ തുടർനടപടികൾ ബജറ്റിലുണ്ട്. വ്യവസായവികസനവും പശ്ചാത്തലസൗകര്യവും മുൻനിർത്തി ഒട്ടേറെ നടപടികൾ ബജറ്റിലുണ്ട്. കാർഷികമേഖലയ്ക്കും വലിയ പരിഗണന നൽകിയപ്പോൾ കയർ, കശുവണ്ടി, ഖാദി തുടങ്ങിയ പരമ്പരാഗത വ്യവസായങ്ങളെ ചേർത്തുപിടിച്ചു.**

## കേരള വികസന മാതൃകക്ക്

# ശക്തി പകരുന്ന ബജറ്റ്

വികസന, ക്ഷേമച്ചെലവുകൾ വെട്ടിക്കുറയ്ക്കാതെ സംസ്ഥാനത്തിന്റെ സമ്പദ്‌വ്യവസ്ഥയെയും ധനസ്ഥിതിയെയും ശക്തിപ്പെടുത്തലാണ് ബജറ്റിലെ പൊതുസമീപനം. ഈ ലക്ഷ്യത്തോടെതന്നെ തനതു വരുമാനം വർധിപ്പിച്ച് 1103 കോടിയുടെ അധികപണം കണ്ടെത്താനുള്ള നിർദേശം ബജറ്റിലുണ്ട്. എല്ലാ ക്ഷേമപെൻഷനുകളും 100 രൂപ വർധിപ്പിച്ച് 1300 രൂപയാക്കിയത് പാവപ്പെട്ടവരോടുള്ള പ്രതിബദ്ധത ആവർത്തിച്ച് വ്യക്തമാക്കുന്നതായി.

ലൈഫ്, ആർദ്രം, പൊതുവിദ്യാഭ്യാസം, ഹരിതം മിഷനുകളെ ഇനിയും ശക്തിപ്പെടുത്താൻ തുടർനടപടികൾ ബജറ്റിലുണ്ട്. കേരളത്തിന്റെ മണ്ണും പുഴയും കുന്നുകളും പ്രകൃതിയുമെല്ലാം സംരക്ഷിക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്നും ബജറ്റ് വ്യക്തമാക്കുന്നു. കിണറുകളുടെയും പുഴകളുടെയും തോടുകളുടെയുമെല്ലാം നവികരണം തുടരുമെന്ന പ്രഖ്യാപനം ഈലക്ഷ്യം അർഥപൂർണമാക്കാനുള്ളതാണ്.

വ്യവസായവികസനവും പശ്ചാത്തലസൗകര്യവും മുൻനിർത്തി ഒട്ടേറെ നടപടികൾ ബജറ്റിലുണ്ട്. കാർഷികമേഖലയ്ക്കും വലിയ പരിഗണന നൽകിയപ്പോൾ കയർ, കശുവണ്ടി, ഖാദി തുടങ്ങിയ പരമ്പരാഗത വ്യവസായങ്ങളെ ചേർത്തുപിടിച്ചു. 2021 ൽ കയർ ഉൽപ്പാദനം ഇരട്ടിയാക്കും. നെൽകൃഷിക്ക് 40 കോടി നീക്കിവച്ചിട്ടുണ്ട്. നെല്ലുല്പാദനം കൂട്ടാനും നെൽകൃഷിയുടെ വിസ്തൃതി വർധിപ്പിക്കാനും നടപടികൾ തുടരും. 2018 –19ൽ നെല്ലുൽപ്പാദനം 5.8 ലക്ഷം ടണ്ണായി വർധിച്ചിരുന്നു. സ്ത്രീകൾ, കുട്ടികൾ, ഭിന്നശേഷിക്കാർ, പ്രവാസികൾ, അങ്കണവാടി ജീവനക്കാർ, സ്കൂൾ പാചകത്തൊഴിലാളികൾ എന്നിവരുടെയെല്ലാം ജീവിതത്തിന് ഉണർവേകാൻ ബജറ്റിൽ വകയിരുത്തലുണ്ട്. പ്രവാസിക്ഷേമത്തിന് 90 കോടി നിക്കിവച്ചു. പ്രവാസികളുടെ നിർവചനംപോലും കേന്ദ്രം മാറ്റിമറിക്കാൻ ശ്രമിക്കുമ്പോൾ ഇവിടെ അവരെ ഒപ്പംനിർത്താൻ ശ്രമിക്കുകയാണ്. 1000 നേഴ്സുമാർക്ക് വിദേശത്ത് ജോലി ലഭിക്കുന്നതിനുള്ള ക്രാഷ് ഫിനിഷിങ് കോഴ്സിന് അഞ്ചു കോടി അനുവദിച്ചതും ശ്രദ്ധേയമായി.

എൽഡിഎഫിന്റെ വാക്കും കർമവും രണ്ടല്ലെന്ന് വസ്തുതകളുടെ പിൻബലത്തോടെ ബജറ്റ് കൃത്യമായി വ്യക്തമാക്കുന്നു. നാലുവർഷത്തിനിടെ ഓരോ മേഖലയിലും കൈവരിച്ച നേട്ടങ്ങൾ അക്കമിട്ട് നിരത്തിയ ബജറ്റ് ഇതിനു മുന്നേയുള്ള എല്ലാ ബജറ്റിൽ നിന്നും വ്യത്യസ്ഥമായി. കേരള ബാങ്ക് യാഥാർത്ഥ്യമായതടക്കം ഇവിടെ ചൂണ്ടിക്കാട്ടുന്നു. യുഡിഎഫ് ഭരണത്തിൽ അഞ്ചുവർഷംകൊണ്ട് നൽകിയ ക്ഷേമപെൻഷൻ 9311 കോടിയെങ്കിൽ ഈ സർക്കാർ നാലുവർഷത്തിനകം 22,000 കോടി നൽകി. പൊതുമരാമത്ത് വകുപ്പ് 14,623 കിലോമിറ്റർ റോഡ് പൂർത്തിയാക്കി, 68 പാലങ്ങൾ പണിതു. പൊതുവിദ്യാലയങ്ങളിൽ അഞ്ചുലക്ഷംകുട്ടികൾ വർധിച്ചു. സംസ്ഥാനത്തിന്റെ സാമ്പത്തികവളർച്ച 4.9 ശതമാനത്തിൽനിന്ന് 7.2 ശതമാനമായി. വ്യവസായമേഖലയും കുതിക്കുന്നു.

ആരോഗ്യം, വിദ്യാഭ്യാസമേഖലകളിൽ ബജറ്റ് വലിയ ഊന്നൽ നൽകുന്നുണ്ട്. ജനകീയാസൂത്രണം 25ാം വർഷത്തിൽ എത്തിനിൽക്കുന്ന സാഹചര്യത്തിൽ അധികാരവികേന്ദ്രീകരണത്തിന്റെയും ജനകീയ പങ്കാളിത്തത്തിന്റെയും അനുഭവങ്ങൾ അവലോകനം ചെയ്യും. തദ്ദേശസ്ഥാപനങ്ങൾക്ക് 12074 കോടി നീക്കിവച്ചു. പ്രകൃതി ദുരന്തത്തെ തരണംചെയ്യാൻ പ്രാദേശികതലത്തിൽ പ്രതിരോധസംവിധാനമുണ്ടാക്കുന്നത് പുതിയ കാൽവയ്പാണ്. സംസ്ഥാനത്തിന്റെ ഉണർവായ ചെറുകിട വ്യവസായമേഖലയിൽ തുടർന്നും മുന്നേറ്റമുണ്ടാക്കാൻ നടപടികളുണ്ട്.



**എൽഡിഎഫിന്റെ വാക്കും കർമവും രണ്ടല്ലെന്ന് വസ്തുതകളുടെ പിൻബലത്തോടെ ബജറ്റ് കൃത്യമായി വ്യക്തമാക്കുന്നു. കേന്ദ്രത്തിന്റെ വൈരനിര്യാതന ബുദ്ധിയോടെയുള്ള സമീപനം. നികുതി വിഹിതത്തിൽ 2800 കോടി രൂപയുടെ കുറവാണ് ഈ വർഷം വരുത്തിയിരിക്കുന്നത്. സാമ്പത്തിക സ്ഥിതിയെ സത്യസന്ധമായി വിലയിരുത്തുന്ന ബജറ്റ് പ്രതിസന്ധിയുടെ ആഴം ബോധ്യപ്പെടുത്തുന്നു. ഈ സത്യസന്ധത കേന്ദ്രവും കേരളവും തമ്മിലെ സമീപനങ്ങളിലെ വ്യതിരിക്തത ബോധ്യപ്പെടുത്തുന്നതുമാണ്.**

**തുടർച്ചയായ രണ്ടു പ്രളയങ്ങൾ കേരള സമ്പദ്ഘടനക്ക് ഏല്പിച്ച ആഘാതം ചെറുതല്ല. സാമ്പത്തികമാന്ദ്യത്തെ നേരിടുന്നതിനും വികസനത്തിന് ബജറ്റിനു പുറത്ത് പണം കണ്ടെത്തുന്നതിനും രൂപീകരിക്കപ്പെട്ട കിഫ്ബി കേരളത്തിന്റെ മുഖച്ഛായ മാറ്റുകയാണ്. 2020-21 ൽ കിഫ്ബി 20000 കോടി കൂടി ചെലവാക്കും. കേരള ബാങ്ക് യാഥാർത്ഥ്യമായിരിക്കുന്നു.**

പുതിയ വ്യവസായങ്ങൾ തുടങ്ങുന്നതിനുള്ള നടപടികൾ എളുപ്പമാക്കാനായത് സംസ്ഥാനത്ത് വലിയ മുന്നേറ്റമുണ്ടാക്കി. സ്റ്റാർട്ടപ്പുകൾക്ക് പലിശരഹിത വായയടക്കം ഒട്ടേറെ ആനുകൂല്യങ്ങൾ പ്രഖ്യാപിച്ചതും വികസനവഴിയിൽ മുന്നേറാൻ സഹായിക്കും.

സാമ്പത്തികമാന്ദ്യത്തെ നേരിടുന്നതിനും വികസനത്തിന് ബജറ്റിനുപുറത്ത് പണം കണ്ടെത്തുന്നതിനും രൂപീകരിക്കപ്പെട്ട കിഫ്ബി കേരളത്തിന്റെ മുഖച്ഛായ മാറ്റുകയാണ്. 2020-21 ൽ കിഫ്ബി 20000 കോടി കൂടി ചെലവാക്കും.

സംസ്ഥാനത്തിന്റെ ധനപരമായ ആരോഗ്യം വിശദീകരിക്കുന്ന ബജറ്റ് തനതുവരുമാനം കൂട്ടാനും ചെലവ് ചുരുക്കാനും മുന്നോട്ടുവച്ച നിർദേശങ്ങൾ യുക്തിസഹമാണ്. 2019 -20 ബജറ്റിലെ പുതുക്കിയ എസ്റ്റിമേറ്റിനേക്കാൾ ചെലവ് 15 ശതമാനം വർധിച്ചു. അതുകൊണ്ട്, ചെലവ് ഗണ്യമായി വർധിക്കുകയും വരുമാനം പ്രതീക്ഷിച്ചതോതിൽ ഉണ്ടാകാതിരിക്കുകയും ചെയ്യുന്ന സാഹചര്യം ആവർത്തിക്കാതിരിക്കാൻ നടപടികളുണ്ട്. ചരക്ക് സേവന നികുതി സമാഹരണം ശക്തിപ്പെടുത്താനുള്ള നിർദേശങ്ങൾ, നേരത്തയുണ്ടായിരുന്ന മൂല്യവർധിത നികുതിയിലെ കുടിശ്ശിക പിരിച്ചെടുക്കാനുള്ള നടപടികൾ, തസ്തികകളുടെ പുനർവിന്യാസം, ഭൂമിയുടെ ന്യായവിലയിൽ പത്തുശതമാനം വർധന,പുതിയ വാഹനങ്ങളുടെ നികുതിയിലെ ക്രമീകരണങ്ങൾ എന്നിവ ഈ വഴിക്കുള്ള നിർദേശങ്ങളാണ്. ഇതേസമയം, ഇലക്ട്രിക് ഓട്ടോറിക്ഷകളുടെ ആദ്യത്തെ അഞ്ചുവർഷം നികുതി ഒഴിവാക്കിയത് പ്രധാനം. മൊത്തം പ്രതീക്ഷിക്കുന്ന റവന്യൂവരവ് 114635.37 കോടിയും റവന്യൂ ചെലവ് 129837.37 കോടിയുമാണ്.

തുടർച്ചയായ രണ്ടു പ്രളയങ്ങൾ കേരള സമ്പദ്ഘടനക്ക് ഏല്പിച്ച ആഘാതം ചെറുതല്ല. കാർഷിക മേഖലയിലാണ് ഇത് പ്രകടമായി കണ്ടത്. വളർച്ച നെഗറ്റീവായി. ഇതിനൊപ്പമാണ് കേന്ദ്രത്തിന്റെ വൈരനിര്യാതന ബുദ്ധിയോടെയുള്ള സമീപനം. നികുതി വിഹിതത്തിൽ 2800 കോടി രൂപയുടെ കുറവാണ് ഈ വർഷം വരുത്തിയിരിക്കുന്നത്. ജനുവരി മാർച്ച് കാലയളവിൽ കേന്ദ്രത്തിൽ നിന്ന് വായ്പയടക്കമുള്ള മൊത്തം ധനസഹായത്തിൽ 8330 കോടിയുടെ കുറവ് വരുമെന്ന് ബജറ്റ് ചൂണ്ടിക്കാട്ടുന്നു. 2013-14 നും 2018-19 നുമിടയിൽ വരുമാനം 13.26 ശതമാനം ഉയർന്നപ്പോൾ ചെലവുകൾ ഉയർന്നത് 16.13 ശതമാനമാണ്. സാമ്പത്തിക സ്ഥിതിയെ സത്യസന്ധമായി വിലയിരുത്തുന്ന ബജറ്റ് പ്രതിസന്ധിയുടെ ആഴം ബോധ്യപ്പെടുത്തുന്നു. ഈ സത്യസന്ധത കേന്ദ്രവും കേരളവും തമ്മിലെ സമീപനങ്ങളിലെ വ്യതിരിക്തത ബോധ്യപ്പെടുത്തുന്നതുമാണ്. ■

### ലോകത്തെ ഏറ്റവും വലിയ ജനാധിപത്യരാജ്യത്ത്

# വിഭാഗീയതയുടെ വികാരം ആളിക്കത്തിക്കുന്നു

## പൗരത്വ നിയമത്തിനെതിരെ അന്തർദേശീയ പ്രതിഷേധങ്ങൾ




> ബിജെപിക്ക് ഇലക്ഷൻ ജയിക്കാനുള്ള പൗരത്വ ബില്ല് എന്ന അമൃത് ഇന്ത്യക്ക് ഒരു രാഷ്ട്രീയ വിഷമായി മാറി. ഇന്ത്യയുടെ മതനിരപേക്ഷ ഭരണഘടനയുടെ അടിസ്ഥാന തത്വങ്ങളെ തകർത്തുകൊണ്ടുള്ള മോഡിയുടെ നീക്കം ഇന്ത്യൻ ജനാധിപത്യത്തിനു തന്നെ വരും കാലങ്ങളിൽ നാശകാരിയായി തീരും. ഇത് ഇന്ത്യയിൽ വ്യാപകമായ രക്തചൊരിച്ചിലിനും കാരണമാകും.

“ഇന്ത്യൻ ഉപഭൂഖണ്ഡത്തിലെ ഇസ്ലാം ഒഴിച്ചുള്ള എല്ലാ മതവിശ്വാസികൾക്കും ഇന്ത്യൻ പൗരത്വം ലഭിക്കാൻ എളുപ്പമാകുന്ന തരത്തിൽ ഇന്ത്യ നിയമ ഭേദഗതി കൊണ്ടുവന്നു. അതോടൊപ്പം ഭരണകക്ഷിയായ ഭാരതീയ ജനതാപാർടി ഇന്ത്യയിലെ 130 കോടി പൗരന്മാരുടെ ഒരു രജിസ്റ്ററും നിർമിക്കാൻ തീരുമാനിച്ചിരിക്കുകയാണ്. ഇത് അനധികൃത കുടിയേറ്റക്കാരെ വേട്ടയാടാൻ വേണ്ടിയാണെന്നാണ് ഭാഷ്യം. അതെല്ലാം സാങ്കേതികമാണ്, എന്നാൽ ഇന്ത്യയിലെ 20 കോടി മുസ്ലീങ്ങളിൽ നല്ലൊരു പങ്കിന് അവർ ഇന്ത്യാക്കാ

# പൗരത്വ നിയമത്തിനെതിരെ അന്തർദേശീയ പ്രതിഷേധങ്ങൾ

രാണെന്ന് തെളിയിക്കാനുള്ള രേഖകളൊന്നും കൈവശമില്ലെന്നതാണ് ശരി. അതായത് ഇന്ത്യയിലെ ബഹുഭൂരിപക്ഷം മുസ്ലീങ്ങൾക്കും രാജ്യത്തെ പൗരത്വം ഇല്ലാതാകും. രാജ്യമില്ലാത്ത ഈ ജനങ്ങളെ പാർപ്പിക്കാൻ ഇന്ത്യാ ഗവണ്മെന്റ് തടങ്കൽ പാളയങ്ങൾ നിർമിക്കാൻ ഉത്തരവിറക്കുകയും ചെയ്തു.

നിങ്ങൾ വിചാരിക്കും ബിജെപിക്ക് ഈ പരിപാടിയിൽ കണക്ക് തെറ്റിയെന്ന്. സർക്കാരിന്റെ ഈ തീരുമാനം വിദ്യാർത്ഥികളുടെയും മാധ്യമങ്ങളുടെയും മതനിരപേക്ഷ ജനവിഭാഗങ്ങളുടെയും വലിയ പ്രതിഷേധത്തിന് കാരണമായിട്ടുണ്ട്. പൊതുവെ നരേന്ദ്രമോഡിയുടെ വാലാട്ടികളായ ഇന്ത്യയിലെ മാധ്യമങ്ങൾ ഇന്ത്യയെ അനേകം മതങ്ങളിൽ വിശ്വസിക്കുന്നവർ സഹിഷ്ണുതയോടെ കഴിയുന്ന ഇന്ത്യയെ ഒരു സങ്കുചിത ഹിന്ദുരാഷ്ട്രമാക്കുന്നതിനെതിരെ പ്രതികരിക്കാൻ തുടങ്ങിയിട്ടുണ്ട്.

ഈ പദ്ധതി ബിജെപിയുടെ പതിറ്റാണ്ടുകളിലായി തീരുമാനിച്ചുറച്ച സ്വപ്ന പരിപാടിയാണ്. ബിജെപി ആദ്യമായി ദേശീയ രാഷ്ട്രീയത്തിൽ പ്രാധാന്യം നേടുന്നത് അയോധ്യയിൽ പതിറ്റാണ്ടുകളായി നിന്ന് ഒരു പള്ളിയെ തകർത്തുകൊണ്ട് രാമക്ഷേത്രം നിർമാണത്തിന് വഴിതുറന്നുകൊണ്ടാണ്. 1992 ൽ ഹിന്ദുതീവ്രവാദികളുടെ ഒരു സംഘം പള്ളി തകർക്കുകയും അതെ തുടർന്നു മാരകമായ ലഹള രാജ്യത്ത് പൊട്ടിപുറപ്പെടുകയും ചെയ്തത് ബിജെപിയെ അധികാരത്തിലെത്താൻ സഹായിച്ചു. അതുപോലെ 2002 ൽ ഗുജറാത്തിലെ നൂറുകണക്കിന് മുസ്ലീങ്ങളുടെ കൂട്ടക്കൊല നരേന്ദ്രമോദി ഗുജറാത്തിൽ മുഖ്യമന്ത്രി ആയിരിക്കുമ്പോഴാണ്. അത് അദ്ദേഹത്തെ രാജ്യമാകെയുള്ള തീവ്ര ഹിന്ദു ദേശീയ വാദികളുടെ നായകനാകാൻ മോഡിയെ സഹായിച്ചു.




കഷ്ടം, ബിജെപിക്ക് ഇലക്ഷൻ ജയിക്കാനുള്ള ഈ അമൃത് ഇന്ത്യക്ക് ഒരു രാഷ്ട്രീയ വിഷമായി മാറി. ഇന്ത്യയുടെ മതനിരപേക്ഷ ഭരണഘടനയുടെ അടിസ്ഥാന തത്വങ്ങളെ തകർത്തുകൊണ്ടുള്ള മോഡിയുടെ ഇപ്പോഴത്തെ നീക്കം ഇന്ത്യൻ ജനാധിപത്യത്തിനു തന്നെ വരും കാലങ്ങളിൽ നാശകാരിയായി തീരും. ഇത് ഇന്ത്യയിൽ വ്യാപകമായ രക്തചൊരിച്ചിലിനും കാരണമാകും.

സന്തോഷകരമായ ഒരു കാര്യം അനേകായിരം ഇന്ത്യാക്കാർ ബിജെപിയുടെ ഈ അടവ് മനസിലാക്കി എന്നതാണ്. ഇന്ത്യയിൽ അടുത്ത കാലത്ത് നടക്കുന്ന പ്രക്ഷോഭങ്ങൾ ഇതാണ് കാണിക്കുന്നത്. സിറ്റിസൺ നിയമം സസ്പെൻഡ് ചെയ്യാൻ വിസമ്മതിച്ച സുപ്രീം കോടതി ഈ പ്രതിഷേധം കാണുകയും അത് ഭരണഘടനാവിരുദ്ധമാണെന്ന് പ്രഖ്യാപിക്കാനുള്ള നട്ടെല്ല് കാണിക്കുകയും വേണം. ലോകത്തെ രണ്ടു മഹത്തായ മതങ്ങൾ തമ്മിൽ ശത്രുതയുണ്ടാക്കി നേട്ടം കൊയ്യാൻ നോക്കുന്നതിനു പകരം മോഡി വോട്ടറന്മാരുടെ ഹൃദയം പിടിക്കാൻ മറ്റ് നല്ല വഴികൾ കണ്ടുപിടിക്കണം.
(ലണ്ടനിൽ നിന്ന് പ്രസിദ്ധീകരിക്കുന്ന 'ദ ഇക്കണോമിസ്റ്റി'ന്റെ 2020 ജനുവരി 23 ന്റെ കവർ സ്റ്റോറിയിൽ നിന്ന്)" ■

# പൗരത്വഭേദഗതി നിയമം അപകടകരം: ഇയു




ഇന്ത്യയിലെ പൗരത്വഭേദഗതി നിയമം അപകടകരവും ഭിന്നിപ്പ് സൃഷ്ടിക്കുന്നതുമാണെന്ന് യുറോപ്യൻ യൂണിയൻ പാർലമെന്റിൽ പ്രമേയങ്ങൾ. ഇടതുപക്ഷം മുതൽ മധ്യവലതുപക്ഷ പാർട്ടികളിൽ വരെയുള്ള എംപിമാരുടെ കൂട്ടായ്മകളാണ് മോഡിസർക്കാരിനെ രൂക്ഷമായി വിമർശിക്കുന്ന അഞ്ച് പ്രമേയം കൊണ്ടുവന്നത്. 751 അംഗ പാലർമെന്റിൽ അഞ്ചു കൂട്ടായ്മയിലായി 559 അംഗങ്ങളുണ്ട്. പ്രമേയങ്ങൾ ബുധൻ, വ്യാഴം ദിവസങ്ങളിൽ ചർച്ച ചെയ്ത് വോട്ടിനിടും. ഇന്ത്യ-യൂറോപ്യൻ യൂണിയൻ ഉച്ചകോടിക്കായി പ്രധാനമന്ത്രി നരേന്ദ്രമോഡി ബ്രസൽസ് സന്ദർശിക്കാനിരിക്കെയാണ് നീക്കം.

# മുസ്ലീങ്ങൾ പൗരത്വം തെളിയിക്കേണ്ടി വരും




ഇടതുപക്ഷം, ഗ്രീൻ, യൂറോപ്യൻ ഫ്രീ അലയൻസ് എന്നീ പാർട്ടികളുടെ രണ്ട് കൂട്ടായ്മ അവതരിച്ച പ്രമേയങ്ങൾ പൗരത്വ ഭേദഗതി നിയമത്തെ അപകടകരമായ വ്യതിയാനമായി ചൂണ്ടിക്കാട്ടി.

പൗരത്വഭേദഗതി നിയമവും എൻആർസിയും ചേർന്ന് ഇന്ത്യയിലെ 20 കോടി മുസ്ലീങ്ങളെ അവരുടെ പൗരത്വം തെളിയിക്കേണ്ട അവസ്ഥയിലെത്തിക്കും. അല്ലാത്തപക്ഷം അവർ രാജ്യമില്ലാത്തവരായി മാറും.

ലോകത്തെ ഏറ്റവും വലിയ അഭയാർത്ഥി പ്രതിസന്ധിക്ക് ഇത് കാരണമാകുമെന്ന് ഇടതുപക്ഷ ഗ്രീൻ പാർട്ടികളുടെ 41 എംപിമാർ പ്രമേയത്തിൽ മുന്നറിയിപ്പ് നൽകി. പൗരത്വ ഭേദഗതി നിയമത്തിൽ മുസ്ലീങ്ങളെ ഒഴിവാക്കിയത് മോശം ഫലം സൃഷ്ടിക്കുമെന്നും ഇന്ത്യയുടെ രാജ്യാന്തര പ്രതിച്ഛായയും ആഭ്യന്തര സ്ഥിരതയും തകരുമെന്നും മധ്യവലതുപക്ഷമായ യൂറോപ്യൻ പീപ്പിൾസ് പാർട്ടിയിലെ 182 എംപിമാർ പ്രമേയത്തിൽ ചൂണ്ടിക്കാട്ടി.




# പ്രമേയത്തിൽ ജെഎൻയു അക്രമവും

സോഷ്യലിസ്റ്റ്, ഡെമോക്രാറ്റിക് പാർട്ടികളുടെ കൂട്ടായ്മയും (എസ്ആൻഡി) പൗരത്വഭേദഗതി നിയമം വിവേചനപരവും അപകടകരവുമാണെന്ന് ചൂണ്ടിക്കാട്ടി. പൗരത്വത്തിന് മതം

മാനദണ്ഡമാക്കിയ ഇന്ത്യയുടെ നടപടിയെ 154 എംപിമാർ അടങ്ങുന്ന എസ്ആൻഡ്ഡി അപലപിച്ചു. ലിബറൽ കൂട്ടായ്മയുടെ പ്രമേയവും ഇതേ വികാരം പ്രകടിപ്പിച്ചു. ജെഎൻയു ആക്രമണവും പ്രമേയങ്ങളിൽ പരാമർശിച്ചു. പൗരത്വ ഭേദഗതി നിയമത്തെ പിന്തുണച്ച് യാഥാസ്ഥിതിക പാർട്ടികളുടെ പ്രമേയവും വന്നിട്ടുണ്ട്.

ഐക്യരാഷ്ട്ര സംഘടനയുടെ 1992 ലെ പ്രഖ്യാപനത്തിനും ഇന്ത്യ-യൂറോപ്യൻ യൂണിയൻ തന്ത്രപ്രധാന പങ്കാളിത്ത കർമപദ്ധതിക്കും വിരുദ്ധമാണ്. പൗരത്വ ഭേദഗതി നിയമമെന്ന് എംപിമാർ പറയുന്നു. എന്നാൽ, നിയമഭേദഗതി ഇന്ത്യയുടെ ആഭ്യന്തരവിഷയമാണെന്ന് കേന്ദ്രസർക്കാർ പ്രതികരിച്ചു.




## ഫിൻലാൻഡിലും പ്രക്ഷോഭം

ഇന്ത്യയിലെ പൗരത്വ ഭേദഗതി നിയമത്തിൽ പ്രതിഷേധിച്ച് റിപ്പബ്ലിക് ദിനത്തിൽ ഫിൻലാൻഡിൽ പ്രവാസി ഇന്ത്യാക്കാർ റാലികൾ സംഘടിപ്പിച്ചു. അതിശൈത്യത്തെ വകവയ്ക്കാതെ ഹെൽസിങ്കി. താംപെരെ, തുക്രു തുടങ്ങിയ നഗരങ്ങളിൽ ഒത്തുകൂടിയ പ്രക്ഷോഭകർ ഭരണഘടനാ സംരക്ഷണ പ്രതിജ്ഞചൊല്ലി. ഇത്തരം നിയമങ്ങൾ പാസാക്കുന്നതിന് പകരം കേന്ദ്രം ഇന്ത്യൻ സമ്പദ് വ്യവസ്ഥ മെച്ചപ്പെടുത്താനാണ് ശ്രമിക്കേണ്ടതെന്ന് പ്രക്ഷോഭകർ ചൂണ്ടിക്കാട്ടി.




## മെൽബണിൽ ജനകീയ സദസ്സ്

പൗരത്വ ഭേദഗതി നിയമം പിൻവലിക്കണമെന്ന് ആവശ്യപ്പെട്ട് ഇന്ത്യൻ രാഷ്ട്രപതിക്ക് ഭീമ ഹർജി നൽകുന്നതിന്റെ ഭാഗമായി മെൽബണിൽ ജനകീയ സദസ്സ് സംഘടിപ്പിച്ചു. സെക്യുലർ ഫോറം സംഘടിപ്പിച്ച ഒപ്പുശേഖരണത്തിൽ പ്രവാസി മലയാളികളടക്കം നൂറുകണക്കിനാളുകൾ പങ്കെടുത്തു. മുഖ്യമന്ത്രി പിണറായി വിജയന്റെ സന്ദേശം ചടങ്ങിൽ വായിച്ചു.






# പൊയ്മുഖം അഴിഞ്ഞ മോഡി

രാജ്യാന്തരതലത്തിൽ സൃഷ്ടിപ്പെടുത്ത പ്രതിച്ഛായ തകർന്നടിഞ്ഞ് പ്രധാനമന്ത്രി നരേന്ദ്രമോഡി. ലോകത്തെ തീവ്രവലതുപക്ഷ നേതാക്കളുടെ ഗണത്തിലായി വീണ്ടും മോഡിയുടെ സ്ഥാനം.

ജമ്മുകാശ്മീരിന്റെ പ്രത്യേക പദവി എടുത്ത്കളഞ്ഞ് പൗരാവകാശങ്ങൾ നിഷേധിച്ചതോടെയാണ് ലോകത്തിനു മുന്നിൽ മോഡിസർക്കാരിന്റെ തനിനിറം വെളിപ്പെട്ടത്. പൗരത്വഭേദഗതി നിയമത്തോടെ സർക്കാരിന്റെ മുഖം പൂർണ്ണമായും വികൃതമായി. ജെ.എൻ.യു അടക്കമുള്ള സർവ്വകലാശാലകളിലെ സംഘപരിവാർ ആക്രമണം. രാജ്യാന്തര സംഭവവികാസങ്ങളിൽ മോഡിസർക്കാരിന്റെ നിലപാട് എന്നിവ സ്ഥിതി കൂടുതൽ വഷളായി.



'അസഹിഷ്ണുത പടർന്ന ഇന്ത്യ' എന്ന മുഖലേഖനത്തോടെയാണ് 'ഇക്കണോമിസ്റ്റ്' വാരിക പുതിയ ലക്കം ഇറങ്ങിയത്. ലോകത്തെ ഏറ്റവും വലിയ ജനാധിപത്യത്തെ പ്രധാനമന്ത്രിയും അദ്ദേഹത്തിന്റെ പാർട്ടിയും അപകടത്തിലാക്കിയത് എങ്ങനെ എന്ന അടിക്കുറിപ്പോടെയാണ് വാരിക ഈ ലഖനം ട്വീറ്ററിൽ പരസ്യപ്പെടുത്തിയത്. ദീർഘകാലമായ ആസൂത്രണം ചെയ്ത പദ്ധതിയുടെ ഭാഗമായാണ് പൗരത്വഭേദഗതി നിയമം കൊണ്ടുവന്നത്. മതത്തിന്റെയും ദേശീയതയുടെയും അടിസ്ഥാനത്തിൽ ഭിന്നിപ്പ് സൃഷ്ടിച്ച് മോഡിയും ബിജെപിയും രാഷ്ട്രീയനേട്ടത്തിന് ശ്രമിക്കുന്നത് ദുഃഖകരമാണെന്നും വാരിക നിരീക്ഷിച്ചു.

"ന്യൂയോർക്ക് ടൈംസ്", 'ദി വാഷിങ്ടൺ പോസ്റ്റ്', 'ദി ന്യൂയോർക്കർ' എന്നീ പ്രമുഖ പത്രങ്ങൾ കാശ്മീർ, പൗരത്വഭേദഗതി നിയമവിഷയങ്ങളിൽ മോഡിയെ തുടർച്ചയായി വിമർശിക്കുന്നു. പ്രതിഷേധങ്ങളോടുള്ള സർക്കാർ നിലപാടിനെ അപലപിച്ച 'ദി വാഷിങ്ടൺ പോസ്റ്റ്" കഴിഞ്ഞ 24 ന് മുഖപ്രസംഗം എഴുതി.

മോഡിസർക്കാർ ഹിന്ദു ദേശീയവാദം ഉയർത്തുമ്പോൾ ഇന്ത്യയിലെ മതനിരപേക്ഷ ഭരണഘടന അപകടത്തിലാണെന്ന് 'ടൈം' വാരിക മുന്നറിയിപ്പ് നൽകി. ഇസ്രായേലി പത്രം 'ഹാരേറ്റ്സ്, ചൈനയിലെ 'ഗ്ലോബൽ ടൈംസ്' 'റഷ്യടുഡെ", ബംഗ്ലാദേശിലെ ഡെയ്‌ലി സ്റ്റാർ' നേപ്പാളിലെ 'അന്നപൂർണ്ണ എക്സ്പ്രസ്' പത്രങ്ങളും കേന്ദ്രസർക്കാരിനെ വിമർശിച്ച് ലേഖനങ്ങൾ പ്രസിദ്ധീകരിച്ചു.

ഗുജറാത്ത് വംശഹത്യയുടെ കരിനിഴലിൽ നിന്ന് പുറത്തുവരൻ 2014 ൽ പ്രധാനമന്ത്രിയായശേഷം മോഡി ആസൂത്രിതനീക്കം നടത്തി. വിദേശപര്യടനങ്ങളിലൂടെ സൃഷ്ടിച്ചെടുത്ത പൊയ്മുഖം ഇപ്പോൾ നഷ്ടമായി.

# ഉയരുന്ന അസമത്വങ്ങൾ സാമ്പത്തിക തകർച്ച പ്രത്യാഘാതങ്ങൾ



ജോസ് റ്റി. എബ്രഹാം

**ലോകത്തെ 2153 ശതകോടീശ്വരന്മാരുടെ (ബില്യനയേഴ്സ്) സമ്പത്ത് ലോക ജനസംഖ്യയുടെ 60% അല്ലെങ്കിൽ 460 കോടി ജനങ്ങളുടെ മൊത്തം സമ്പത്തിനു തുല്യമാണ്.**

**ഒരു സാധാരണ സ്ത്രീ തൊഴിലാളി 22,277 വർഷം ജോലി ചെയ്താലെ ഒരു ടെക്നോളജി കമ്പനിയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ (സിഇഒ) ഒരു വർഷത്തെ വരുമാനത്തിനു തുല്യമായ പണം ലഭിക്കൂ.**

2020 ജനുവരിയിൽ ഇന്റർനാഷണൽ ലേബർ ഓർഗനൈസേഷൻ (ഐഎൽഒ) ലോക സാമ്പത്തിക ഫോറം (World Economic Forum- WEF) ഓക്സ് ഫാം, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് അല്ലെങ്കിൽ കൃത്രിമ ബുദ്ധി സംബന്ധിച്ച ഗാർട്ട്നർ റിപ്പോർട്ട് (Gartner report) ഐഎംഎഫ് തുടങ്ങി പല സംഘടനകളുടെയും ഏജൻസികളുടെയും പ്രധാനപ്പെട്ട റിപ്പോർട്ടുകൾ വന്ന മാസമാണ്. ഇതിൽ പല റിപ്പോർട്ടുകൾ പരിശോധിക്കാനാണ് ഈ കോളത്തിൽ ശ്രമിക്കുന്നത്.

## ഓക്സ്ഫാം റിപ്പോർട്ട്

ലോക സാമ്പത്തിക ഫോറത്തിന്റെ മീറ്റിംഗ് ജനുവരി 21 മുതൽ 24 വരെ സ്വിറ്റ്സർലന്റിലെ ഡാവോസിൽ നടന്നു. ലോക സാമ്പത്തിക ഫോറം മീറ്റിങ്ങിനു മുന്നോടിയായി ഓക്സ്ഫാം എന്ന അന്തർദേശീയ സന്നദ്ധ സംഘടന അവരുടെ ഒരു റിപ്പോർട്ട് പ്രസിദ്ധീകരിക്കാറുണ്ട്. പ്രധാനമായും ലോകത്തെ അസമത്വങ്ങൾ സംബന്ധിച്ചാണ് ഓക്സ്ഫാം റിപ്പോർട്ട് പരാമർശിക്കുന്നത്. ലോകത്തെ സാമ്പത്തികവും സാമൂഹികവുമായ അസമത്വങ്ങൾ ഓരോ വർഷം കഴിയുമ്പോഴും ഉയർന്നുകൊണ്ടിരിക്കുകയാണെന്ന് റിപ്പോർട്ട് കൃത്യമായും രേഖപ്പെടുത്തുന്നു. "കരുതലിന് സമയമായി" (Time to care) എന്നാണ് ഈ വർഷത്തെ റിപ്പോർട്ട് നാമകരണം ചെയ്തിരിക്കുന്നത്.

ലോകത്തെ 2153 ശതകോടീശ്വരന്മാരുടെ (ബില്യനയേഴ്സ്) സമ്പത്ത് ലോക ജനസംഖ്യയുടെ 60% അല്ലെങ്കിൽ 460 കോടി ജനങ്ങളുടെ മൊത്തം സമ്പത്തിനു തുല്യമാണ്. ലോകത്തെ സാമ്പത്തിക അസമത്വം അത്യന്തം വ്യാപകവും ആഴത്തിലുള്ളതുമായിക്കൊണ്ടിരിക്കുകയാണ്. കഴിഞ്ഞ പത്തു വർഷം കൊണ്ട് ശതകോടീശ്വരന്മാരുടെ എണ്ണം ഇരട്ടിയായി ഉയർന്നു. ഓക്സ്ഫാം ഇന്ത്യയുടെ ചീഫ് എക്സിക്യൂട്ടീവ് അമിതാവ് ബെഹർ പറഞ്ഞത് അസമത്വം കുറക്കാൻ മിക്ക രാജ്യങ്ങളും ഒരു ശ്രമവും നടത്തുന്നില്ല എന്നാണ്. സാധാരണ ജനങ്ങളുടെ പ്രത്യേകിച്ച് സ്ത്രീകളുടെയും കുട്ടികളുടെയും ചിലവിൽ സ്വത്തു കുന്നുകൂട്ടാൻ കോടീശ്വരന്മാർക്ക് മിക്ക രാജ്യങ്ങളും സഹായം ചെയ്തു കൊടുക്കുകയാണ്.

ഒരു സാധാരണ സ്ത്രീ തൊഴിലാളി 22,277 വർഷം ജോലി ചെയ്താലെ ഒരു ടെക്നോളജി കമ്പനിയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ (സിഇഒ) ഒരു വർഷത്തെ വരുമാനത്തിനു തുല്യമായ പണം ലഭിക്കൂ. ഒരു വീട്ടു ജോലിക്കാരി ഒരു വർഷം കൊണ്ട് ജോലി ചെയ്തുണ്ടാക്കുന്ന കൂലി ഒരു ടെക് സിഇഒക്ക് പത്തു മിനിട്ടിനു ലഭിക്കുന്ന ശമ്പളത്തേക്കാൾ കുറവാണ്. ഒരു ടെക്

**ഇന്ത്യയിലെ ധനാഢ്യരായ 1% പേർ കൈയാളുന്ന സമ്പത്ത് ജനസംഖ്യയുടെ 70% കയാളുന്ന സമ്പത്തിന്റെ നാലിരട്ടിയാണ്.**

**ഇന്ത്യയിലെ 63 ശതകോടീശ്വരന്മാരുടെ സ്വത്ത് ഇന്ത്യാരാജ്യത്തിന്റെ ഒരു വർഷത്തെ ബഡ്ജറ്റ് തുകയെക്കാൾ കൂടുതലാണ്.**

**ഒരു വീട്ടു ജോലിക്കാരി ഒരു വർഷം കൊണ്ട് ജോലി ചെയ്തുണ്ടാക്കുന്ന കൂലി ഒരു ടെക് സിഇഒക്ക് പത്തു മിനിട്ടുനു ലഭിക്കുന്ന ശമ്പളത്തേക്കാൾ കുറവാണ്.**




സിഇഒയുടെ ഒരു സെക്കന്റിന്റെ ശരാശരി വരുമാനം 106 രൂപയാണ്. സ്ത്രീകളും കുട്ടികളും വീടുകളിലും മറ്റും പ്രതിഫലമില്ലാതെ ഒരു ദിവസം ലോകത്ത് ചെയ്യുന്ന ജോലി 1250 കോടി (12.5 ബില്യൻ) മണിക്കൂറുകളാണ്. ആഗോള സമ്പദ്‌വ്യവസ്ഥക്ക് അത് നൽകുന്ന സംഭാവന 10.8 ലക്ഷം കോടി രൂപയുടേതാണ്. (10.8 trillion doller)

ഇന്ത്യയിലെ ധനാഢ്യരായ 1% പേർ കൈയാളുന്ന സമ്പത്ത് ജനസംഖ്യയുടെ 70% കയ്യാളുന്ന സമ്പത്തിന്റെ നാലിരട്ടിയാണ്. ഇന്ത്യൻ ജനസംഖ്യയുടെ 90% എന്നു പറഞ്ഞാൽ 95.3 കോടി ജനങ്ങളാണ്. ഇന്ത്യയിലെ 63 ശതകോടീശ്വരന്മാരുടെ സ്വത്ത് ഇന്ത്യാരാജ്യത്തിന്റെ ഒരു വർഷത്തെ ബഡ്ജറ്റ് തുകയെക്കാൾ കൂടുതലാണ്. ഇന്ത്യയിൽ സാമ്പത്തിക അസമത്വം അതിരൂക്ഷമായതിനാൽ സ്വത്തുനികുതി പുന:സ്ഥാപിക്കേണ്ടത് അനിവാര്യമാണെന്ന് നോബേൽ ജേതാവ് അഭിജിത് ബാനർജി കൽക്കത്തയിൽ നടന്ന ഒരു സമ്മേളനത്തിൽ പറഞ്ഞു.

# ഗ്ലോബൽ റിസ്ക് റിപ്പോർട്ട് ലോക സാമ്പത്തിക ഫോറം

ജനുവരി 15 ന് പുറത്തുവന്ന മറ്റൊരു പ്രധാന റിപ്പോർട്ടാണ് ഗ്ലോബൽ റിസ്ക് റിപ്പോർട്ട്. ലോക സാമ്പത്തിക ഫോറം (WEP) അവരുടെ സമ്മേളനത്തിനു മുന്നോടിയായാണ് ഈ റിപ്പോർട്ട് പ്രസിദ്ധീകരിക്കുന്നത്. ആഗോള സമ്പദ്‌രംഗം മുരടിപ്പിലാണ്. കാലാവസ്ഥാ വ്യതിയാനം ഭൂമിയിലാകെ ആഞ്ഞടിക്കുകയാണ്. സൈബർ രംഗത്തെ ഭീഷണികൾ പലതരത്തിൽ ഉയർന്നുകൊണ്ടിരിക്കുകയാണ്. സാമ്പത്തിക അസമത്വങ്ങൾ മൂലം ലോകമാകെ വിവിധ രൂപത്തിൽ പ്രക്ഷോഭങ്ങൾ അലയടിക്കുകയാണ്. ഇത്തരം ഭീഷണികൾക്കെതിരെ അടിയന്തര ഇടപെടൽ നടത്തി പരിഹരിക്കേണ്ടതുണ്ട്. എന്നാൽ ആഗോള സമൂഹത്തിലെ വിടവുകളും സംഘർഷങ്ങളും മൂലം അതിനുള്ള സാധ്യതകളും കുറയുന്നു. തുടങ്ങിയവയാണ് ഗ്ലാബൽ റിസ്ക് റിപ്പോർട്ടിലെ പ്രധാന നിരീക്ഷണങ്ങൾ.



നിർമിത ബുദ്ധിയും പുതിയ പുതിയ സാങ്കേതിക വിദ്യകളും തൊഴിലിടത്തിൽ വലിയ മാറ്റങ്ങൾ കലർത്തിക്കൊണ്ടിരിക്കുകയാണെന്ന് ഗാർട്ട്നർ റിപ്പോർട്ട് പറയുന്നു. 2024 ഓടെ ആവർത്തിച്ച് ചെയ്യുന്ന ജോലികളിൽ 69 % വെർച്ചൽ അസിസ്റ്റന്റുകളും ചാറ്റ് ബോക്സും നിർവഹിക്കും. ഇത്തരത്തിൽ മാനേജർ നിലവാരത്തിൽ തന്നെ വലിയ തൊഴിൽ നഷ്ടമുണ്ടാകുന്നു. സാമ്പത്തിക രംഗത്തെ അനിശ്ചിതത്വങ്ങളും ഉയർന്നുകൊണ്ടിരിക്കുന്ന സാമ്പത്തിക അസമത്വങ്ങളും മൂലം ആഗോള സമ്പദ്‌വ്യവസ്ഥ 1930 കൾക്കു സമാനമായ വൻ സാമ്പത്തിക മാന്ദ്യത്തിലേക്ക് നീങ്ങാമെന്ന് ഐഎംഎഫ് ചീഫ് ക്രിസ്റ്റീന ജോർജീവ പറഞ്ഞു. മേൽ സൂചിപ്പിച്ച എല്ലാ റിപ്പോർട്ടുകളും സൂചിപ്പിക്കുന്നത് ഉയരുന്ന സാമ്പത്തിക അസമത്വങ്ങളും സാമ്പത്തിക തകർച്ചയും വലിയ സാമ്പത്തിക സാമൂഹിക പ്രത്യാഘാതങ്ങൾക്കു കാരണമാകും എന്നാണ്.

# ലോകത്ത് ജീവിക്കാൻ വകയില്ലാതെ 63 കോടി തൊഴിലാളികൾ - ഐഎൽഒ

2019 ൽ ലോകത്ത് 68 കോടി തൊഴിലാളികൾക്ക് നിത്യവൃത്തിക്ക് ആവശ്യമായ പ്രതിഫലം പോലും കിട്ടാത്തവരാണെന്ന് ഐഎഎൽഒയുടെ 2020 ലെ World Employment and scoial out look റിപ്പോർട്ട് പറഞ്ഞു. അതായത് തൊഴിലുള്ളവരിൽ 19 ശതമാനത്തിനും ഈ ആവശ്യമായ വേതനം ലഭിക്കുന്നില്ല. അവരുടെ വരുമാനം ഒരു ദിവസം 3.20 ഡോളറിനും താഴെയാണ്.

**2019 ൽ ലോകത്ത് 68 കോടി തൊഴിലാളികൾക്ക് നിത്യവൃത്തിക്ക് ആവശ്യമായ പ്രതിഫലം പോലും കിട്ടാത്തവർ - ഐഎൽഒ 2020. ആഗോളതലത്തിൽ തൊഴിൽ ലഭ്യത ഇടിഞ്ഞിരിക്കുന്നു. ഇതിനു കാരണം സാമ്പത്തിക രംഗത്തെ മന്ദതയാണ്.**

ലോകത്ത് ലഭ്യമായ തൊഴിലും തൊഴിലന്വേഷിക്കുന്നവരുടെ എണ്ണവും തമ്മിൽ വലിയ അന്തരമാണ് നിലവിലുള്ളത്. 18.8 കോടി പേർക്ക്, പ്രത്യേകിച്ച് യുവാക്കൾക്ക് പൂർണമായി തൊഴിൽ ഇല്ല. 12 കോടി പേർ വിവിധ കാരണങ്ങളാൽ തൊഴിൽ ചെയ്യാൻ സാധിക്കാത്തവരാണ്. അതായത് 2019 ൽ മൊത്തം 47 കോടി ജനങ്ങൾക്ക് ആവശ്യമായ വരുമാനം ലഭിക്കുന്ന തൊഴിൽ ലഭ്യമായിരുന്നില്ല.




ആഗോള തലത്തിൽ 2019 ലെ തൊഴിലില്ലായ്മ നിരക്ക് 5.4 ശതമാനമായിരുന്നു. അടുത്ത രണ്ടു വർഷവും തൊഴിൽ ലഭ്യതയിൽ കാര്യമായ മാറ്റമൊന്നും പ്രതീക്ഷിക്കാൻ കഴിയില്ല എന്നാണ് ഐഎൽഒ റിപ്പോർട്ട്. ആഗോളതലത്തിൽ തൊഴിൽ ലഭ്യത ഇത്തരത്തിൽ ഇടിയാൻ കാരണം സാമ്പത്തിക രംഗത്തെ മന്ദതയാണ്. വ്യാപാരതർക്കങ്ങളും രാജ്യങ്ങൾ തമ്മിലുള്ള സംഘർഷങ്ങളും മൂലം സാമ്പത്തിക രംഗത്താകെ അനിശ്ചിതത്വം നിലനിൽക്കുകയാണ്. 16.05 കോടി പേർക്ക് ഭാഗികമായി മാത്രമേ തൊഴിൽ ലഭിക്കുന്നുള്ളൂ.

ഒരു തൊഴിലുണ്ട് എന്നതുകൊണ്ട് നല്ല ഒരു ജീവിതം നയിക്കാൻ കഴിയുന്ന സ്ഥിതിയിലല്ല ലോകത്തെ 330 കോടി തൊഴിലെടുക്കുന്നവരും. 140 കോടി ജനങ്ങളും ജോലി ചെയ്യുന്നത് വളരെ കുറഞ്ഞ കൂലിയിലും ഒരു തലത്തിലുള്ള സാമൂഹ്യ സുരക്ഷാ സംവിധാനങ്ങളും ഇല്ലാതെയാണ്. യാതൊരു തൊഴിലവകാശങ്ങളും ഇല്ലാതെയാണ് അനേകർ പണിയെടുക്കുന്നത്.

തൊഴിൽ രംഗത്ത് നാനാതരം കൊടിയ അസമത്വങ്ങൾ നിലനിൽക്കുന്നതായും ഐഎൽഒ റിപ്പോർട്ട് പറയുന്നു. ഓരോ പ്രദേശങ്ങൾ തമ്മിലും ജോലികൾ തമ്മിലും രാജ്യങ്ങൾ തമ്മിലും എല്ലാം തൊഴിൽ ലഭ്യതയിലും കൂലിയിലും വലിയ അസമത്വമാണ് കാണാൻ കഴിയുന്നത്. വികസ്വര രാജ്യങ്ങളിൽ തൊഴിൽ ലഭ്യത കുറവാണെന്നു മാത്രമല്ല ലഭിക്കുന്ന തൊഴിലിന് കൂലിയും സുരക്ഷിതത്വവും ഇല്ലാത്ത അവസ്ഥയാണ്. ലഭിക്കുന്ന ഏതു തൊഴിലും ചെയ്യാൻ നിർബന്ധിതരാണ് അനേകർ. 66% പേർക്കും ദാരിദ്ര്യത്തിൽ നിന്നും കരകയറാനുള്ള തൊഴിൽ പോലും ലഭ്യമല്ല. തൊഴിൽ മേഖലയിൽ സ്ത്രീ- പുരുഷ വ്യത്യാ



സവും രൂക്ഷമാണ്. സ്ത്രീകളുടെ തൊഴിൽ രംഗത്തെ പങ്കാളിത്തം ശരാശരി 47% ആയിരിക്കുമ്പോൾ പുരുഷന്റേത് 74% ആണ്. ഓരോ രാജ്യങ്ങളും പ്രദേശങ്ങളും തമ്മിൽ ഈ അനുപാതത്തിൽ വലിയ അന്തരമുണ്ട്. പുരുഷനാണ് വരുമാനം ലഭിക്കേണ്ട ജോലി ചെയ്യേണ്ടതെന്നും സ്ത്രീ കുടുംബത്തിലും വീട്ടിലുമായി ഒതുങ്ങി കഴിയേണ്ടവളാണെന്നുമുള്ള സങ്കല്പം ഇപ്പോഴും ശക്തമാണ്. ആഫ്രിക്കയിലും അറബ് രാജ്യങ്ങളിലും ഈ സങ്കല്പം ഏറ്റവും ശക്തമാണ്. ലോകത്തെ യുവാക്കളിൽ (15 നും 24 നും വയസിനിടയിലുള്ളവർ) 26.7 കോടി അല്ലെങ്കിൽ 22 ശതമാനം തൊഴിലിലോ വിദ്യാഭ്യാസത്തിലോ ഏതെങ്കിലും തൊഴിൽ പരിശീലനത്തിലോ ഏർപ്പെട്ടിട്ടില്ല എന്നത് ഏറ്റവും അങ്കലാപ്പുണ്ടാക്കുന്ന അവസ്ഥയാണന്ന് ഐഎൽഒ പറയുന്നു. തൊഴിലുള്ള യുവാക്കളിൽ നല്ലൊരു ശതമാനത്തിന് മാന്യമായ തൊഴിലില്ല. 95% യുവാക്കളും ജോലി ചെയ്യുന്നത് അനൗദ്യോഗിക (informal) മേഖലയിലാണ്.

ദേശീയ വരുമാനത്തിലെ തൊഴിലാളികളുടെ പങ്ക് ഓരോ വർഷം കഴിയും തോറും ഇടിഞ്ഞുകൊണ്ടിരിക്കുകയാണെന്നും ഐഎൽഒ കണ്ടെത്തി. 2004 ൽ ദേശീയ വരുമാനത്തിൽ തൊഴിലെടുക്കുന്നവരുടെ പങ്ക് 54 ശതമാനമായിരുന്നു. 2017 എത്തിയപ്പോഴേക്കും അത് 51% ആയി കുറഞ്ഞു. യൂറോപ്പിലും അമേരിക്കയിലും മധ്യഏഷ്യയിലുമാണ് ഈ പ്രതിഭാസം ഏറ്റവും കൂടുതലായി ദൃശ്യമാകുന്നത്. സ്വാഭാവികമായി ദേശീയ വരുമാനത്തിൽ മൂലധനത്തിന്റെ പങ്ക് ഉയരുകയാണ്.

ഓക്സ്ഫാം നിരീക്ഷണം പോലെ തന്നെ ഐഎൽഒയും കണ്ടെത്തിയത് ഉയർന്ന തൊഴിൽ ചെയ്യുന്നവരും താഴെക്കിടയിലുള്ള ജോലി ചെയ്യുന്നവരും തമ്മിലുള്ള അന്തരവും രൂക്ഷമാണ് എന്നാണ്. 2019 ൽ ഉയർന്ന ജോലി ചെയ്യുന്ന ഒരാൾക്ക് ശരാശരി ഒരു മാസം 7400 ഡോളർ ലഭിച്ചപ്പോൾ താഴെക്കിടയിലുള്ള ഒരാൾക്ക് ഒരു മാസം 22 ഡോളർ മാത്രമാണ് ലഭിച്ചത്. ഇതിന് മുമ്പ് ഐഎൽഒ നടത്തിയ പഠനങ്ങളേക്കാൾ ഉയർന്ന നിലയിലാണ് തൊഴിൽ മേഖലയിലെ വരുമാനത്തിനുള്ള അന്തരം എന്ന് ഈ റിപ്പോർട്ടിൽ കണ്ടെത്തി.

## 16 ലക്ഷം തൊഴിൽ കുറയും

രാജ്യത്ത് മുൻവർഷത്തെ അപേക്ഷിച്ച് നടപ്പു സാമ്പത്തിക വർഷം പുതിയ തൊഴിലുകളുടെ എണ്ണത്തിൽ 16 ലക്ഷം കുറയുമെന്ന് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, 2018–19 ൽ 89.7 ലക്ഷം പുതിയ തൊഴിൽ സൃഷ്ടിക്കപ്പെട്ടു. സാമ്പത്തികമാന്ദ്യം രൂക്ഷമായ സാഹചര്യത്തിലാണ് തൊഴിൽ കുറയുന്നതെന്നും ഇപിഎഫ്ഒയിൽ നിന്നുള്ള വിവരങ്ങളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ റിപ്പോർട്ട് പറഞ്ഞു.



ഉത്തർപ്രദേശ്, ബിഹാർ, അസം, രാജസ്ഥാൻ, ഒഡിഷ എന്നീ സംസ്ഥാനങ്ങളിൽ തൊഴിലവസരങ്ങൾ വൻതോതിൽ കുറഞ്ഞു. കരാർ, താൽക്കാലി തൊഴിലാളികളെ കമ്പനികൾ വെട്ടിക്കുറയ്ക്കുകയാണ്. കാർഷിക, വ്യാവസായിക മേഖലകളിൽ പിന്നോക്കം നിൽക്കുന്ന സംസ്ഥാനങ്ങളിൽ നിന്ന് ഇതര സംസ്ഥാനങ്ങളിലേക്ക് കുടിയേറ്റം പെരുകുന്നു.

അഞ്ച് വർഷമായി രാജ്യത്ത് ഉൽപ്പാദനക്ഷമതയും വേതനവും താഴ്ന്ന തോതിലാണെന്നും റിപ്പോർട്ട് വ്യക്തമാക്കുന്നു.

# വളർച്ചയിൽ മന്ദഗതി തുടരുമെന്ന് ഇന്ത്യ റേറ്റിങ്

അടുത്ത സാമ്പത്തികവർഷവും ഇന്ത്യയുടെ മൊത്തം ആഭ്യന്തര ഉൽപ്പാദന (ജിഡിപി) വളർച്ച ഉയരാൻ ഇടയില്ലെന്ന് ഇന്ത്യ റേറ്റിങ് ആൻഡ് റിസർച്ച് സർവ്വേ. 2020-21 ൽ വളർച്ച 5.5 ശതമാനമാകുമെന്നാണ് നിഗമനം. ഇക്കൊല്ലം വളർച്ച അഞ്ച് ശതമാനമായി ഇടിയുമെന്ന് കേന്ദ്രസർക്കാർ സ്ഥിരീകരിച്ചു. 4.8 ശതമാനം വളർച്ചയേ ഉണ്ടാകൂ എന്നാണ് ഐ.എം.എഫ് വിലയിരുത്തൽ. കഴിഞ്ഞ ബജറ്റിൽ ധനമന്ത്രി നിർമ്മല സീതാരാമൻ അവകാശപ്പെട്ടത് ഏഴ് ശതമാനം വളർച്ചയാണ്. 2014 ഓടെ സമ്പദ്ഘടനയുടെ മൂല്യം അഞ്ച് ലക്ഷം കോടി ഡോളറായി ഉയർത്തുകയാണ് ലക്ഷ്യമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോഡി പ്രഖ്യാപിച്ചു. എന്നാൽ, ഈ ലക്ഷ്യം കൈവരിക്കാൻ സമ്പദ്ഘടന 2020 മുതൽ നാലുവർഷം ഒമ്പത് ശതമാനം വീതം വളരണമെന്ന് സാമ്പത്തികശാസ്ത്രജ്ഞൻ ആർ നാഗരാജ് പറഞ്ഞു.



2020-21 -ൽ രാജ്യത്തിന്റെ വളർച്ച ആറ് ശതമാനത്തിൽ എത്തില്ലെന്ന് ഐക്യരാഷ്ട്ര സംഘടന സാമൂഹ്യ-സാമ്പത്തിക കമ്മിഷനും വ്യക്തമാക്കി.

ഉപഭോഗത്തിലെ വൻ ഇടിവാണ് മാന്ദ്യത്തിന് പ്രധാനകാരണമെന്ന് ധനകാര്യഏജൻസികളും വിദഗ്ധരും പറയുന്നു. ഗ്രാമീണ മേഖലയിൽ ഉപഭോക്തൃ ചെലിവിൽ 2011-12 നും 2017 നും 18 നും ഇടയിൽ 8.8 ശതമാനം ഇടിവുണ്ടായെന്ന് ദേശീയ സാമ്പിൾ സർവ്വേ റിപ്പോർട്ടിൽ വ്യക്തമായതോടെ സർക്കാർ ഈ റിപ്പോർട്ട് പൂഴ്ത്തി നഗരമേഖലയിൽ ഉപഭോക്തൃ ചെലവിൽ രണ്ട് ശതമാനം വളർച്ച ഉണ്ടായെങ്കിലും രാജ്യത്ത് ശരാശരി ഇടിവ് 3.7 ശതമാനമാണ്.

**ഉപഭോഗത്തിലെ വൻ ഇടിവാണ് മാന്ദ്യത്തിന് പ്രധാനകാരണമെന്ന് ധനകാര്യ ഏജൻസികളും വിദഗ്ധരും പറയുന്നത്. വാഹനങ്ങൾ മുതൽ ബിസ്കറ്റിന്റെ വരെ വിൽപ്പന ഇടിഞ്ഞു. ജനങ്ങളുടെ കൈവശം പണമില്ലാത്തതും പെരുകുന്ന തൊഴിലില്ലായ്മയും മാന്ദ്യം രൂക്ഷമാക്കുന്നു. നിക്ഷേപങ്ങളും കുറയുന്നു.**

വാഹനങ്ങൾ മുതൽ ബിസ്കറ്റിന്റെ വരെ വിൽപ്പന ഇടിഞ്ഞു. ജനങ്ങളുടെ കൈവശം പണമില്ലാത്തതും പെരുകുന്ന തൊഴിലില്ലായ്മയും മാന്ദ്യം രൂക്ഷമാക്കുന്നു. നിക്ഷേപങ്ങളും കുറയുന്നു. ഉപഭോക്തൃമേഖലയിലെ തളർച്ച സാർവത്രിക പ്രതിസന്ധിക്ക് കാരണമായി. നോട്ടുനിരോധനം, അശാസ്ത്രീയ ജിഎസ്ടി എന്നിവയും വിപണിയെ ഉലച്ചു.

റിപ്പോനിരക്കുകൾ കുറച്ചും ഓഹരി വിപണിയിൽ കുതിപ്പ് സൃഷ്ടിച്ചും വളർച്ച വീണ്ടെടുക്കാൻ കഴിയില്ലെന്ന് ഐക്യരാഷ്ട്ര സംഘടന ഏഷ്യ-പസഫിക് സാമൂഹ്യ-സാമ്പത്തിക കമ്മിഷൻ തലവൻ ഡോ.നാഗേഷ് കുമാർ പറഞ്ഞു. അടിസ്ഥാന സൗകര്യമേഖല, വിദ്യാഭ്യാസം, സുസ്ഥിര ഊർജ്ജം എന്നീ രംഗങ്ങളിൽ സർക്കാർ കൂടുതൽ മുതൽമുടക്കിയാൽ തൊഴിലവസരം വർദ്ധിക്കും.■

# 20 വർഷത്തിനിടെ ആദ്യം കുത്തനെ ഇടിഞ്ഞ് നികുതി വരുമാനം

## പ്രതീക്ഷിച്ചത് 13.5 ലക്ഷം കോടി: ഇതുവരെ കിട്ടിയത് 7.3 ലക്ഷം കോടി

ധനമന്ത്രി പ്രഖ്യാപിച്ച നികുതിയിളവുകളും ആശ്വാസപദ്ധതികളും ഫലിച്ചില്ല. രണ്ടു പതിറ്റാണ്ടിനിടയിൽ ആദ്യമായി രാജ്യത്തിന്റെ പ്രത്യക്ഷ നികുതി വരുമാനം കുത്തനെ ഇടിഞ്ഞതായി നികുതി വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരുടെ വെളിപ്പെടുത്തൽ. സാമ്പത്തിക മാന്ദ്യത്തിൽ നിന്നു കരകയറാൻ ശ്രമിക്കുന്ന സമ്പദ്വ്യവസ്ഥ പ്രധാനമായി ആശ്രയിക്കുന്ന നികുതിവരുമാനത്തിലെ കുറവ് വലിയ ആഘാതമാകുമെന്നു സാമ്പത്തിക വിദഗ്ദ്ധരും ചൂണ്ടിക്കാട്ടുന്നു. 13.5 ലക്ഷം കോടി രൂപയാണ് ഈ സാമ്പത്തികവർഷം നരേന്ദ്രമോഡി സർക്കാർ പ്രത്യക്ഷ നികുതിയിലൂടെ ലക്ഷ്യമിട്ടത്. കഴിഞ്ഞ സാമ്പത്തിക വർഷത്തേതിനേക്കാൾ 17% കൂടുതലായിരുന്നു ഇത്. എന്നാൽ സാമ്പത്തിക മാന്ദ്യത്തെ തുടർന്ന് നികുതിവരുമാനം കുത്തനെ ഇടിയുകയും രാജ്യത്തിന്റെ സാമ്പത്തിക വളർച്ച 11 വർഷത്തെ ഏറ്റവും കുറഞ്ഞ നിരക്കിൽ (5%) എത്തുകയും ചെയ്തു. ജനുവരി 23 വരെയുള്ള പ്രത്യക്ഷ നികുതി വരുമാനം 7.3 ലക്ഷം കോടി രൂപയാണെന്ന് ഉദ്യോഗസ്ഥർ വെളിപ്പെടുത്തുന്നു.

കഴിഞ്ഞ സാമ്പത്തികവർഷം ഇതേ സമയത്തെ നികുതി വരുമാനത്തെക്കാൾ 5.5% കുറവാണിത്. മാർച്ച് 31 വരെ ലഭിക്കാവുന്ന നികുതി വരുമാനം കൂടി കണക്കാക്കിയാൽ പോലും കഴിഞ്ഞ വർഷത്തെ 11.5 ലക്ഷം കോടി രൂപയെക്കാൾ കുറവായിരിക്കും ഈ വർഷത്തെ വരുമാനം എന്ന് ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തുന്നു. നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനും വിവിധ മേഖലകൾക്ക് ഉണർവു പകരുന്നതിനുമായി സർക്കാർ പ്രഖ്യാപിച്ച നികുതിയിളവുകളും നികുതി വരുമാനം കുറയാൻ കാരണമായിട്ടുണ്ട്.

കേന്ദ്രസർക്കാർ വരുമാനം കണക്കാക്കുന്നതിൽ 80% പ്രത്യക്ഷനികുതിയാണ്. ഈ നികുതിവരുമാനത്തിൽ ഉണ്ടാകുന്ന കുറവ് പരിഹരിക്കാൻ സർക്കാരിനു കൂടുതൽ കടമെടുക്കേണ്ടി വരും.



**രാജ്യത്തിന്റെ സമ്പദ്‌വ്യവസ്ഥ കടുത്ത പ്രതിസന്ധിയിലാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോഡിയുടെ സാമ്പത്തികോപദേശക സമിതി അംഗം രതിൻ റോയ് മുതൽ ഐഎംഎഫിലെ മുഖ്യ സാമ്പത്തിക വിദഗ്ധ ഗീത ഗോപിനാഥ് വരെ പ്രഖ്യാപിച്ചു.**



## ഘടനാപരമായ പ്രതിസന്ധി

ഇന്ത്യൻ സമ്പദ് വ്യവസ്ഥ ഘടനാപരമായ പ്രതിസന്ധിയിലൂടെ കടന്നുപോകുന്നു

-- രതിൻ റോയ് (പ്രധാനമന്ത്രിയുടെ സാമ്പത്തികോപദേശക സമിതി അംഗം) മേയ് 9, 2019

## നിക്ഷേപം കുറയും, വരുമാനം ഇടിയും

ഇന്ത്യയുടെ സാമ്പത്തികരംഗം പ്രത്യക്ഷത്തിലുള്ളതിനേക്കാൾ വലിയ പ്രതിസന്ധിയിലാണ്. നിക്ഷേപം കുറയുന്നതും നികുതിവരുമാനം ഇടിയുന്നതുമാണ് ലോകത്തിലെ അതിവേഗം വളരുന്ന സമ്പദ് വ്യവസ്ഥകളിലൊന്നായ ഇന്ത്യയെ ബാധിച്ചത്.

-- ഐഎംഎഫ് വാർഷിക അവലോകന റിപ്പോർട്ട്, ഡിസംബർ 23

## സമ്പദ് വ്യവസ്ഥയുടെ സ്ഥിതി ഗുരുതരം

ഇന്ത്യയുടെ സമ്പദ് വ്യവസ്ഥ ഗുരുതരാവസ്ഥയിൽ. രാജ്യത്തിന്റെ വളർച്ച 4.6 ശതമാനമാകും. 5.6 ശതമാനം വളർച്ച കൈവരിക്കുമെന്ന് കരുതിയ ജിഡിപി വളർച്ച അനുമാനം 4.6 ശതമാനമായും കുറച്ചു.

-- യുഎസ് ക്രെഡിറ്റ് റേറ്റിങ് ഏജൻസി ഫിച്ച്, ഡിസംബർ 20

## വളർച്ച കൂടുതൽ താഴോട്ട്

ഇന്ത്യയുടെ സാമ്പത്തികവളർച്ച കൂടുതൽ താഴോട്ട് പോകും. 'സ്ഥിരതയുള്ള വളർച്ച എന്നതിൽനിന്ന് താഴോട്ടു പോകുന്ന വളർച്ച്' എന്ന വിഭാഗത്തിലേക്ക് ഇന്ത്യയെ മാറ്റി. മാന്ദ്യത്തിൽനിന്ന് ഉടനെ കരകയറില്ലെന്നും പരിഷ്കാരങ്ങൾ വഴി സർക്കാരിന് വളർച്ചയിലേക്ക് രാജ്യത്തെനയിക്കാനുള്ള സാധ്യത കുറവാണ്. ഏഴ് ശതമാനം വളർച്ചയാണ് സർക്കാർ ലക്ഷ്യമിട്ടത്. ഇത് അഞ്ച് ശതമാനത്തിൽ താഴെയാകും.

-- രാജ്യാന്തര റേറ്റിങ് ഏജൻസി മൂഡിസ്

## 70 വർഷത്തിനിടയിലെ കടുത്ത മാന്ദ്യം



രാജ്യത്തിന്റെ ധനമേഖലയിൽ കഴിഞ്ഞ 70 വർഷത്തിനിടയിൽ അഭിമുഖികരിച്ചിട്ടില്ലാത്ത തരത്തിലുള്ള അഭൂതപൂർവമായ സമ്മർദമാണുള്ളത്. രാജ്യം അതിഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയാണ് നേരിടുന്നത്. നോട്ടുനിരോധനം, ജിഎസ്.ടി, പാപ്പർനിയമം എന്നിവയാണ് പണലഭ്യത ഇല്ലാതാക്കിയത്. സങ്കീർണസാഹചര്യമാണുള്ളത്. പ്രശ്നപരിഹാരം എളുപ്പമല്ല.

-- രാജീവ് കുമാർ (നിതി ആയോഗ് വൈസ് ചെയർമാൻ)

## ടൈം ബോംബിനുമുകളിൽ



ഇന്ത്യയിലെ നിർമാണമേഖലയും റിയൽ എസ്റ്റേറ്റ് രംഗവും തീവ്രമായി തകർച്ചയിലാണ്. നിർമാണ, റിയൽ എസ്റ്റേറ്റ്, ഇൻഫ്രാസ്ട്രക്ചർ വ്യവസായം എന്നീ മേഖലകളെല്ലാം ടൈംബോംബുപോലെ അപകടകരമായസ്ഥിതിയിലൂടെയാണ് കടന്നുപോകുന്നത്.

-- രഘുറാം രാജൻ (റിസർവ് ബാങ്ക് മുൻ ഗവർണർ)

### ആഴമേറിയ തകർച്ച



**വിചാരിച്ചതിലും ആഴമേറിയതാണ് ഇന്ത്യയിലെ സാമ്പത്തികമാന്ദ്യം. നിക്ഷേപത്തിൽ വലിയ കുറവാണുള്ളത്. ഉപഭോഗവളർച്ചയും താഴുന്നു. ബാങ്കുകളുടെ കിട്ടാക്കടം പെരുകുന്നു. വലിയ പരിഷ്കാരങ്ങൾ കൊണ്ടുവന്നാൽ മാത്രമേ ഇന്ത്യൻ സാമ്പത്തികവ്യവസ്ഥ വളർച്ചയിലേക്ക് തിരിച്ചെത്തൂ.**

-- ഗീത ഗോപിനാഥ് (ഐഎംഎഫ് മുഖ്യ സാമ്പത്തിക വിദഗ്ധ), ഡിസംബർ 23- 2019

### സാമ്പത്തികനില മെച്ചപ്പെടില്ല



**ഇന്ത്യൻ സമ്പദ് വ്യവസ്ഥ വളരെ മോശം അവസ്ഥയിലാണ്. വളർച്ചാനിരക്ക് സംബന്ധിച്ച് ഇപ്പോൾ ലഭ്യമായ കണക്കുകളുടെ അടിസ്ഥാനത്തിൽ സമീപഭാവിയിൽ സാമ്പത്തികനില മെച്ചപ്പെടുമെന്നു കരുതാനാകില്ല.**

-- അഭിജിത് ബാനർജി (സാമ്പത്തിക നൊബേൽ ജേതാവ്)

# കേരളത്തിൽ സ്വകാര്യധനസ്ഥാപനങ്ങൾക്ക് മിനിമം വേതനം പ്രാബല്യത്തിൽ

സംസ്ഥാനത്തെ സ്വകാര്യധനസ്ഥാപനങ്ങളിലെ ജീവനക്കാർക്ക് കുറഞ്ഞ വേതനനിരക്ക് പ്രാബല്യത്തിലാക്കി ഉത്തരവിറക്കുകവഴി തൊഴിലാളികളോടുള്ള പ്രതിബദ്ധത സംസ്ഥാന സർക്കാർ ആവർത്തിച്ച് തെളിയിച്ചിരിക്കുകയാണ്. പണയം, ചിട്ടി, കുറി, ഇൻഷുറൻസ്, മൈക്രോഫിനാൻസ്, വിദേശനാണയ വിനിമയം, ഹയർ പർച്ചേസ് തുടങ്ങിയ ബിസിനസ് നടത്തുന്ന അഞ്ഞൂറിലേറെ സ്ഥാപനങ്ങളിലെ അരലക്ഷത്തിലേറെ ജീവനക്കാർക്ക് സർക്കാരിന്റെ പുതുവർഷ സമ്മാനമാണിത്. ഇതുകൂടാതെ സംസ്ഥാനത്തെ വസ്ത്ര നിർമ്മാണ വ്യവസായ മേഖലയിലെ തൊഴിലാളികളുടെ മിനിമം വേതനവും പുതുക്കി നിശ്ചയിച്ചു.

ഇന്ത്യയിൽ ആദ്യമായാണ് ഒരു സംസ്ഥാന സർക്കാർ സ്വകാര്യധനസ്ഥാപനങ്ങളിലെ ജീവനക്കാർക്ക് കുറഞ്ഞ വേതനം നിശ്ചയിച്ച് ഉത്തരവിറക്കുന്നത്. വർഷങ്ങളായി തുച്ഛമായ വേതനത്തിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് ഇതോടെ അടിസ്ഥാന ശമ്പളത്തിലും മറ്റ് ആനുകൂല്യങ്ങളിലും വലിയ വർദ്ധനയുണ്ടാകും. ഷോപ്പ്സ് ആൻഡ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമപ്രകാരമുള്ള വേതനനിരക്കാണ് ഇതുവരെ ജീവനക്കാർക്ക് ലഭിച്ചിരുന്നത്. വൻകിട സ്വകാര്യ പണമിടപാട് സ്ഥാപനമായ മുത്തൂറ്റ് ഫിനാൻസിലെ തൊഴിൽ ചൂഷണത്തിനെതിരെ ജീവനക്കാർ മാസങ്ങളായി നടത്തുന്ന പ്രക്ഷോഭത്തിന്റെ കൂടി പശ്ചാത്തലത്തിലാണ് സർക്കാരിന്റെ ഉത്തരവ്.

കൊള്ളപ്പലിശയ്ക്ക് പണം കടംകൊടുത്ത് ജനങ്ങളെ പിഴിയുന്ന ഒരു വിഭാഗം വൻകിട സ്വകാര്യധനസ്ഥാപനങ്ങൾ തൊഴിലാളികൾക്ക് മാന്യമായ വേതനം നൽകാൻ തയ്യാറാകുന്നില്ല. പത്തും ഇരുപതും വർഷമായി ജോലി ചെയ്യുന്നവർക്ക് പോലും പതിനായിരം-പതിനയ്യായിരം രൂപയാണ് വേതനം. ജനങ്ങളുടെ പലിശപ്പണംകൊണ്ട് വളർന്ന് പന്തലിക്കുന്ന സ്വകാര്യധനസ്ഥാപനങ്ങൾ അടിക്കടി ശാഖകൾ തുറക്കുന്നു. വർഷംതോറും കോടികളുടെ ബിസിനസ് വർദ്ധിപ്പിക്കുന്നു. എന്നാൽ ജീവനക്കാരുടെ ന്യായമായ ആവശ്യങ്ങൾ അംഗീകരിക്കാൻ തയ്യാറല്ല. മുത്തൂറ്റ് ഫിനാൻസ് പോലുള്ള സ്ഥാപനങ്ങൾ കോടതി നിർദ്ദേശങ്ങളും ഒത്തുതീർപ്പ് കരാറും കാറ്റിൽപ്പറത്തി ജീവനക്കാരെ പിരിച്ചുവിടുകയും ശാഖകൾ പൂട്ടുകയുമാണ് ചെയ്തത്. കോടതിയെയും സർക്കാരിനെയും തൊഴിലാളി സംഘടനകളെയും മാനിക്കാതെ ധാർഷ്ട്യത്തോടെ മുന്നോട്ടുപോകുന്ന ഉടമകൾക്ക് സംസ്ഥാന സർക്കാരിന്റെ ശക്തമായ താക്കീതാണ് കുറഞ്ഞ വേതനം നിശ്ചയിച്ചുള്ള ഉത്തരവ്. നിയമങ്ങളും കോടതി നിർദ്ദേശവും അംഗീകരിക്കാതെ ധിക്കാരപൂർവ്വം പ്രവർത്തിക്കാൻ അനുവദിക്കില്ലെന്ന സന്ദേശമാണ് ഇതിലൂടെ സർക്കാർ നൽകുന്നത്.

# വിലക്കയറ്റം അതിരൂക്ഷം; ജനുവരിക്കുതിപ്പ് 7.59%




രാജ്യത്ത് വിലക്കയറ്റം അതിരൂക്ഷമെന്ന് വ്യക്തമാക്കി ഉപഭോക്തൃ വിലസൂചിക (റീട്ടെയിൽ) അടിസ്ഥാനമാക്കിയുള്ള നാണയപ്പെരുപ്പം ജനുവരിയിൽ ആറുവർഷത്തെ ഉയരമായ7.59 ശതമാനത്തിലെത്തി. ഡിസംബറിൽ ഇത് 7.35 ശതമാനമായിരുന്നു. ഗ്രാമങ്ങളിൽ റീട്ടെയിൽ നാണയപ്പെരുപ്പം 7.23 ശതമാനത്തിൽ നിന്നു.യർന്ന് 1.73 ശതമാനമായി.

റിസർവ് ബാങ്ക് മുഖ്യപലിശനിരക്കുകൾ പരിഷ്കരിക്കാൻ പ്രധാനമായും പരിഗണിക്കുന്നത് റീട്ടെയിൽ നാണയപ്പെരുപ്പമാണ്. ഡിസംബറിൽ നാണയുപ്പെരുപ്പം ഏഴശതമാനത്തിന്റെ മുകളിലെത്തിയതിനാൽ, ഫെബ്രുവരിയിലെ ധനനയ നിർണയ യോഗത്തിൽ പലിശഭാരം കുറയ്ക്കാൻ റിസർവ് ബാങ്ക് തയ്യാറായിരുന്നില്ല.

ജി.ഡി.പി വളർച്ചനടപ്പുവർഷം ദശാബ്ദത്തിലെ ഏറ്റവും താഴ്ന്ന നിരക്കായ അഞ്ചു ശതമാനത്തിലേക്ക് ഇടിയുമെന്ന് വിലയിരുത്തപ്പെടുന്നുണ്ട്. ഈ സാഹചര്യത്തിൽ, പലിശ കുറയ്ക്കുമെന്ന് പ്രതീക്ഷിച്ചിരുന്നെങ്കിലും നാണയപ്പെരുപ്പം വില്ലനാകുകയായിരുന്നു. അടുത്ത ധനനയ നിർണയയോഗം ഏപ്രിലിലാണ്. 2020-21 വർഷത്തെ ആദ്യപകുതിയിൽ നാണയപ്പെരുപ്പം 5.4ശതമാനം വരെ ഉയർന്നേക്കാമെന്നാണ് റിസർവ് ബാങ്കിന്റെ വിലയിരുത്തൽ. ഫലത്തിൽ, ഇനി സമീപഭാവിയിലെങ്ങും പലിശ കുറയില്ലെന്ന സൂചനയാണ് നാണയപ്പെരുപ്പത്തിന്റെ കുതിപ്പ് നൽകുന്നത്.

## ആശങ്കയായി ഭക്ഷ്യോത്പന്ന വിലക്കയറ്റം

ഭക്ഷ്യോത്പന്നങ്ങളുടെ വില വർധനയാണ് പ്രധാന തിരിച്ചടി. 2019 ജനുവരിയിൽ മൈനസ് 2.24 ശതമാനമായിരുന്ന ഭക്ഷ്യ വിലപ്പെരുപ്പം കഴിഞ്ഞ മാസം 13.63 ശതമാനത്തിലെത്തി. ഇത് പലിശ നിരക്ക് കുറക്കുന്നതിൽ നിന്ന് റിസർവ് ബാങ്കിനെ പിന്തിരിപ്പിക്കും.

## തകർന്നടിഞ്ഞ് വ്യവസായം

ഇന്ത്യയുടെ വ്യാവസായിക ഉത്പാദന വളർച്ച ഡിസംബറിൽ മൈനസ് 0.03 ശതമാനത്തിലേക്ക് തകർന്നടിഞ്ഞു. 2018 ഡിസംബറിൽ വളർച്ച പോസിറ്റീവ് 2.5 ശതമാനമായിരുന്നു. മാനുഫാക്ചറിംഗ് മേഖലയുടെ വളർച്ച 2.9 ശതമാനത്തിൽ നിന്ന് 1.2 ശതമാനത്തിലേക്ക് ഇടിഞ്ഞതാണ് പ്രധാന തിരിച്ചടി.

# തൊഴിൽ ഇല്ല വില കൂടി

രാജ്യത്തിന്റെ സമ്പദ്ഘടന ബഹുമുഖ പ്രതിസന്ധിയിൽ. സാമ്പത്തികവളർച്ചയും ഉപഭോഗവും തൊഴിലും ഇടിയുകയും പണപ്പെരുപ്പം കുതിക്കുകയും ചെയ്യുന്നു. തൊഴിലില്ലായ്മ 45 വർഷത്തെ ഏറ്റവും ഉയർന്ന നിരക്കിലായി. വ്യവസായ ഉൽപ്പാദനവളർച്ച മന്ദഗതിയിലായി. വാഹനവിൽപ്പനയിൽ ഇടിവ് തുടരുന്നു. കയറ്റുമതിയും ചുരുങ്ങി. ഉൽപ്പാദനവും തൊഴിലും വർദ്ധിക്കാതെ പണപ്പെരുപ്പം രൂക്ഷമാകുന്ന ഘട്ടമായ 'സ്റ്റാഗ്ഫ്ളേഷൻ' എന്ന ഗുരുതര സ്ഥിതിയിലാണ് രാജ്യം എത്തിയിരിക്കുന്നതെന്ന് സാമ്പത്തിക നിരീക്ഷണ വിശകലന ഏജൻസിയായ ക്രിസിലിന്റെ മുഖ്യ സാമ്പത്തിക വിദഗ്ദ്ധൻ ഡി.കെ.ജോഷി പറഞ്ഞു. മുരടിപ്പും വിലക്കയറ്റവും ഒന്നിച്ചുവരുന്ന അവസ്ഥയെയാണ് സ്റ്റാഗ്ഫ്ളേഷൻ (സ്റ്റാഗ്നേഷൻ+ ഇൻഫ്ളേഷൻ) എന്ന് വിശേഷിപ്പിക്കുന്നത്.

ജൂലൈ-സെപ്തംബറിൽ സാമ്പത്തിക വളർച്ച ആറരവർഷത്തെ ഏറ്റവും കുറഞ്ഞ നിരക്കായ 4.5 ശതമാനമായി. നടപ്പുവർഷം ഇത് അഞ്ച് ശതമാനമായി ചുരുങ്ങുമെന്ന് കേന്ദ്ര സർക്കാരും സമ്മതിച്ചു. രാജ്യത്തെ മൊത്തം സമ്പാദ്യം 2011-12 ൽ 34.65 ശതമാനം ആയിരുന്നെങ്കിൽ 2017-18 ൽ 30.45 ശതമാനമായി ഇടിഞ്ഞു.

അതേസമയം ഡിസംബറിൽ ഭക്ഷ്യപ്പണപ്പെരുപ്പം 14.12 ശതമാനമായി കുതിച്ചു. നവംബറിൽ ഇതു 10.01 ശതമാനമായിരുന്നു പണപ്പെരുപ്പം ആറ് ശതമാനത്തിൽ കൂടരുതെന്ന് റിസർവ് ബാങ്ക് മുന്നറിയിപ്പ് നൽകി. ചില്ലറ വിപണിയിലെ പണപ്പെരുപ്പം സാധാരണക്കാരെയാണ് ബാധിക്കുന്നത്. വാഹനവിപണയിലെ ഇടിവു കാരണം നിർമ്മാണശാലകൾ അടച്ചിട്ടു. നിരവധി കമ്പനികൾ ജീവനക്കാരെ പിരിച്ചു വിട്ടു.

ട്രെയിൻ നിരക്കും ടെലികോം നിരക്കുകളും വർദ്ധിപ്പിച്ചതിന് പണപ്പെരുപ്പം വീണ്ടും ഉയരാൻ വഴിയൊരുക്കും. രാജ്യാന്തരവിപണിയിൽ എണ്ണ വില ഉയരുന്നത് സ്ഥിതി വീണ്ടും വഷളാകും.

## ഇന്ത്യയിൽ 'ജനാധിപത്യവും' ഇടിയുന്നു

ജനാധിപത്യ സൂചികയിൽ ഇന്ത്യയുടെ സ്ഥാനം കൂപ്പുകുത്താൻ വഴിയൊരുക്കിയത് കാശ്മീരിന്റെ പദവി റദ്ദാക്കൽ മുതൽ പൗരത്വഭേദഗതി നിയമം പാസാക്കൽ വരെയുള്ള കേന്ദ്ര സർക്കാർ നടപടികൾ ആഗോള ജനാധിപത്യസൂചികയിൽ ഇന്ത്യയുടെ സ്ഥാനം 10 പോയിന്റ് ഇടിഞ്ഞ് ഇന്ത്യ 51-ാം സ്ഥാനത്താണ്.

2006 നു ശേഷമുള്ള ഏറ്റവും മോശം നിലയാണിത്. കാശ്മീരിന്റെ പ്രത്യേക പദവി റദ്ദാക്കിയതും അസമിൽ രൂപീകരിച്ച പൗരത്വപട്ടികയിൽ നിന്ന് 19 ലക്ഷം പേരെ പുറന്തള്ളിയതും പൗരത്വ ഭേദഗതി നിയമവും ഇന്ത്യയുടെ പ്രതിച്ഛായ ഇടിയാൻ കാരണമായി. ഇക്കണോമിക് ഇന്റലിജൻസിന്റെ റിപ്പോർട്ട് വ്യക്തമാക്കുന്നു. 165 സ്വതന്ത്ര രാജ്യങ്ങളിലെയും മറ്റ് രണ്ടു ഭൂപ്രദേശങ്ങളിലെയും ജനാധിപത്യ സ്ഥിതിയാണ് റിപ്പോർട്ട് വിശകലനം ചെയ്തത്.

തെരഞ്ഞെടുപ്പ് പ്രക്രിയ, ബഹുസ്വരത, സർക്കാരിന്റെ പ്രവർത്തനം, രാഷ്ട്രീയ പങ്കാളിത്തം, രാഷ്ട്രീയ സംസ്കാരം, പൗരസ്വാതന്ത്ര്യം എന്നിവയെ അടിസ്ഥാനപ്പെടുത്തിയതാണ് സൂചിക.

രാഷ്ട്രീയ നേതൃത്വത്തെയടക്കം തടവിലിട്ടാണ് കാശ്മീരിന്റെ പദവി റദ്ദാക്കിയതെന്ന് റിപ്പോർട്ടിൽ പറയുന്നു. അസമിലെ പൗരത്വ രജിസ്റ്ററിൽ നിന്ന് പുറത്തായ 19 ലക്ഷം പേരിൽ ഭൂരിപക്ഷവും മുസ്ലീങ്ങളാണ്.

പുറന്തള്ളപ്പെട്ടവർ ബംഗ്ലാദേശ് സ്വാദേശികളാണെന്ന് ഭരണകക്ഷിയായ ബിജെപി ആരോപിക്കുന്നു. ബംഗ്ലാദേശ് സർക്കാർ ഇത് നിഷേധിക്കുന്നു. പൗരത്വ ഭേദഗതി നിയമം മുസ്ലീങ്ങളെ ഭയത്തിലാക്കി. വലിയ ജനകീയ പ്രതിഷേധത്തിന് ഇത് വഴിവച്ചെന്നും റിപ്പോർട്ടിൽ വ്യക്തമാക്കുന്നു.

# മോഡിയുടെ മതദേശീയനയങ്ങൾ അപകടകരമെന്ന് സോറോസ്



ബിജെപി ഭരണത്തിൽ ഇന്ത്യയിൽ മതദേശീയവാദം തീവ്രമാകുന്നതിനെതിരെ അമേരിക്കൻ നിക്ഷേപകനും ജീവകാരുണ്യ സഹായദാതാവുമായ ജോർജ്ജ് സോറോസ്. ലോകസാമ്പത്തികവേദിയിൽ നടത്തിയ പ്രഭാഷണത്തിലാണ് സോറോസ് ഇന്ത്യയിൽ വളരുന്ന സങ്കുചിത ദേശീയവാദം മൂലമുള്ള അപകടങ്ങൾ എടുത്തുപറഞ്ഞത്. ദേശീയവാദം പിൻവാങ്ങുന്നതിന് പകരം മുന്നോട്ടാണ്. ഏറ്റവും വലിയതും ഭീഷണവുമായ തിരിച്ചടി ഇന്ത്യയിലാണ്. അവിടെ ജനാധിപത്യപരമായി തെരഞ്ഞെടുക്കപ്പെട്ട നരേന്ദ്രബോഡി ഹിന്ദു ദേശീയവാദ രാഷ്ട്രമാണ് സൃഷ്ടിക്കുന്നത്. അർധ സ്വയംഭരണ മുസ്ലീം ഭൂരിപക്ഷ പ്രദേശമായിരുന്ന കാശ്മീരിനുമേൽ ശിക്ഷാ നടപടികൾ അടിച്ചേൽപ്പിക്കുകയാണ്. ദശലക്ഷക്കണക്കിന് മുസ്ലീങ്ങൾക്ക് പൗരത്വം നിഷേധിക്കുമെന്ന് ഭീഷണിയുയർത്തുകയാണ്– സോറോസ് പറഞ്ഞു.

അമേരിക്കയിൽ ആത്മരതിയിൽ അഭിരമിക്കുന്ന പ്രസിഡന്റ് ട്രംപ് ലോകം തനിക്കു ചുറ്റും കറങ്ങണം എന്നാണ് ആഗ്രഹിക്കുന്നത്. പ്രസിഡന്റാവുക എന്ന സ്വപ്നം സത്യമായപ്പോൾ അദ്ദേഹത്തിന്റെ ആത്മരതി രോഗലക്ഷണത്തിന്റെ തലത്തിലെത്തിയിരിക്കുകയാണ്. ഭരണഘടന പ്രസിഡന്റിന് നിശ്ചയിച്ചിട്ടുള്ള പരിധികൾ ലംഘിച്ചതിന് ട്രംപ് ഇപ്പോൾ ഇംപീച്ച്മെന്റ് നേരിടുന്നതും സോറോസ് ചൂണ്ടിക്കാട്ടി. സ്വേച്ഛാധിപതികളാലും ഭാവിയിൽ അങ്ങനെ ആകാവുന്നവരാലും ഭരിക്കപ്പെടുന്ന ലോകത്ത് പൗരസമൂഹത്തിന്റെ ശോഷണം ചെറുക്കാൻ ഒരു പുതിയ സർവകലാശാലാ ശൃംഖലയ്ക്ക് സോറോസ് 100 കോടി ഡോളർ പ്രഖ്യാപിച്ചു.

## നിരന്തരം ഉയരുന്ന പണപ്പെരുപ്പം

സാമ്പത്തിക മാന്ദ്യത്തിലേക്ക് ഇന്ത്യ നീങ്ങുന്ന സൂചനകളാണ് വിവിധ രംഗങ്ങളിൽ നിന്നും ഓരോ മാസവും വന്നുകൊണ്ടിരിക്കുന്നത്. പണപ്പെരുപ്പം ജനുവരിയിൽ 7.59% ആയി. ഈ പണപ്പെരുപ്പ നിരക്ക് താൽക്കാലികമാണെന്ന് വാദിക്കുന്നവരുമുണ്ട്. എന്നാൽ യഥാർത്ഥത്തിൽ അത് അങ്ങനെയല്ല. 2019 ജനുവരിയിൽ 1.97% ആയിരുന്നു പണപ്പെരുപ്പം. പിന്നീടങ്ങോട്ട് ഓരോ മാസവും ക്രമമായി ഉയർന്നുകൊണ്ടിരുന്നു.

**ചില്ലറ വിൽപ്പന വിലയെ ആധാരമാക്കിയുള്ള 2019-ലെ പണപ്പെരുപ്പത്തിന്റെ പട്ടിക**

| | | | |
|---|---|---|---|
| ജനുവരി | 1.97 | ആഗസ്റ്റ് | 3.28 |
| ഫെബ്രുവരി | 2.57 | സെപ്റ്റംബർ | 3.99 |
| മാർച്ച് | 2.86 | ഒക്ടോബർ | 4.62 |
| ഏപ്രിൽ | 2.99 | നവംബർ | 5.54 |
| മേയ് | 3.05 | ഡിസംബർ | 7.35 |
| ജൂൺ | 3.18 | **2020** | |
| ജൂലൈ | 3.15 | **ജനുവരി** | **7.59** |



കെജിഒഎ ശേഖരിച്ച സിഐടിയു സന്ദേശം വരിക്കാരുടെ അഡ്രസും വരിസംഖ്യയും കെജിഒഎ ജനറൽ സെക്രട്ടറി ഡോ. രഘുലാൽ, സിഐടിയു സംസ്ഥാന ജനറൽ സെക്രട്ടറി സ. എളമരം കരീമിന് കൈമാറുന്നു.

# പൗരത്വവും അപരത്വവും

വി കാർത്തികേയൻ നായർ

**കുടിയേറ്റക്കാർക്ക് പൗരത്വത്തിനർഹത ലഭിക്കുന്നത് മതാടിസ്ഥാനത്തിലാണ് എന്ന കാര്യം ഭരണഘടനയുടെ അടിസ്ഥാനതത്വമായ മതനിരപേക്ഷതക്കെതിരാണ്. മതപീഡനത്തിനിരയായി കുടിയേറിയവരുടെ കൂട്ടത്തിൽ മുസ്ലീങ്ങളുണ്ടെങ്കിൽ അവർക്ക് പൗരത്വത്തിനർഹതയില്ല. മുസ്ലീങ്ങളാണെങ്കിൽ അനധികൃതകുടിയേറ്റക്കാരും അമുസ്ലീങ്ങളാണെങ്കിൽ അഭയാർത്ഥികളുമാണെന്ന നിർവചനം മനുഷ്യത്വരഹിതവും ഭരണഘടനാവിരുദ്ധവുമാണ്.**

ഭരണഘടനയുടെ രണ്ടാം അധ്യായവും 1955-ലെ പൗരത്വനിയമവുമാണ് ഭാരതത്തിലെ പൗരത്വത്തെ സംബന്ധിച്ച അടിസ്ഥാന നിയമങ്ങൾ. ഭരണഘടനാതത്വങ്ങൾക്കു വിധേയമായിട്ടാണ് പൗരത്വനിയമം 1955-ൽ ഇന്ത്യൻപാർലമെന്റ് പാസ്സാക്കിയത്. അതിൽ പിൽക്കാലത്ത് ചിലഭേദഗതികൾ വരുത്തിയിരുന്നു. ഏതു നിയമത്തിനും കാലോചിതമായ പരിഷ്കരണവും ഭേദഗതിയും വേണ്ടിവരും. എന്നാലത് ഭരണഘടനാതത്വങ്ങൾക്കു വിധേയമായിട്ടായിരിക്കണം എന്നത് നിയമപരമായ ഒരു അനിവാര്യതയാണ്.

കൊളോണിയൽ ഭരണകാലത്ത് ഉപജീവനത്തിനായി ബ്രീട്ടീഷ് - ഫ്രഞ്ച്- പോർച്ചുഗീസ് - ഡച്ച് കോളനികളിൽ കുടിയേറിപ്പാർത്ത ഇന്ത്യൻ വംശജരുണ്ടായിരുന്നു. ശ്രീലങ്ക (സിലോൺ) മ്യാൻമാർ (ബർമ), സിംഗപ്പൂർ, മലയ, ഹോങ്കോങ്, ഇന്തോനേഷ്യ തുടങ്ങിയ ദക്ഷിണ-പൂർവേഷ്യൻ രാജ്യങ്ങളിൽ നിന്നും ചില ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്നും സ്വാതന്ത്ര്യലബ്ധിയെത്തുടർന്ന് ഇന്ത്യൻ വംശജർ ഇവിടെയെത്തി. ഇന്ത്യാവിഭജനത്തെ തുടർന്ന് പാകിസ്ഥാനിൽ നിന്നും ലക്ഷക്കണക്കിനാളുകൾ അഭയാർത്ഥികളായെത്തി. ഫ്രഞ്ചുകാർ 1954-ലും പോർച്ചുഗീസുകാർ 1961-ലും ഇന്ത്യ വിട്ടുപോയപ്പോൾ ആ പ്രദേശങ്ങളിലുള്ളവർക്കും ഇന്ത്യൻ പൗരത്വം നൽകേണ്ടതായി വന്നു. ഇത്തരം പ്രശ്നങ്ങളെല്ലാം പരിഹരിക്കുന്നതിനാണ് ഭരണഘടനാതത്വങ്ങൾക്കു വിധേയമായി പൗരത്വനിയമം നിർമിച്ചത്.

വിദേശപൗരന്മാർക്ക് ഇന്ത്യയിൽ പൗരത്വം നേടുന്നതിന് വ്യവസ്ഥയുണ്ട്. ഇറ്റാലിയൻ പൗരത്വമുണ്ടായിരുന്ന ശ്രീമതി.സോണിയാഗാന്ധിക്ക് ഇന്ത്യൻ പൗരത്വം ലഭിച്ചത് ഭർത്താവ് ഇന്ത്യൻ പൗരനായതുകൊണ്ടാണ്. യു.എസ്.എയിൽ ജനിക്കുന്ന കുഞ്ഞുങ്ങൾക്ക് അവിടുത്തെ പൗരത്വമാണ് ലഭിക്കുന്നത്. കുഞ്ഞിന്റെ അച്ഛനമ്മമാർ ഇന്ത്യൻ പൗരത്വമുള്ളവരാണെങ്കിൽ അവർ നിയമപരമായി ആവശ്യപ്പെട്ടാൽ കുഞ്ഞിന് ഇന്ത്യൻ പൗരത്വം ലഭിക്കും. ഇത്തരത്തിൽ വളരെ വിശദമായും ദീർഘവീക്ഷണത്തോടുകൂടിയുമാണ് ഇന്ത്യൻ പൗരത്വനിയമം പാർലമെന്റ് തയാറാക്കിയത്.

എന്നാൽ 2019-ലെ പൗരത്വഭേദഗതി നിയമം രാജ്യവ്യാപകമായ പ്രതിഷേധത്തിനിടയാക്കിയിരിക്കുന്നു. പാകിസ്ഥാൻ, അഫ്ഗാനിസ്ഥാൻ, ബംഗ്ലാദേശ് എന്നീ മൂന്നുരാജ്യങ്ങളിൽ നിന്നുള്ള കുടിയേറ്റക്കാരിൽ മുസ്ലീങ്ങളൊഴികെയുള്ള മറ്റു മതവിഭാഗത്തിൽപ്പെട്ടവർക്ക് പൗരത്വത്തിനർഹതയുണ്ടെന്നാണ് ഭേദഗതി നിയമം അനുശാസിക്കുന്നത്. ഇന്ത്യയിലേക്കവർ കുടിയേറാൻ കാരണം മതപീഡനമാണ് എന്നാണ് ഭാഷ്യം. ഇതിൽ പാകിസ്ഥാനും ബംഗ്ലാദേശും ഇന്ത്യയുമായി അതിർത്തി പങ്കിടുന്ന രാജ്യങ്ങളാണ്. അഫ്ഗാനിസ്ഥാൻ ഇന്ത്യയുമായി അതിർത്തിപങ്കിടുന്ന അയൽരാജ്യമല്ല. കുടിയേറ്റക്കാർക്ക് പൗരത്വത്തിനർഹത ലഭിക്കുന്നത് മതാടിസ്ഥാനത്തിലാണ് എന്ന കാര്യം ഭരണഘടനയുടെ അടിസ്ഥാനതത്വമായ മതനിരപേക്ഷതക്കെതിരാണ്. എന്നുമാത്രമല്ല പാകിസ്ഥാനിൽ ഇസ്ലാംമതവിഭാഗക്കാർ തമ്മിലുള്ള തർക്കത്തിന്റെയും പീഡനത്തിന്റെയും ഫലമായി നിരവധി മുസ്ലീങ്ങൾ ഇന്ത്യയിലേക്ക് കുടിയേറിയിട്ടുണ്ട്. അഹമ്മദീയർ എന്നാണവരറിയപ്പെടുന്നത്. മതപീഡനത്തിനിരയായി കുടിയേറിയവരുടെ കൂട്ടത്തിൽ മുസ്ലീങ്ങളുണ്ടെങ്കിൽ അവർക്ക് പൗരത്വത്തിനർഹതയില്ല. ഇത് വിവേചനപരമാണ്. മുസ്ലീങ്ങളാണെങ്കിൽ അനധികൃതകുടിയേറ്റക്കാരും അമുസ്ലീങ്ങളാണെ




**പാരമ്പര്യം, പൈതൃകം, സംസ്കാരം മുതലായ വർണശബളമായ പുറന്തോടുകൾക്കുള്ളിൽ ഒളിപ്പിച്ചു വച്ചിരിക്കുന്നത് മതമൗലികവാദത്തി ലധിഷ്ഠിതമായ കോർപ്പറേറ്റ് താൽപര്യമാണ്. മുതലാളിത്തത്തിന്റെ വികസിതരൂപമാണ് സാമ്രാജ്യത്വം എന്ന് ലെനിൻ നിർവചിച്ചിട്ടുണ്ട്. സാമ്രാജ്യത്വത്തിന്റെ ആക്രമണപരമായ മുഖ മാണ് ഫാഷിസം. ആക്രമണം സൈനികമായി ട്ടല്ല സാംസ്കാരികമായിട്ടാണ് എന്ന് മനസ്സിലാ ക്കിയാലെ പ്രതിരോധത്തിന്റെ തന്ത്രം ആവി ഷ്കരിക്കാൻ സാധിക്കുകയുള്ളൂ. അപരത്വമാ രോപിച്ച് ആർക്കും പൗരത്വം നിഷേധിക്കരുത്.**

ങ്കിൽ അഭയാർത്ഥികളുമാണെന്ന നിർവചനം മനു ഷ്യത്വരഹിതവും ഭരണഘടനാവിരുദ്ധവുമാണ്.

ഇപ്പോഴത്തെ ഭേദഗതി നിയമത്തിൽ ഹേതു വെന്താണ്? നാലുപതിറ്റാണ്ടുകൾക്കു മുമ്പുള്ള രാഷ്ട്രീയ സാഹചര്യം വിശദീകരിച്ചാലെ ഇത് വ്യക്തമാവുകയുള്ളു. ഇന്ന് ബംഗ്ലാദേശ് എന്നറി യപ്പെടുന്ന കിഴക്കൻ പാകിസ്ഥാനിൽ നടന്ന വിമോചനപ്പോരാട്ടവും 1971 ഡിസംബറിൽ ഇന്ത്യ യുടെ സൈനികസഹായത്തോടുകൂടി ആ രാജ്യം സ്വതന്ത്രമായതും ചരിത്രത്തിന്റെ ഭാഗമാണ്. അതിനുമുമ്പും പിമ്പുമായി ലക്ഷക്കണക്കിന് ബംഗ്ലാദേശുകാർ ഇന്ത്യയിൽ അഭയാർത്ഥികളാ യെത്തി. ഏകദേശം നാൽപ്പതുലക്ഷം പേർ ഉണ്ടാ കുമെന്നാണ് കണക്ക്. ഇവരിൽ ഭൂരിപക്ഷവും വടക്കു കിഴക്കൻ സംസ്ഥാനങ്ങളിൽ പ്രത്യേകിച്ച് ആസ്സാമിൽ ആയിരുന്നു കുടിൽകെട്ടി പാർത്തി രുന്നത്. ഈ അഭയാർത്ഥികളെ പുറത്താക്കണ മെന്നാവശ്യപ്പെട്ടുകൊണ്ടാണ് 1979-ൽ ആസ്സാമിൽ കലാപമുണ്ടായത്. ആൾ ആസ്സാം സ്റ്റുഡൻസ് യൂണിയൻ - ആസു - ആയിരുന്നു സമരത്തിന് നേതൃത്വം കൊടുത്തത്. അഭയാർത്ഥികളായെത്തി യവരിൽ എല്ലാ മതസ്ഥരുമുണ്ടായിരുന്നു. ആസ്സാം കലാപം രക്തരൂക്ഷിതമായിരുന്നു. ഇതിൽ ഏറ്റവും ഹീനമായതായിരുന്നു 1983-ലെ നെല്ലി കൂട്ടക്കൊല. ഇന്ത്യാവിഭജനത്തിനു മുമ്പു തന്നെ ആസാമിൽ കുടിയേറിപ്പാർത്ത മുസ്ലീങ്ങളായ 1800 ലധികം പേരെ-വൃദ്ധരും കുഞ്ഞുങ്ങളുമടക്കം - ഒറ്റരാത്രി കൊണ്ട് കൊന്നൊടുക്കി. അവർ ആസാം പൗരന്മാരും അസമിയ ഭാഷ സംസാരി ക്കുന്നവരുമായിരുന്നു. ദാരുണമായ ഈ സംഭവ ത്തോടു കൂടി കേന്ദ്ര-സംസ്ഥാനസർക്കാരുകൾ ഉണർന്നു പ്രവർത്തിക്കുകയും 1985-ൽ ആസ്സാം കരാർ ഒപ്പു വക്കുകയും ചെയ്തു.

ഈ കരാറനുസരിച്ച് 1951-നും 1971-നുമിടക്ക് ആസാമിലേക്ക് കുടിയേറിയവർക്ക് പൗരത്വം നൽകും. അതിനുശേഷമുള്ളവരെ അനധികൃത കുടിയേറ്റക്കാരായി നിർണയിച്ച് സംസ്ഥാനത്തിന് പുറത്താക്കും. ഇന്ത്യാവിഭജനത്തെത്തുടർന്ന് അഭ യാർത്ഥികളായെത്തിയവർക്ക് പൗരത്വം നൽകു ന്നതിനായി നിശ്ചയിച്ച വർഷമായിരുന്നു 1951. കിഴ ക്കൻ പാകിസ്ഥാനിലെ വിമോചനപ്പോരാട്ടം അവ സാനിക്കുന്നതിനു മുമ്പ് അഭയാർത്ഥികളായെത്തി യവർക്ക് പൗരത്വം നൽകുന്നതിനാണ് 1971 അടി സ്ഥാനവർഷമായെടുത്തത്. വിമോചനപ്പോരാട്ട ത്തിന് ഇന്ത്യ പിന്തുണ നൽകിയതു കൊണ്ടാണ് അങ്ങിനെയൊരു തീരുമാനമെടുത്തത്. ബംഗ്ലാ ദേശ് സ്വതന്ത്രരാഷ്ട്രമായതിനുശേഷം അതിർത്തി കടന്നുവന്നവരെ അനധികൃത കുടി യേറ്റക്കാരായി നിശ്ചയിച്ച് തിരിച്ചയക്കുകയോ അഭയാർത്ഥി ക്യാമ്പുകളിൽ പാർപ്പിക്കുകയോ ചെയ്യുമെന്നായിരുന്നു ആസാം കരാറിലെ വ്യവ സ്ഥ. അങ്ങിനെ വന്നവരാണ് നാൽപ്പതുലക്ഷം പേർ വരുമെന്ന് കണക്കാക്കുന്നത്.

ആസ്സാം കരാർ നടപ്പാക്കാൻ തന്നെയായി രുന്നു കേന്ദ്രസർക്കാർ തീരുമാനിച്ചിരുന്നത്. കേന്ദ്രസർക്കാരിനു രൂപം നൽകിയിരിക്കുന്ന എൻ.ഡി.എ തന്നെയാണ് ആസ്സാമും ഭരിക്കുന്ന ത്. എന്നാൽ നടപ്പാക്കാൻ തുനിഞ്ഞപ്പോഴാണ് അപകടം മനസ്സിലായത്. മേൽപ്പറഞ്ഞ നാല്പതു ലക്ഷം പേരിൽ പതിന്നാലു ലക്ഷത്തോളം പേർ ഹിന്ദുക്കളാണ്. അതായത് ബംഗ്ലാദേശിൽ നിന്നും പലായനം ചെയ്തു വന്നവരിൽ എല്ലാ മതസ്ഥ രുമുണ്ടായിരുന്നു. ഭാരതത്തെ ഹിന്ദുരാഷ്ട്രമാക്കാ മെന്നും ലോകത്തെവിടെയുള്ള ഹിന്ദുവിന് ഇന്ത്യ അഭയം നൽകുമെന്നുമുള്ള സംഘപരിവാറിന്റെ പ്രഖ്യാപനത്തിനേറ്റ പ്രഹരമാണ് ആസ്സാം കരാ




റിലെ വ്യവസ്ഥകൾ. അതിനാൽ കുടിയേറ്റത്തിന്റെ അടിസ്ഥാനവർഷം 2014 ഡിസംബർ 31 എന്നാക്കി . അതായത് 1971-നും 2014-നും ഇടയിൽ ഇന്ത്യയിലേക്കു വന്ന മുസ്ലീങ്ങളല്ലാത്തവർ അഭയാർത്ഥികളാണ്. മുസ്ലീങ്ങളാണെങ്കിൽ അനധികൃത കുടിയേറ്റക്കാരുമാണ്.

ഇപ്പോഴത്തെ ഭരണഘടനാഭേദഗതി നിയമം 1985-ലെ ആസ്സാംകരാറിന്റെ ലംഘനമാണ്. ആസാം കരാർ നടപ്പാക്കണമെന്ന് സുപ്രീംകോടതി വിധിച്ചിട്ടുള്ളതുമാണ്. എന്നുമാത്രമല്ല ആസ്സാമിനും വടക്കുകിഴക്കൻ സംസ്ഥാനങ്ങൾക്കും പ്രത്യേകപദവി നൽകുന്ന ഭരണഘടനയുടെ 371 എ മുതൽ എച്ച് വരെയുള്ള വകുപ്പുകളുടെ ലംഘനവുമാണ്. ഈ സംസ്ഥാനങ്ങളെല്ലാം വംശീയമായും സാംസ്കാരികമായും സവിശേഷതകളുള്ള ജനങ്ങൾ അധിവസിക്കുന്ന ഇടങ്ങളാണ്. ഓരോ സംസ്ഥാനത്തിനും ഓരോ ദേശീയതയുണ്ട്. ഓരോ സംസ്ഥാനത്തിനകത്തും നിരവധി ഉപദേശീയതകളുണ്ട്. അതുകൊണ്ടാണ് ഭരണഘടനയുടെ ആറാംപട്ടികയിൽ ഈ സംസ്ഥാനങ്ങളെ സംബന്ധിച്ച പ്രത്യേക കാര്യങ്ങൾ എഴുതിച്ചേർത്തിരിക്കുന്നത്.

ഹിന്ദു അഭയാർത്ഥികളെന്ന പേരിൽ കുറെപ്പേരെ ഈ സംസ്ഥാനങ്ങളിൽ കൊണ്ടുവന്ന് പൗരത്വം നൽകി താമസിപ്പിച്ച് തദ്ദേശീയമായ സംസ്കാരത്തെ തകർക്കുകയും ഈ സംസ്ഥാനങ്ങളിലെ സമ്പന്നമായ പ്രകൃതിവിഭവങ്ങൾ കൊള്ളയടിക്കുകയും ചെയ്യുകയാണ് ലക്ഷ്യമെന്ന് ജനങ്ങൾ ഭയക്കുന്നു. ബ്രിട്ടീഷ്കൊളോണിയൽ ഭരണകാലത്ത് വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലെ ജനങ്ങളുടെ ദേശീയതയെയും സംസ്കാരത്തെയും അടിച്ചമർത്തിയിരുന്നു. സ്വാതന്ത്ര്യലബ്ധിക്കുശേഷമാണ് അവർക്ക് സ്വത്വം സംരക്ഷിക്കാൻ കഴിഞ്ഞത്. അതിനുവേണ്ടിയാണ് ഭരണഘടനയിൽ 371 എ മുതൽ എച്ച് വരെ എഴുതിച്ചേർത്തത്. അതിൽപ്രധാനം നാഗാലാൻഡിനെ സംബന്ധിക്കുന്നതാണ്. നാഗാലാൻഡ് നിയമസഭയുടെ അംഗീകാരമില്ലാതെ അവിടെ ഭൂമി വാങ്ങാനോ മൂലധനം നിക്ഷേപിക്കാനോ കഴിയില്ല. കശ്മീരിനുണ്ടായിരുന്ന അതേ പരിരക്ഷ. കോർപ്പറേറ്റുകൾക്ക് കടന്നുചെല്ലാൻ കഴിയുംവിധം 370-ാം വകുപ്പ് റദ്ദാക്കി കശ്മീരിനെ കഷണങ്ങളാക്കി. അടുത്തിനി വടക്കുകിഴക്കൻ സംസ്ഥാനങ്ങളാണ് ഇരകളാകുന്നത്. ഈ സംസ്ഥാനങ്ങൾക്ക് ഇന്ത്യയുമായുള്ള അതിർത്തി വെറും രണ്ടുശതമാനം മാത്രമാണ്. ബംഗ്ലാദേശ്, ഭൂട്ടാൻ, ചൈന, മ്യാൻമാർ എന്നീ രാജ്യങ്ങളുമായിട്ടാണ് 98% അതിർത്തിയും പങ്കിടുന്നത്. വിന്ധ്യഹിമാലയങ്ങൾക്കിടയിലെ സവർണഹിന്ദുത്വത്തെ വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലടിച്ചേൽപ്പിക്കാൻ ശ്രമിച്ചാൽ വിഘടനവാദമായിരിക്കും ഫലം. അവിടെ വിമോചനസമരം പൊട്ടിപ്പുറപ്പെടുകയും ചൈനയും മ്യാൻമാറും അതിനു പിന്തുണ നൽകുകയും ചെയ്യും. മുപ്പത് വിദ്യാർത്ഥിസംഘടനകൾ ചേർന്ന് രൂപീകരിച്ച നോർത്ത് ഈസ്റ്റ് സ്റ്റുഡൻസ് ഓർഗനൈസേഷനാണ് (NESO) ഇപ്പോൾ പൗരത്വഭേദഗതി ബില്ലിനെതിരെ സമരരംഗത്തുള്ളത്. യുവത്വം തെരുവിലിറങ്ങി ചോരചിന്തുകയാണ്.

പൗരത്വഭേദഗതി നിയമം കേവലമൊരു മതപരമായ പ്രശ്നം മാത്രമല്ല. കശ്മീർ പ്രശ്നത്തെ മതപരമായ പ്രശ്നമായി ന്യൂനീകരിച്ച് പ്രചരിപ്പിച്ച് കോർപ്പറേറ്റ് താൽപ്പര്യത്തെ ഒളിപ്പിച്ചു വക്കുകയായിരുന്നു. പൗരത്വഭേദഗതി നിയമവും മതപരമായ പ്രശ്നത്തെ മാത്രം ഉയർത്തക്കാട്ടി കോർപ്പറേറ്റ് താൽപ്പര്യം മറച്ചുവക്കുകയാണ്. ഭാഷയും സംസ്കാരവും ദേശീയതയുമെല്ലാം കോർപ്പറേറ്റുകൾക്ക് വിൽപ്പനചരക്കാണ്.

രാഷ്ട്രീയവും മതപരവുമായ പീഡനങ്ങളാൽ മ്യാൻമാറിൽ നിന്നും പുറന്തള്ളപ്പെട്ട രോഹിഗ്യൻകാരും ശ്രീലങ്കയിൽ നിന്നും പുറന്തള്ളപ്പെട്ട തമിഴ് വംശജരും പൗരത്വഭേദഗതി നിയമത്തിന്റെ പരിധിയിൽ വരുന്നില്ലായെന്നതിൽ നിന്നും വിവേചനത്തിന്റെ പൂർണത മനസ്സിലാക്കാൻ സാധിക്കും. പാരമ്പര്യം, പൈതൃകം, സംസ്കാരം മുതലായ വർണശബളമായ പുറന്തോടുകൾക്കുള്ളിൽ ഒളിപ്പിച്ചു വച്ചിരിക്കുന്നത് മതമൗലികവാദത്തിലധിഷ്ഠിതമായ കോർപ്പറേറ്റ് താൽപ്പര്യമാണ്. മുതലാളിത്തത്തിന്റെ വികസിതരൂപമാണ് സാമ്രാജ്യത്വം എന്ന് ലെനിൻ നിർവചിച്ചിട്ടുണ്ട്. സാമ്രാജ്യത്വത്തിന്റെ ആക്രമണപരമായ മുഖമാണ് ഫാഷിസം. ആക്രമണം സൈനികമായിട്ടല്ല സാംസ്കാരികമായിട്ടാണ് എന്ന് മനസ്സിലാക്കിയാലെ പ്രതിരോധത്തിന്റെ തന്ത്രം ആവിഷ്കരിക്കാൻ സാധിക്കുകയുള്ളൂ. അപരത്വമാരോപിച്ച് ആർക്കും പൗരത്വം നിഷേധിക്കരുത്. ■

# സംഘടനാ വാർത്തകൾ

# യുഐടിബിബി കോൺഗ്രസ്- ഏതൻസ്

**വി. ശശികുമാർ**

2020 ജനുവരി 31 ഫെബ്രുവരി 1, 2 തീയതികളിൽ ഗ്രീസിലെ ഏതൻസിൽ യുഐടിബിബി 17-ാമത് കോൺഗ്രസ് നടക്കുകയുണ്ടായി. 70 years of class struggle! The fight goes on എന്ന മുദ്രാവാക്യമാണ് കോൺഗ്രസ് ഉയർത്തിയത്. സമ്മേളനത്തിൽ CWFI CITU വിനെ പ്രതിനിധീകരിച്ച് ജനറൽ സെക്രട്ടറി വി ശശികുമാറും വൈസ് പ്രസിഡന്റ് ആർ ശിങ്കാരവേലുവും സംബന്ധിച്ചു. എഐടിയുസി പ്രതിനിധികളായി വിജയൻ കുനിശേരിയും രവി (തമിഴ്നാട്)യും പങ്കെടുത്തിരുന്നു. ക്യൂബ, ഇന്ത്യ, റഷ്യ, ജപ്പാൻ, ബംഗ്ലാദേശ്, പലസ്തീൻ, ലബനോൻ, ഗ്രീസ്, സൈപ്രസ്, പെറു, പോർച്ചുഗൽ, വെനിസ്വല, റഷ്യ, ഗാബൻ, ഗലാസിയ, കോംഗോ, ചിലി, സെൻട്രൽ ആഫ്രിക്കൻ റിപ്പബ്ലിക്, ബംഗ്ലാദേശ്, ബാസ്ക്കൺട്രി തുടങ്ങിയ 20 ഓളം രാജ്യങ്ങളിൽ നിന്നും 55 പ്രതിനിധികൾ പങ്കെടുക്കുകയുണ്ടായി. ഡബ്ല്യുഎഫ്ടിയു ജനറൽ സെക്രട്ടറി ജോർജ് മാവ്റിക്കോസ് സമ്മേളനത്തിൽ ആമുഖ പ്രഭാഷണം നടത്തി. യുഐടിബിബി ജനറൽ സെക്രട്ടറി മിതാലിസ് പാപ്പനിതോവ് റിപ്പോർട്ട് അവതരിപ്പിച്ചു. റിപ്പോർട്ടിന്മേൽ ആർ ശിങ്കാരവേലുവും വി ശശികുമാറും ചർച്ചയിൽ പങ്കെടുത്ത് സംസാരിക്കുകയുണ്ടായി. സമ്മേളനം ഉയർന്ന നിലവാരത്തിൽ സംഘടിപ്പിച്ച ഗ്രീസിലെ സഖാക്കളെ ഞങ്ങൾ അഭിവാദ്യം ചെയ്യുകയുണ്ടായി.

1929 - 33 കാലത്ത് ലോകമുതലാളിത്തം കടന്നുപോയ സാമ്പത്തിക പ്രതിസന്ധിയെ ഞാൻ എന്റെ പ്രസംഗത്തിൽ ഓർമ്മപ്പെടുത്തുകയുണ്ടായി. അന്ന് മുതലാളിത്തം മഹാമാന്ദ്യത്തെ നേരിട്ടത് 2-ാം ലോക മഹായുദ്ധം കെട്ടഴിച്ച് വിട്ടുകൊണ്ടിരിക്കുന്നത്. ഇതിന്റെ മറ്റൊരു മുഖമായി നാസിസവും ഫാസിസവും അതിന്റെ കെടുതികൾ സമ്മേളനം മനുഷ്യരാണ് കൂടുതലും അനുഭവിച്ചത് എന്ന് ചരിത്രം.

2008 ൽ പൊട്ടിപുറപ്പെട്ട സാമ്പത്തിക മാന്ദ്യം 2020 ലും പരിഹരിക്കാൻ കഴിഞ്ഞിട്ടില്ല. അത് മുതലാളിത്ത വ്യവസ്ഥയുടെ തന്നെ പ്രതിസന്ധിയായി ഇന്ന് വളർന്നിരിക്കുകയാണ്. ഈ തകർച്ചയുടെ ഭാരം സാധാരണ ജനങ്ങളുടെ മുതുകിൽ കെട്ടിവെക്കുന്ന നടപടികളാണ് മുതലാളിത്ത രാജ്യങ്ങൾ സ്വീകരിക്കുന്നത്. പ്രയാസമനുഭവിക്കേണ്ടി വരുന്ന ജനങ്ങളുടെ സ്വാഭാവികമായ പ്രതിഷേധങ്ങൾക്കിന്ന് ലോകം സാക്ഷ്യം വഹിക്കുന്നത്. പെട്ടെന്നുള്ള പ്രതിഷേധങ്ങൾ മാത്രമല്ല നല്ല പോലെ ആസൂത്രിതമായ ട്രേഡ് യൂണിയൻ സമരങ്ങൾക്കും ലോകമാകെ ദൃശ്യമായി.

രണ്ട് ദിവസങ്ങളിലായി നടന്ന യുഐടിബിബി കോൺഗ്രസ് മിതാലിന് പാപ്പിനികോലോവ് ജനറൽ സെക്രട്ടറിയും ഡാനിയൽ ഡിവെയ്റോ പ്രസിഡന്റുമായി പുതിയ കമ്മറ്റിയെ തെരഞ്ഞെടുത്തു. 7 അംഗങ്ങളടങ്ങിയ പുതിയ സെക്രട്ടറിയേറ്റിലേക്ക് സിഡബ്ല്യുഎഫ്ഐ ജനറൽ സെക്രട്ടറിയായ വി ശശികുമാറിനെയും തെരഞ്ഞെടുത്തു. വി ശശികുമാറിനെ പുനഃസംഘടിപ്പിച്ച ഏഷ്യ പെസഫിക് റീജയണൽ കമ്മിറ്റിയുടെ വൈസ് പ്രസിഡന്റായും തെരഞ്ഞെടുത്തു.

നവലിബറൽ നയങ്ങൾക്കെതിരെ പൊരുതുന്ന വിവിധ രാജ്യങ്ങളിലെ ട്രേഡ് യൂണിയൻ പ്രസ്ഥാനങ്ങൾക്ക് ഒരു വഴികാട്ടിയാണ് യുഐടിബിബി.



# സഹകരണ ജീവനക്കാരുടെ ത്രിദിന സത്യാഗ്രഹം



സഹകരണ സ്ഥാപനങ്ങളിൽ കമ്മീഷൻ വ്യവസ്ഥയിൽ ജോലിചെയ്തുവരുന്ന പതിനായിരക്കണക്കിന് ജീവന ക്കരുടെ പ്രതിമാസ വേതനം, പെൻഷൻ, സംവരണം തുടങ്ങിയ പ്രശ്നങ്ങൾ പരിഹരിക്കുക, സബ്സ്റ്റാഫ് ജീവനക്കാർക്ക് പ്രമോഷൻ നിഷേധിക്കുന്ന വിധത്തിൽ 2014ൽ യുഡിഎഫ് സർക്കാർ ഏകപക്ഷീയമായി നടപ്പിലാക്കിയ ചട്ടം 185(10) റദ്ദാക്കുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ച് കേരളാ കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് യൂണിയൻ (സിഐടിയു)ന്റെ നേതൃത്വത്തിൽ 2020 ഫെബ്രുവരി 5, 6, 7 തീയതികളിൽ സെക്രട്ടറിയേറ്റിന് മുന്നിൽ നടത്തുന്ന ത്രിദിന സത്യാഗ്രഹ സമരം സിഐടിയു സംസ്ഥാന പ്രസിഡന്റ് ആനത്തലവട്ടം ആനന്ദൻ ഉദ്ഘാടനം ചെയ്തു.

യൂണിയൻ സംസ്ഥാന പ്രസിഡന്റ് കെമോഹൻദാസ് അദ്ധ്യക്ഷനായിരുന്നു. ജനറൽ സെക്രട്ടറി വി എ രമേഷ് സ്വാഗതം പറഞ്ഞു. യൂണിയൻ സംസ്ഥാന വൈസ് പ്രസിഡന്റ് പി എം വഹീദ, സംസ്ഥാന സെക്രട്ടറി എം എൻ മുരളി, പി ജി ഗോപകുമാർ, കെബി ജയപ്രകാശ്, സി സുരേശൻ എന്നിവർ സംസാരിച്ചു.

സിഐടിയു ജില്ലാ പ്രസിഡന്റ് സി ജയൻബാബു, സിഐടിയു സംസ്ഥാന സെക്രട്ടറിമാരായ വി ശിവൻകുട്ടി, കെ എൻ ഗോപിനാഥ്, കെ എസ് സുനിൽ കുമാർ എന്നിവർ പങ്കെടുത്ത് സംസാരിച്ചു.

# മുത്തൂറ്റ് സമരം തുടരുന്നു

മുത്തൂറ്റിലെ 164 ജീവനക്കാരെ പിരിച്ചുവിട്ടതിനെതിരെ നടത്തുന്ന പണിമുടക്ക് ഒത്തുതീർപ്പിൽ എത്തിക്കുന്നതിനുള്ള ചർച്ചകൾ നടക്കാതിരിക്കാനും തൊഴിലാളി സമരം പൊളിക്കാനും ആസൂത്രിത ശ്രമം തുടരുകയാണ്.

നോൺ ബാങ്കിങ് മേഖലയിലെ തൊഴിലാളി സംഘടനയായ നോൺ ബാങ്കിങ് ആൻഡ് ഫിനാൻസ് എംപ്ലോയീസ് അസോസിയേഷൻ നേതൃത്വത്തിൽ 2020 ജനുവരി 2 മുതൽ പണിമുടക്കിൽ ഏർപ്പെട്ട ജീവനക്കാരെ ഭീഷണിപ്പെടുത്തിയും പ്രലോഭിപ്പിച്ചും പിന്തിരിപ്പിക്കാനാണ് മാനേജ്മെന്റിന്റെ ശ്രമം. സിഐടിയുവിൽ അംഗങ്ങളായ ആയിരത്തിലേറെ ജീവനക്കാർ പണിമുടക്കിലാണ്. ഹൈക്കോടതി നിർദേശപ്രകാരം ഫെബ്രുവരി 17-ന് ചർച്ച തീരുമാനിച്ചിരുന്നു. എന്നാൽ ചർച്ച അട്ടിമറിക്കാനായി കടവന്ത്രയിലും കട്ടപ്പനയിലും മാനേജ്മെന്റ് ആസൂത്രിതമായി സംഘർഷം സൃഷ്ടിച്ചു. ഇതിന്റെ പേരിൽ ചർച്ച മാറ്റിയത് സംഘർഷം സൃഷ്ടിച്ചവരുടെ താല്പര്യം സംരക്ഷിക്കുന്നതിന് തുല്യമാണ്. സംഘർഷത്തിൽ പണിമുടക്കുന്നവർക്ക് പങ്കില്ല. പിരിച്ചുവിട്ടവരെ തിരിച്ചെടുക്കുംവരെ സമരം തുടരുമെന്നും യൂണിയൻ പ്രസ്താവനയിൽ പറഞ്ഞു.

മുത്തൂറ്റ് സമര സഖാക്കൾക്ക് എറണാകുളത്ത് സിറ്റി ചുമടിന്റെ നിത്യോപയോഗ ഉൽപ്പന്നങ്ങളുമേന്തിയുള്ള ഐക്യദാർഢ്യ പ്രകടനം നടത്തി ഉൽപന്നങ്ങൾ സമരസ്ഥലത്ത് എത്തിച്ചു. സമരസഖാക്കൾക്ക് ഹെഡ്‌ലോഡ് ഫെഡറേഷൻ സംസ്ഥാന ജനറൽ സെക്രട്ടറി സ: സി കെ മണിശങ്കർ ആണ് വിതരണം ചെയ്തത്. സിറ്റി ചുമട് സെക്രട്ടറി സ: കെ എം അഷറഫിന്റെ അദ്ധ്യക്ഷത വഹിച്ചു.



# പെട്രോളിയം മേഖലയിലെ തൊഴിലാളികളുടെ സംയുക്ത ദേശീയ കൺവെൻഷൻ

ആൾ ഇന്ത്യാ പെട്രോളിയം വർക്കേഴ്സ് ഫെഡറേഷൻ, നാഷണൽ ഫെഡറേഷൻ ഓഫ് പെട്രോളിയം വർക്കേഴ്സ് പെട്രോളിയം & ഗ്യാസ് വർക്കേഴ്സ്, ഫെഡറേഷൻ ഓഫ് ഇന്ത്യ തുടങ്ങി പെട്രോളിയം മേഖലയിൽ പ്രവർത്തിക്കുന്ന ഫെഡറേഷനുകളുടെ ദേശീയ കൺവെൻഷൻ കൊച്ചിയിൽ 2020 ഫെബ്രുവരി 09 ന് ചേർന്നു.



ഒഎൻജിസി, ഓയിൽ ഇന്ത്യ, ഐഒസി, ബിപിസിഎൽ, എച്ച്പിസിഎൽ, എംആർപിഎൽ, എൻആർഎൽ തുടങ്ങിയ എണ്ണക്കമ്പനികളിലെ തൊഴിലാളി പ്രതിനിധികൾ കൺവെൻഷനിൽ പങ്കെടുത്തു.

ഭാരത് പെട്രോളിയത്തിന്റെ സ്വകാര്യവൽക്കരണ നടപടികൾ ആരംഭിച്ചതിനു ശേഷം നടക്കുന്ന മൂന്നമത്തെ കൺവെൻഷനാണ് കൊച്ചിയിൽ നടന്നത്. കഴിഞ്ഞ കൺവെൻഷനുകളുടെ തീരുമാന പ്രകാരം 2019 നവംബർ 28 നും 2020 ജനുവരി 08 നും നടന്ന ദേശീയ പണിമുടക്കുകളിൽ വിജയം കൺവെൻഷൻ വിലയിരുത്തുകയും തുടർ സമരപരിപാടികളെ സംബന്ധിച്ച് ചർച്ച ചെയ്യുകയും ചെയ്തു.

2020 ഏപ്രിൽ 20, 21 തീയതികളിൽ 48 മണിക്കൂർ ദേശീയ പണിമുടക്ക് നടത്താനും അതിന് മുന്നോടിയായി വിവിധ യൂണിറ്റുകളിൽ രാജ്യവ്യാപകമായി തൊഴിലാളി ബഹുജന സമര പ്രഖ്യാപന കൺവെൻഷനുകൾ സംഘടിപ്പിക്കാനും ഏപ്രിൽ 15 മുതൽ 20 വരെ ബിപിസിഎല്ലിന്റെ എല്ലാ യൂണിറ്റുകൾക്ക് മുന്നിലും റിലേ സത്യാഗ്രഹം സംഘടിപ്പിക്കാനും തീരുമാനിച്ചു.

ബിപിസിഎൽ കൊച്ചി റിഫൈനറിയുടെ മുന്നിൽ നടക്കുന്ന ധർണാസമരം 100 ദിവസം പിന്നിട്ട സന്ദർഭത്തിലാണ് കൊച്ചിയിൽ ദേശീയ കൺവെൻഷൻ സംഘടിപ്പിച്ചത്. കൊച്ചി റിഫൈനറിയിൽ നിന്നും രാജ്ഭവനിലേക്ക് ലോങ് മാർച്ച് 2020 മാർച്ച് 12 മുതൽ 25 വരെ നടത്താൻ തീരുമാനിച്ചു.

കൺവെൻഷനിൽ സ. ദേവ്റോയ് അധ്യക്ഷത വഹിച്ചു. സ. തപൻസെൻ, സിഐടിയു ദേശീയ ജനറൽ സെക്രട്ടറി കൺവെൻഷൻ ഉത്ഘാടനം ചെയ്തു. സിഐടിയു സംസ്ഥാന സെക്രട്ടറി സ. എളമരം കരീം, ഐഎൻടിയുസി സംസ്ഥാന പ്രസിഡന്റ് ആർ ചന്ദ്രശേഖരൻ, സിഐടിയു ദേശീയ സെക്രട്ടറി സ. കെ ചന്ദ്രൻപിള്ള, സിഐടിയു സംസ്ഥാന ഭാരവാഹികളായ സ. കെ എൻ ഗോപിനാഥ്, സ. സി കെ മണിശങ്കർ, ഐഎൻടിയുസി ജില്ലാ പ്രസിഡന്റ് ശ്രീ കെ കെ ഇബ്രാഹിം കുട്ടി, വി പി ജോർജ്, ഫെഡറേഷൻ ദേശീയ ഭാരവാഹികളായ പ്രദീപ് മായേക്കർ, നോഗൻ ചൂട്ടിയ, സ. പാണ്ഡുരംഗ് ടിക്കാം എന്നിവർ സംസാരിച്ചു, സ. ബി ബാലഗോപാലൻ സ്വാഗതവും സ. എം ജി അജി നന്ദിയും രേഖപ്പെടുത്തി. തുടർന്ന് വൈകിട്ട് എറണാകുളം രാജേന്ദ്ര മൈതാനിയിൽ ബിപിസിഎൽ തൊഴിലാളികളും കുടുംബാംഗങ്ങളും ജില്ലയിലെ പൊതുമേഖലാ തൊഴിലാളി സംഘടനകൾ, ജില്ലാ യൂണിയൻ അംഗങ്ങൾ, നേതാക്കൾ, കരാർ തൊഴിലാളികൾ, സംഘടനാ നേതാക്കൾ എന്നിവർ പങ്കെടുത്ത വിപുലമായ പൊതുമേഖലാ സംരക്ഷണ സദസും അതിനു മുന്നോടിയായി ഉജ്വലമായ പ്രകടനവും നടന്നു.

പൊതുമേഖലാ സംരക്ഷണ സദസ് ശ്രീ ഉമ്മൻ ചാണ്ടി മുൻ കേരളാ മുഖ്യമന്ത്രി ഉത്ഘാടനം ചെയ്തു. സ. തപൻസെൻ, സ. എളമരം കരീം, സ. ദേവ്റോയ്, ശ്രീ ഹൈബിഈഡൻ എംപി, സ. കെ ചന്ദ്രൻപിള്ള, സ. സി കെ മണിശങ്കർ, സ. കെ എൻ ഗോപിനാഥ്, ശ്രീ പ്രദീപ് മായേക്കർ, ശ്രീ നോഗൻ ചൂട്ടിയ, അഡ്വ. ടി ബി മിനി, ശ്രീ ജോൺ ലൂക്കോസ്, ശ്രീ വി പി ജോർജ്, ശ്രീ തോമസ് കണ്ണടിയിൽ, സ. കെ വി മനോജ് എന്നിവർ സംസാരിച്ചു. ശ്രീ കെ കെ ഇബ്രാഹിം കുട്ടി അധ്യക്ഷത വഹിച്ചു. സ. എംജി അജി സ്വാഗതം ആശംസിച്ചു. ശ്രീ ജേക്കബ് സി മാത്യൂ നന്ദി രേഖപ്പെടുത്തി. ■



# സ്കൂൾ പാചക തൊഴിലാളി സെക്രട്ടറിയേറ്റ് മാർച്ചും ധർണയും



കേരള സംസ്ഥാന സ്കൂൾ പാചക തൊഴിലാളി ഫെഡറേഷന്റെ നേതൃത്വത്തിൽ പാചക തൊഴിലാളികൾ ഫെബ്രുവരി 15 ന് സെക്രട്ടറിയേറ്റ് മാർച്ചും ധർണയും നടത്തി. സംസ്ഥാനത്തിന്റെ എല്ലാ ഭാഗങ്ങളിൽ നിന്നുമായി തൊഴിലാളികൾ സമരത്തിന് എത്തിചേർന്നിരുന്നു. പാചക തൊഴിലാളികളുടെ ശമ്പളം എല്ലാ മാസവും 5-ാം തീയതിക്കു മുമ്പായി കൊടുത്തു തീർക്കുക, ജോലി ഭാരം കുറയ്ക്കുക, ക്ഷേമനിധിയും പെൻഷനും അനുവദിക്കുക തുടങ്ങിയ ആവശ്യങ്ങൾ സമരക്കാർ ഉന്നയിച്ചു.

പാളയം രക്തസാക്ഷി മണ്ഡപത്തിൽ നിന്നും ആരംഭിച്ച മാർച്ചിന് ഫെഡറേഷൻ പ്രസിഡന്റ് വി പി കുഞ്ഞികൃഷ്ണൻ, സെക്രട്ടറി കെ വി ദേവി തുടങ്ങിയവർ നേതൃത്വം നൽകി.
സെക്രട്ടറിയേറ്റിനു മുമ്പിൽ നടന്ന ധർണ സിഐടിയു സംസ്ഥാന സെക്രട്ടറി സ. കെ എസ് സുനിൽകുമാർ ഉത്ഘാടനം ചെയ്തു. നിർമാണ തൊഴിലാളി ഫെഡറേഷൻ നേതാവ് അരക്കൻ ബാലൻ, കെഎസ്ടിഎ സംസ്ഥാന സെക്രട്ടറി ഹരികൃഷ്ണൻ മാസ്റ്റർ, പുഷ്പലത, കെ ലീല,, എൻ സതീശൻ തുടങ്ങിയവർ അഭിവാദ്യം ചെയ്തു. സെക്രട്ടറി കെ വി ദേവി സ്വാഗതവും ഇന്ദിരാദേവി നന്ദിയും പറഞ്ഞു.

# ടെയ്‌ലറിംഗ് ആർടിസാൻസ് സ്കിൽഡ് വർക്കേഴ്സ് യൂണിയൻ സിഐടിയുവിൽ അഫിലിയേറ്റ് ചെയ്തു

തൊഴിലാളികളെ നിരന്തരം ചൂഷണം ചെയ്യുന്ന എഐടിയുസിയുടെ നിലപാടുകളിൽ പ്രതിഷേധിച്ച് മൂവായിരത്തിൽ അധികം മെമ്പർഷിപ്പുള്ള യൂണിയൻ ഐക്യകണ്ഠേന തീരുമാനപ്രകാരം എഐടിയുസി ബന്ധം ഉപേക്ഷിച്ച് സിഐടിയുവിൽ അഫിലിയേറ്റ് ചെയ്തു. വിഴിഞ്ഞം അർച്ചനാ ആഡിറ്റോറിയത്തിൽ വച്ചുകൂടിയ ജില്ലാ കൺവെൻഷൻ സിഐടിയു സംസ്ഥാന സെക്രട്ടറി കാട്ടാക്കട ശശി ഉത്ഘാടനം ചെയ്തു. സിഐടിയു സംസ്ഥാന കമ്മിറ്റി അംഗം പുല്ലുവിള സ്റ്റാൻലിയുടെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ സിഐടിയു ജില്ലാ ജോയിന്റ് സെക്രട്ടറി പി രാജേന്ദ്രകുമാർ, സിപിഐ(എം) കോവളം ഏര്യാ സെക്രട്ടറി അഡ്വ. പി എസ് ഹരികുമാർ, സിഐടിയു കോവളം ഏര്യാ സെക്രട്ടറി എ ജെ സുക്കാർണോ, പ്രസിഡന്റ് ഇ കെന്നഡി എന്നിവർ പങ്കെടുത്തു.

**ഭാരവാഹികൾ:** പുല്ലുവിള സ്റ്റാൻലി- പ്രസിഡന്റ്, മുട്ടക്കാട് ശശി - ജനറൽ സെക്രട്ടറി, എം അനസു - ട്രഷറർ

# കെഎസ്ആർടിഇഎ ജാഥാ പര്യടനം തുടങ്ങി

റോഡുകൾ സ്വകാര്യമേഖലക്ക് തീറെഴുതുന്ന കേന്ദ്ര നയത്തിനെതിരെ കെഎസ്ആർടി എംപ്ലോയീസ് അസോസിയേഷൻ സംഘടിപ്പിക്കുന്ന സംസ്ഥാന പ്രചരണ ജാഥ കോഴിക്കോട്ട് നിന്ന് പര്യടനം ആരംഭിച്ചു. അതിജീവനത്തിനായി അണിചേരുക എന്ന മുദ്രാവാക്യവുമായി ട്രാൻസ്പോർട് തൊഴിലാളികൾ മാർച്ച് നാലിന് നടത്തുന്ന രാജ് ഭവൻ മാർച്ചിന്റെ മുന്നോടിയായാണ് ജാഥ. അസോസിയേഷൻ ജനറൽ സെക്രട്ടറി സി കെ ഹരികൃഷ്ണനാണ് ജാഥ നയിക്കുന്നത്.







വഴിയോരം തൊഴിലാളികളുടെ സംസ്ഥാന വാഹന പ്രചരണ ജാഥാസമാപനം സിഐടിയു സംസ്ഥാന സെക്രട്ടറി സ: വി ശിവൻകുട്ടി ജാഥാ ക്യാപ്റ്റനെ സ്വീകരിച്ചതിന് ശേഷം തിരുവനന്തപുരം ഗാന്ധി പാർക്കിൽ ഉൽഘാടനം ചെയ്യുന്നു.